**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**അമ്പത്തിമൂന്നാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അമ്പത്തിമൂന്നാമത് റിപ്പോർട്ട്

[കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 2005-06 മുതൽ 2006-07 വരെ വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായും ബ്ലോക്ക് പഞ്ചായത്തുകളുമായും ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]

315/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 57 |
| അനുബന്ധം II : ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽ നിന്നുള്ള മറുപടി | .. | 70 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അമ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2005-06 മുതൽ 2006-07 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06, 2006-07 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായും ബ്ലോക്ക് പഞ്ചായത്തുകളുമായും ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

## ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പ്രിന്റിംഗ് പ്രസ്സ് സ്ഥാപന പദ്ധതിയിൽ ക്രമക്കേട്**
**[2000-01 ചെലവ് ഓഡിറ്റ് റിപ്പോർട്ട് ; ഭാഗം 2 ഖണ്ഡിക 2(12)]**

നൂറനാട് വില്ലേജ് സഹകരണ സംഘം ബ്ലോക്ക് പഞ്ചായത്ത് ധനസഹായത്തോടെ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിച്ചതിൽ ക്രമക്കേടുകൾ

10 ലക്ഷം അടങ്കൽ വരുന്ന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിപ്പണത്തിൽ നിന്നും 75,000 രൂപ നൽകിയിട്ടുണ്ട്. പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുവാൻ ഡി.എൽ.ഇ.സി. നിർദ്ദേശിച്ചിരുന്നുവെങ്കിലും അതിന് ശ്രമിക്കാതെ ബ്ലോക്കുതല വിദഗ്ധ സമിതിയുടെ സാങ്കേതികാനുമതിയോടെ പദ്ധതി നിർവ്വഹിച്ചത് ബോധപൂർവ്വമായ ക്രമക്കേടായി ഓഡിറ്റിൽ വിലയിരുത്തുന്നു. 28-3-2001-ൽ ഗുണഭോക്തൃ സമിതി കൺവീനർ കരാർ വയ്ക്കുകയും ബ്ലോക്ക് വിഹിതമായ 75,000 രൂപ നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 75,000 രൂപയുടെ അനുവാദ ഉത്തരവിൽ 29-3-2001-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ കൺവീനർക്ക് തുക നൽകുവാൻ തീരുമാനിച്ചതായി പറയുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സിൽ തീരുമാനം കാണുന്നില്ല. കൂടാതെ മെഷിനറി വാങ്ങിയതിന്റെ രേഖയില്ല. പദ്ധതി ക്രമക്കേടുകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.16.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പദ്ധതിയുടെ എസ്റ്റിമേറ്റിന് ജില്ലാതല വിദഗ്ധ സമിതിയുടെ സാങ്കേതികാനുമതി വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടും അതിന് ശ്രമിക്കാതെ ബ്ലോക്കുതല വിദഗ്ധ സമിതിയുടെ സാങ്കേതികാനുമതിയോടെ പദ്ധതി നിർവ്വഹിച്ചതിനും ഗുണഭോക്തൃ സമിതി കൺവീനർക്ക് 75,000 രൂപ നൽകുവാനുള്ള

അനുവാദ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം മിനിട്സിൽ രേഖപ്പെടുത്താത്തതിനും കാരണമെന്തെന്ന സമിതിയുടെ ചോദ്യത്തിന് ഡി.എൽ.ഇ.സി.യുടെ തീരുമാനം ലഭിക്കാൻ വൈകിയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നും കൺവീനർക്ക് 75,000 രൂപ നൽകുവാൻ പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനിച്ചുവെങ്കിലും ആയത് മിനിട്സിൽ രേഖപ്പെടുത്താൻ വിട്ടുപോയി എന്നാണ് അന്നത്തെ സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്നും ഭരണിക്കാവ് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

2. കമ്മിറ്റി തീരുമാനമെടുക്കാതെ തീരുമാനമെടുത്തതായി രേഖപ്പെടുത്തി കൺവീനർക്ക് തുക നൽകിയതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്നും പ്രസ്തുത തുക അനുവദിക്കാനുള്ള അധികാരം നൽകിയതാരാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 21-4-2001-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും 23-4-2001-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുമാണ് കൺവീനർക്ക് 75,000 രൂപ നൽകാനുള്ള തീരുമാനമെടുത്തതെന്നും ആയത് മിനിട്സിൽ രേഖപ്പെടുത്താതിരുന്നതാണെന്നും 29-3-2001-ലെ കമ്മിറ്റി തീരുമാനം മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഭരണിക്കാവ് ബി.ഡി.ഒ. വ്യക്തമാക്കി.

3. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദമില്ലാതെ തുക അനുവദിക്കാൻ യാതൊരു അവകാശവുമില്ലായെന്നിരിക്കെ കൺവീനർക്ക് തുക അനുവദിക്കുകയും ഇക്കാര്യം പിന്നീട് കമ്മിറ്റിയുടെ മിനിട്സിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, ഓഡിറ്റ് നടക്കുന്നതിന് മുൻപോ അതിനുശേഷമോ ഓഡിറ്റ് വിഭാഗം ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്നാരാഞ്ഞു. 27-3-2001-ൽ വകുപ്പ് തീരുമാനമെടുത്തിരുന്നുവെന്നും മാർച്ച് മാസത്തെ തിരക്കുകൾക്കിടയിൽ അക്കാര്യം അറിയിക്കാൻ വിട്ടുപോയതാണെന്നും പ്രസ്തുത തീരുമാനം 23-4-2001-ൽ കൂടി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയോഗം അംഗീകരിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നും ഭരണിക്കാവ് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

4. കരാർ വയ്ക്കുന്നതിന് മുൻപുതന്നെ മെഷിനറി സ്ഥാപിച്ച് പണികൾ പൂർത്തീകരിക്കുവാൻ അനുമതി നൽകിയതാരാണെന്നും ആയതിനെ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് നൽകാതിരുന്നതെന്തുകൊണ്ടാണെന്നും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ഡി.എൽ.ഇ.സി.യിൽ നിന്നും സാങ്കേതിക അനുമതി ലഭിക്കാതെയും കെട്ടിടനിർമ്മാണം നടത്തിയതിന്റെ കാരണമെന്തെന്നും സമിതി ആരാഞ്ഞതിന് ജില്ലാ പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സഹകരണ സംഘത്തിന്റെയും ഉൾപ്പെടെ 10 ലക്ഷം രൂപയുടെ പ്രോജക്ടാണ് നടപ്പിലാക്കിയതെന്നും ഡി.എൽ.ഇ.സി.യിൽ നിന്നും താൽക്കാലികാനുമതിയാണ് ലഭിച്ചിരുന്നതെന്നും ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

5. കമ്പ്യൂട്ടർ വാങ്ങിയതിന്റെ ക്യാഷ് ബില്ല്, സ്റ്റോക്ക് വിവരം എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല എന്ന് നിരീക്ഷിച്ച സമിതി അവ 15 ദിവസത്തിനകം ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്നും ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുകയും സമർപ്പിക്കാമെന്ന് ഭരണിക്കാവ് ബി.ഡി.ഒ. ഉറപ്പ് നൽകുകയും ചെയ്തു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാകുറിപ്പ് |
|---|---|
| 6. 29-5-2013-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി ആവശ്യപ്പെട്ട കമ്പ്യൂട്ടർ വാങ്ങിയതിന്റെ ക്യാഷ് ബില്ല്, സ്റ്റോക്ക് വിവരം എന്നിവ സംബന്ധിച്ച രേഖകൾ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ആലപ്പുഴയ്ക്ക് സമർപ്പിച്ചിട്ടുള്ളതായി ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. | കമ്പ്യൂട്ടർ വാങ്ങിയത് സംബന്ധിച്ച് മീഡിയാ ഗ്രാഫിക്സ്, കെ.പി. റോഡ്, അടൂർ എന്ന സ്ഥാപനത്തിന്റെ 95,750 രൂപയുടെ 1-6-2001-ലെ 61-ാം നമ്പർ ബില്ലിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് വിവരം സംബന്ധിച്ച നൂറനാട് വടക്ക് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 1781-ന്റെ 31-3-2011-ലെ സ്റ്റോക്ക് വെരിഫിക്കേഷൻ സ്റ്റേറ്റ്മെന്റിൽ മോണിറ്റർ, ലേസർജെറ്റ്, സ്കാൻജെറ്റ്, മലയാളം സോഫ്റ്റ്‌വെയർ, യു.പി.എസ്. എന്നിവ സ്റ്റോക്കിലുള്ളതായി രേഖപ്പെടുത്തൽ ഉണ്ട്. എന്നാൽ ഇവ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം വാങ്ങിയവയാണ് എന്ന് ഉറപ്പാക്കാനാവശ്യമായ രേഖപ്പെടുത്തൽ ലഭിച്ചിട്ടില്ല. ടി ബിൽ പ്രകാരം മോണിറ്ററിന് 32,500 രൂപയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആയത് 33,750 രൂപയും ആണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് വിവരവും അറിയിക്കുന്നു. |

## നിഗമനങ്ങൾ/ശിപാർശകൾ

**7. പദ്ധതിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതി ആവശ്യമായിരുന്നിട്ടും ആയത് വാങ്ങാതെ ബ്ലോക്കുതല വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതി മാത്രം നേടിയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് സമിതി മനസ്സിലാക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 75,000 രൂപ അനുവദിച്ചത് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണെന്ന് സർക്കാർ കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ആയത് മിനിട്സിൽ കാണാത്തത് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി അത്തരമൊരു**

**തീരുമാനം എടുത്തിരുന്നുവെന്ന വാദത്തെ ഖണ്ഡിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തേണ്ടതും ഓഡിറ്റിന് കൃത്യമായി ഹാജരാക്കേണ്ടതുമാണെന്ന് സമിതി നിഷ്കർഷിക്കുന്നു.**

**8. കമ്പ്യൂട്ടർ വാങ്ങിയതിന്റെ ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും അതു സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിൽ കമ്പ്യൂട്ടർ വാങ്ങിയത് സംബന്ധിച്ച് 95,750 രൂപയുടെ ബില്ലിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. നൂറനാട് എസ്.സി.ബി.യുടെ സ്റ്റോക്ക് വെരിഫിക്കേഷൻ സ്റ്റേറ്റ്മെന്റിൽ ആയത് സ്റ്റോക്കിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ ബിൽ പ്രകാരം വാങ്ങിയവയാണെന്ന് ഉറപ്പാക്കാനാവശ്യമായ രേഖപ്പെടുത്തലില്ല എന്നു സമിതി മനസ്സിലാക്കുന്നു. സർവ്വീസ് സഹകരണ ബാങ്കിന്റെ സ്റ്റോക്കിൽ ഉൾപ്പെടുത്തി യിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പദ്ധതി പ്രകാരം വാങ്ങിയത് തന്നെയാണോയെന്ന് വ്യക്തമാക്കി റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**രേഖയില്ല-24.50 ലക്ഷം രൂപയുടെ ചെലവ് സാധൂകരിച്ചില്ല**

2001-02-ൽ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച പദ്ധതി പണത്തിൽ നിന്നും വിവിധ ചെക്കുകളിൽ 24,51,721 രൂപ പിൻവലിച്ച് ചെലവ് നടത്തിയിട്ടുണ്ട്. ചെലവ് സംബന്ധമായ യാതൊരു വിശദാംശങ്ങളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.16.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് പറയുവാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് വിവിധ ഗ്രാമപഞ്ചായത്തുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.ക്ക് നൽകിയ 13,08,130 രൂപയും വിൽപ്പന നികുതിയിനത്തിൽ 60,954 രൂപയും ക്ഷേമനിധി അടയ്ക്കുന്നതിനുള്ള 28,854 രൂപയും 6 പഞ്ചായത്തുകളിൽ പൂരിതപോഷകാഹാരത്തിനായി നൽകിയ 8 ലക്ഷം രൂപയും കെ.എസ്.ഐ.ഡി.സി.ക്ക്

നൽകിയ 52,858 രൂപയും മാനേജ്മെന്റ് ട്രെയിനിംഗ് നടത്തുന്നതിനുള്ള 8,250 രൂപയും വനിതാ നിർമ്മാണ യൂണിറ്റിനായി സോഷ്യോ-ഇക്കണോമിക് യൂണിറ്റ് നൽകിയ 1,82,075 രൂപയും ബ്ലോക്ക് പഞ്ചായത്തിന് വെബ്സൈറ്റ് ലഭ്യമാക്കുവാൻ നൽകിയ 9,000 രൂപയും ഉൾപ്പെടെ 24,51,721 രൂപയാണ് കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കാത്തതുമൂലം തടസ്സപ്പെട്ടിരിക്കുന്നതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഈ ഖണ്ഡിക അടിമാലി ബ്ലോക്ക് പഞ്ചായത്ത് എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരുന്ന തെന്നും 25-5-2013-ൽ ലഭിച്ച കത്തിൽ നിന്നുമാണ് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതാണെന്ന വിവരം അറിഞ്ഞതെന്നും ആയതിനാൽ പ്രസ്തുത വിവരങ്ങൾ തയ്യാറാക്കിക്കൊണ്ടുവരുവാൻ കഴിഞ്ഞില്ലെന്നും ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് രേഖകൾ നൽകാമെന്നും ഭരണിക്കാവ് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

10. കൈവശമുള്ള രേഖകൾ ഹാജരാക്കുവാൻ ഒരു മാസം അനുവദിക്കുവാൻ സാധ്യമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി 15 ദിവസത്തിനകം ആയവ ഹാജരാക്കുന്ന തിനുള്ള പ്രയാസം എന്താണെന്ന് ആരാഞ്ഞു. രേഖകൾ ഹാജരാക്കാതിരുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ വീഴ്ചതന്നെയാണെന്നും 2001-ലെ ഫയൽ ആയതിനാൽ കെ.എസ്.ഇ.ബി.യിൽ നിന്നും രേഖകൾ ലഭിക്കാൻ താമസം നേരിടുമെന്നുള്ളതു കൊണ്ടാണ് ഒരു മാസത്തെ സമയം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതെന്ന് ഗ്രാമവികസന കമ്മീഷണറേറ്റ് എ.ഡി.സി. സമിതിയെ ബോധിപ്പിച്ചു.

11. കെ.എസ്.ഇ.ബി.യിൽ നിന്നും രേഖകൾ ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കത്ത് കൊടുത്തിരുന്നെന്നും ആയതിന്റെ പകർപ്പ് ഇപ്പോൾ ഇല്ലെന്നും ബി.ഡി.ഒ. അറിയിച്ചു.

12. സമിതി നിർദ്ദേശിച്ചതിൻ പ്രകാരം ഓഡിറ്റ് പരാമർശത്തിന് നിദാനമായ 24.51 ലക്ഷം രൂപ ചെലവ് ചെയ്തതിന്റെ രേഖകൾ ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ബി.ഡി.ഒ. സമിതിക്ക് ഉറപ്പുനൽകി.

സർക്കാർ മറുപടി ലഭ്യമാക്കിയില്ല. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

13. അംഗൻവാടി പോഷകാഹാര വിതരണത്തിനായി പാലമേൽ ഗ്രാമപഞ്ചായ ത്തിന് 1,38,160 രൂപയും മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിന് 1,43,040 രൂപയും നൂറനാട് ഗ്രാമപഞ്ചായത്തിന് 90,080 രൂപയും നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ബാക്കി 20,80,441 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്നും അറിയിക്കുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

14. 2005-06-ലെ സമാഹൃത റിപ്പോർട്ടിലെ ടി പരാമർശം അടിമാലി ബ്ലോക്ക് പഞ്ചായത്ത് എന്ന ശീർഷകത്തിലാണ് ഉൾപ്പെട്ടുത്തിയിരുന്നതെന്നും 25-5-2013-ൽ ലഭിച്ച കത്തിൽ നിന്നുമാണ് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന വിവരം അറിഞ്ഞതെന്നും അതിനാലാണ് രേഖകൾ ഹാജരാക്കാൻ കഴിയാതെ പോയതെന്നും തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു. ഒരു മാസത്തിനകം രേഖകൾ ഓഡിറ്റിന് ഹാജരാക്കാമെന്ന് ബി.ഡി.ഒ. സമിതിക്ക് ഉറപ്പ് നൽകിയെങ്കിലും 24.51 ലക്ഷം രൂപയുടെ രേഖകൾ സമർപ്പിക്കേണ്ട സ്ഥാനത്ത് കേവലം 3,71,280 രൂപയുടെ രേഖകൾ മാത്രമേ സമർപ്പിച്ചിട്ടുള്ളുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇതു സംബന്ധിച്ച് സർക്കാർ യാതൊരു മറുപടിയും നാളിതുവരെ സമർപ്പിച്ചിട്ടുമില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. സമിതിക്ക് മുമ്പാകെ ഉറപ്പ് നൽകിയതിനുശേഷം ആയത് പാലിക്കാത്ത ഉദ്യോഗസ്ഥനെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 20,80,441 രൂപയുടെ ചെലവ് രേഖകൾ കൂടി ഓഡിറ്റിന് ഹാജരാക്കുവാനും അവ ഹാജരാക്കാത്തപക്ഷം നഷ്ടത്തുകയും ഉത്തരവാദിത്വവും നിർണ്ണയിച്ച് ഉത്തരവാദികളിൽ നിന്ന് ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

## ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**സി.എഫ്. വിളക്ക് വാങ്ങിയതിൽ ക്രമക്കേടുകൾ**
**(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3)**

2001-02 ജനറൽ, പട്ടികജാതി വിഭാഗങ്ങളിലായി 1,70,000 രൂപയ്ക്ക് സി.എഫ്. വിളക്ക് വാങ്ങി വിതരണം ചെയ്യുന്നതിന് രണ്ട് പദ്ധതികൾ ആവിഷ്കരിച്ചു. ഇവയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചതിന്റെ രേഖകളില്ല. ഹരിപ്പാട് അനെർട്ടിൽ നിന്നും വിളക്കുകൾ വാങ്ങുവാനുള്ള പദ്ധതിനിർദ്ദേശത്തിന് വിരുദ്ധമായി പത്രപരസ്യം വഴി സ്വകാര്യസ്ഥാപനത്തിൽ നിന്നാണ് വിളക്കുകൾ വാങ്ങിയത്. വാങ്ങിയ വിളക്കുകളുടെ സ്റ്റോക്ക്, വിതരണവിവരങ്ങൾ ലഭ്യമല്ല. പരസ്യ ചെലവ് 1,925 രൂപയും വിളക്കുകളുടെ വില 2,01,780 രൂപയും ഉൾപ്പെടെ 2,03,705 രൂപ പദ്ധതികൾക്ക് ചെലവായിട്ടുണ്ട്.

1,70,000 രൂപ അടങ്കലുണ്ടായിരുന്നത് പുതുക്കി 2,01,780 രൂപ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിക്കുവാൻ പദ്ധതി ഭേദഗതി വരുത്തുവാൻ ഭരണാനുമതി/ഡി.പി.സി. അംഗീകാരം നൽകിയതായി രേഖകളില്ല. ചെലവഴിച്ച 2,03,705 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.17.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. 2,03,705 രൂപയുടെ സി.എഫ്. വിളക്ക് വാങ്ങി വിതരണം ചെയ്യുതിനും പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നൽകിയതിനും രേഖകളില്ലാത്തതിന്റെയും അനെർട്ടിൽ നിന്നും വാങ്ങാൻ തീരുമാനമെടുത്തശേഷം സ്വകാര്യ ഏജൻസിയിൽ നിന്നും വാങ്ങിയതിന്റെയും 1,70,000 രൂപ അടങ്കൽ ഉണ്ടായിരുന്ന പദ്ധതി 2,01,780 രൂപയ്ക്ക് സ്വകാര്യ ഏജൻസിക്ക് നൽകിയതിന്റെയും കാരണം സമിതി ആരാഞ്ഞു. 2001-02 സാമ്പത്തിക വർഷത്തിൽ 1,70,000 രൂപയുടെ സി.എഫ്. വിളക്കുകൾ ഗ്രാമപഞ്ചായത്തു കൾക്ക് നൽകുന്നതിന് വിഭാവനം ചെയ്തിരുന്ന പദ്ധതിക്ക് 70,000 രൂപ ജനറൽ പ്രൊവിഷനിലും 1 ലക്ഷം രൂപ എസ്.സി.പി.-യിലും ഉൾപ്പെടുത്തി വകയിരുത്തി യിട്ടുണ്ടെന്നും അനെർട്ടിൽ നിന്നും വാങ്ങാമെന്ന പദ്ധതിയിൽ പറഞ്ഞിരുന്നെന്നും അതിനാണ് ഡി.പി.സി. അംഗീകാരം നൽകിയിരുന്നതെന്നും എന്നാൽ സി.എഫ്. വിളക്കുകൾ ലഭ്യമല്ലെന്ന് 2002 മാർച്ച് 31-ന് അനെർട്ട് അറിയിച്ചതനുസരിച്ച് ക്വട്ടേഷൻ ക്ഷണിച്ചാണ് സ്വകാര്യ ഏജൻസിക്ക് ടെണ്ടർ നൽകിയതെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

16. സി.എഫ്. വിളക്കുകൾ ലഭ്യമല്ലെന്ന് അനെർട്ട് അറിയിച്ചതിന്റെ രേഖകൾ ഉണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് സമിതിയുടെ തീരുമാനമല്ലാതെ മറ്റ് രേഖകൾ ഒന്നുമില്ലെന്നും ഫോൺ മുഖേന അറിയിച്ചതനുസരിച്ചാണ് ബ്ലോക്ക് പഞ്ചായത്ത് സമിതി സ്വകാര്യ ഏജൻസിക്ക് കരാർ നൽകിയതെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. മറുപടി നൽകി.

17. അനെർട്ട് പോലുള്ള സർക്കാർ ഏജൻസിയിൽ നിന്ന് സി.എഫ്. വിളക്കുകൾ ലഭ്യമല്ലായിരുന്നുവെങ്കിൽ ആ വിവരത്തിന് രേഖാമൂലമുള്ള മറുപടി ലഭിക്കാതെ സി.എഫ്. വിളക്കുകളുടെ വിതരണ കരാർ സ്വകാര്യ ഏജൻസിക്ക് നൽകുവാൻ ബി.ഡി.ഒ.യ്ക്ക് അധികാരമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ബ്ലോക്ക് പഞ്ചായത്ത് സമിതിയുമായി ആലോചിച്ച ശേഷമാണ് പ്രസ്തുത തീരുമാനമെടുത്തതെന്ന് ചെങ്ങന്നൂർ ബി.ഡി.ഒ. മറുപടി നൽകി.

18. അനെർട്ടിൽ നിന്നും സി.എഫ്. വിളക്കുകൾ വിതരണം ചെയ്യുന്നതിന് നൽകിയ ഉത്തരവിന്റെ രേഖകളും വിശദാംശങ്ങളും ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ പ്രസ്തുത രേഖകൾ ചെങ്ങന്നൂർ ബി.ഡി.ഒ. ഓഡിറ്റിന് കൈമാറി. എന്നാൽ ഇതു സംബന്ധിച്ച് അനെർട്ടുമായി യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ലെന്ന് അദ്ദേഹം തുടർന്ന് അറിയിച്ചു.

19. സ്വകാര്യ ഏജൻസികളുമായി ഇടപാടുകൾ നടത്തുന്നതിനാണ് താൽപ്പര്യ മെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി പ്രസ്തുത തീരുമാനമെടുത്തവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാരാഞ്ഞപ്പോൾ ഇല്ലായെന്ന് ബി.ഡി.ഒ. മറുപടി നൽകി. ഓഡിറ്റ് പരാമർശം വന്ന പഞ്ചായത്തുകളുമായി പദ്ധതി നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്ത് നിർദ്ദേശം നൽകിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ള ഫയലിലുണ്ടെന്ന് ചെങ്ങന്നൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

20. പദ്ധതി മോണിറ്റർ ചെയ്തതിനോ വിനിയോഗവിവരം സംബന്ധിച്ചോ യാതൊരു രേഖകളും പഞ്ചായത്തുകളിൽ ലഭ്യമല്ലെന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് ബി.ഡി.ഒ. മറുപടി നൽകി.

21. അധിക ചെലവിന് ഡി.പി.സി.യുടെയോ സർക്കാരിന്റെയോ സാധൂകരണം ലഭിച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് ഡി.പി.സി.യുടെ സാധൂകരണത്തിന് സമർപ്പിച്ചിരുന്നുവെന്നും ആയത് ലഭിച്ചിട്ടുണ്ടോ എന്നറിയില്ലെന്നും സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടില്ലെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. അറിയിച്ചു.

22. ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 20% എസ്കലേറ്റ് ചെയ്യാൻ ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനമുണ്ടെങ്കിൽ ആയത് നടപ്പാക്കാമെന്ന് സർക്കാർ ഉത്തരവുണ്ടെന്ന് എ.ഡി.സി. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

23. ഡി.പി.സി.യുടെ അംഗീകാരമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനും അധിക ചെലവിനും സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാധൂകരണം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും സി.എഫ്.എൽ.കളുടെ വിനിയോഗം സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയതിന്റെയും ബന്ധപ്പെട്ട കമ്മിറ്റി തീരുമാനത്തിന്റെയും രേഖകളും ഒരു മാസത്തിനകം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

24. സർക്കാർ മറുപടി ലഭ്യമാക്കിയില്ല. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

സി.എഫ്. വിളക്കുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് വെണ്മണി, മുളക്കുഴ, തിരുവൻവണ്ടൂർ, പുലിയൂർ, പാണ്ടനാട്, ബുധനൂർ, ചെറിയനാട്, ആല എന്നീ 8 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്കിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. മാന്നാർ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിലുള്ള കത്ത് നൽകിയതിന്റെ രേഖ നൽകിയിട്ടില്ല. സി.എഫ്. വിളക്കുകൾ വിതരണം ചെയ്ത 9 ഗ്രാമപഞ്ചായത്തുകളിൽ ആല, ചെറിയനാട്, തിരുവൻവണ്ടൂർ, മാന്നാർ, മുളക്കുഴ എന്നീ പഞ്ചായത്തുകളിൽ സി.എഫ്. വിളക്കുകൾ സ്ഥാപിച്ചതിന്റെ രേഖയായി സെക്രട്ടറിമാർ സാക്ഷ്യപത്രം നൽകി. അതിൽ ആല ഗ്രാമപഞ്ചായത്ത് സാക്ഷ്യപത്രത്തിൽ സെക്രട്ടറി ഒപ്പുവച്ചിട്ടില്ല. മാന്നാർ ഗ്രാമപഞ്ചായത്തിന്റെ സാക്ഷ്യപത്രത്തിൽ, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സി.എഫ്.എൽ. കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. ബാക്കിയുള്ള 4 ഗ്രാമപഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കൂടാതെ ഒരു ഗ്രാമപഞ്ചായത്തിൽ നിന്നുപോലും കെ.എസ്.ഇ.ബി.യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും സി.എഫ്.എൽ. വിതരണം ചെയ്യുന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനവും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

ഡി.പി.സി.യുടെ അംഗീകാരമില്ലാതെ പദ്ധതി നടപ്പിലാക്കിയതിനും അധിക ചെലവിനും സർക്കാർ സാധൂകരണം ലഭിച്ചതിന്റെ രേഖകൾ ഹാജരായിട്ടില്ല എന്ന് അറിയിക്കുന്നു.

## നിഗമനങ്ങൾ/ശിപാർശകൾ

**25. പദ്ധതി ആസൂത്രണം ചെയ്യുമ്പോഴോ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി പദ്ധതിക്ക് അംഗീകാരം നൽകിയപ്പോഴോ ഭരണ സമിതി അംഗീകരിച്ച പദ്ധതി അടങ്കലിൽ വർദ്ധന വരുത്തി നടപ്പിലാക്കിയപ്പോഴോ ഡി.പി.സി.യുടെ അംഗീകാരം നേടിയിരുന്നില്ല എന്ന് മാത്രമല്ല നടപ്പിലാക്കിയതിനുശേഷവും പദ്ധതിക്ക് ഡി.പി.സി.യുടെയോ സർക്കാരിന്റെയോ സാധൂകരണവും ലഭ്യമാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ ഏജൻസിയായ അനെർട്ടിൽ നിന്നും സി.എഫ്. വിളക്കുകൾ വാങ്ങുവാൻ തീരുമാനമെടുത്ത തിനുശേഷം സ്വകാര്യ ഏജൻസിയിൽ നിന്നും ക്വട്ടേഷൻ മുഖേന വാങ്ങുന്നതിന് മുമ്പ് അനെർട്ടിന് സി.എഫ്. വിളക്കുകൾ വിതരണം ചെയ്യാൻ കഴിയില്ല എന്ന വിവരം രേഖാമൂലം നേടുവാൻ ബ്ലോക്ക് പഞ്ചായത്തിനായിട്ടില്ല. സ്വകാര്യ**

**ഏജൻസിക്ക് ക്വട്ടേഷൻ നൽകുക എന്ന ഗുരുതരമായ വീഴ്ചയിലേക്ക് ഈ പദ്ധതി വിരൽ ചൂണ്ടുന്നതായി സമിതി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് സമിതി യോഗം ആവശ്യപ്പെട്ട വിവരങ്ങൾക്ക് സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കിയതായി പറയപ്പെടുന്ന 9 ഗ്രാമപഞ്ചായത്തുകളിൽ 5 ഗ്രാമപഞ്ചായത്തുകൾ ചില അപാകതകളോടെയാണെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായും മറ്റു നാല് ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല എന്നും ബോധ്യമാകുന്നു. കൂടാതെ, അംഗീകാരം നൽകിയ കമ്മിറ്റി തീരുമാനം, സർക്കാർ സാധൂകരണം എന്നിവ സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ, പദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന്റെയും ഡി.പി.സി. അംഗീകാരം കൂടാതെ പദ്ധതി നടപ്പിലാക്കിയതിനും സ്വകാര്യ ഏജൻസിയിൽ നിന്നും സി.എഫ്. വിളക്കുകൾ വാങ്ങാനുള്ള കമ്മിറ്റി തീരുമാനത്തിനും സർക്കാർ സാധൂകരണം നൽകിയതിന്റെയും രേഖകളുടെ പകർപ്പുകൾ അടിയന്തരമായി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**മിനി വ്യവസായ എസ്റ്റേറ്റ് പൂർത്തീകരിച്ചില്ല; 10 ലക്ഷം പ്രയോജനരഹിതം [2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(8)]**

1999-2000-ലെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ബുധനൂർ, ചെറിയനാട്, മുളക്കുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുവാനും തൊഴിൽ സംരംഭകരായ യുവാക്കൾക്ക് വാടകയ്ക്ക് നൽകി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുവാനും വിഭാവനം ചെയ്തിരുന്നു. മൂന്ന് മിനി വ്യവസായ എസ്റ്റേറ്റുകൾക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിന് ഉൾപ്പെടുത്തിയിരുന്ന തുക കൂടി കെട്ടിടനിർമ്മാണത്തിനായി ഉപയോഗിച്ചു. വ്യതിയാനത്തിന് എസ്റ്റിമേറ്റ് പരിഷ്കരിക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയാക്കിയശേഷം തുടർവർഷത്തിൽ ആകെ ചെലവിന്റെ 10%-ൽ താഴെ മാത്രം വേണ്ടിവരുന്ന വൈദ്യുതീകരണത്തിന് തുക കണ്ടെത്തി പദ്ധതി പൂർത്തീകരിക്കാൻ ശ്രമം നടത്തിയിട്ടില്ല. തത്ഫലമായി 3 വ്യവസായ എസ്റ്റേറ്റുകൾക്ക് ചെലവ് ചെയ്ത ഏകദേശം 10 ലക്ഷം രൂപ പ്രയോജനരഹിതമായി. പുറമെ നിർമ്മാണപ്രവർത്തനങ്ങളിൽ ആവശ്യമായ അളവിൽ സിമന്റ് വിനിയോഗിക്കാതെ

പൂർണ്ണമായ അളവിൽ സിമന്റ് ഉപയോഗിക്കുമ്പോൾ അനുവദിക്കുന്ന നിരക്ക് അനുവദിക്കുകയും പ്രാദേശിക നിരക്ക് ക്രമീകരണത്തിന് സർക്കാർ അനുവദിക്കുന്നതിലും അധികം തുക അനുവദിക്കുകയും ചെയ്തതിനാൽ നഷ്ടം ഉണ്ടായിട്ടുണ്ട്. പദ്ധതി തുക ചെലവു ചെയ്തിട്ട് നാലുവർഷത്തോളമായിട്ടും ലക്ഷ്യം കൈവരിക്കാൻ കഴിയാത്തത് ബ്ലോക്ക് പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. മൂന്ന് വ്യവസായ എസ്റ്റേറ്റുകൾക്കും അടിയന്തരമായ വൈദ്യുതി നൽകി യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.17.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി നാല് മുറികളുള്ള മൂന്ന് മിനി വ്യവസായ എസ്റ്റേറ്റുകളാണ് ഉദ്ഘാടനം ചെയ്തതെന്നും കുടിവെള്ളത്തിനും വൈദ്യുതി കണക്ഷൻ നൽകുന്നതിനും കൂടിയാണ് എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യവസായ സംരംഭകർക്ക് നിലവിലുള്ള എസ്റ്റിമേറ്റ് അനുസരിച്ചുള്ള മുറികൾ അപര്യാപ്തമായതുകൊണ്ട് പ്രസ്തുത മുറികൾ വലിപ്പം കൂട്ടുന്നതിന് മറ്റ് രണ്ട് പദ്ധതികൾക്കുണ്ടായിരുന്ന വിഹിതം കറച്ചുകൊണ്ട് ആ തുക കൂടി ചേർത്ത് മൂന്ന് വ്യവസായ എസ്റ്റേറ്റുകളാണ് പണി പൂർത്തിയാക്കിയതെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

27. പദ്ധതി പൂർത്തീകരിച്ചോ എന്നും മൂന്ന് വ്യവസായ യൂണിറ്റുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും സമിതി ആരാഞ്ഞതിന്, പദ്ധതി പൂർത്തീകരിച്ചെന്നും ബുധനൂർ ഗ്രാമപഞ്ചായത്തിലുള്ള ഒരു കെട്ടിടത്തിലെ 2 മുറികൾ കുടുംബശ്രീ യൂണിറ്റുകളായും ഒരു മുറി അംഗൻവാടിയായും പ്രവർത്തിച്ചുവരുന്നതായി നേരിട്ട് നടത്തിയ അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞെന്നും ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

28. മിനി വ്യവസായ യൂണിറ്റിന് വിവിധ വ്യവസായങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്തിന് ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് കുടുംബശ്രീ യൂണിറ്റുകളായതുകൊണ്ട് പഞ്ചായത്തിന്റെ ലൈസൻസ് വേണ്ടായിരുന്നെന്നും പഞ്ചായത്തിനുകീഴിൽ വരുന്ന കുടുംബശ്രീകളുടെ തൊഴിൽ സംരംഭ പദ്ധതിയാണിതെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. മറുപടി നൽകി.

29. യുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള അംഗീകൃത പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി മാറ്റിയതാരാണെന്ന സമിതിയുടെ ചോദ്യത്തിന് ഈ തീരുമാനം ഗ്രാമപഞ്ചായത്താണ് കൈക്കൊണ്ടതെന്നും വ്യവസായ യൂണിറ്റുകൾ മാത്രമേ ആരംഭിക്കാവൂ എന്ന എഗ്രിമെന്റ് വച്ചിട്ടാണ് മിനി വ്യവസായ എസ്റ്റേറ്റ് പഞ്ചായത്തിന് കൈമാറിയതെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

30. ചെറിയനാട്, മുളക്കുഴ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്നതിന്റെ കാരണമെന്താണെന്നും ബ്ലോക്ക് പഞ്ചായത്ത് പദ്ധതി മോണിറ്റർ ചെയ്യാതിരുന്നതെന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് സംരംഭകർ ഇല്ലാതിരുന്നതിനാലാണ് വ്യവസായ യൂണിറ്റ് നടത്താൻ കഴിയാതിരുന്നതെന്നും വ്യവസായ യൂണിറ്റുകളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പ്പെട്ടതാണെങ്കിലും സമയബന്ധിതമായി മോണിറ്റർ ചെയ്തിരുന്നില്ലെന്നും ചെങ്ങന്നൂർ ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

31. 10 ലക്ഷത്തിലധികം രൂപ ചെലവഴിച്ച പ്രസ്തുത വ്യവസായ എസ്റ്റേറ്റ് പദ്ധതി ലക്ഷ്യം പൂർണ്ണമായി കൈവരിച്ചിട്ടില്ലെന്ന വസ്തുത പഠനവിധേയമാക്കിയിട്ടില്ലെന്നും നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും മറുപടികളിൽ നിന്നും സമിതി മനസ്സിലാക്കി.

32. പദ്ധതി പരാജയപ്പെടുവാനിടയായതിന്റെ കാരണം, ബുധനൂർ ഗ്രാമപഞ്ചായത്തിലെ മിനി വ്യവസായ യൂണിറ്റിലെ വിവിധ സംരംഭങ്ങളുടെ വിശദാംശങ്ങൾ, ചെറിയനാട്, മുളക്കുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും നിർമ്മാണപ്രവർത്തനങ്ങളിൽ നിശ്ചിത അളവിൽ സിമന്റ് ഉപയോഗിക്കാതിരുന്നിട്ടും പൂർണ്ണമായ നിരക്ക് അനുവദിക്കുകയും പ്രാദേശിക നിരക്ക് ക്രമീകരണത്തിന് സർക്കാർ അനുവദിക്കുന്നതിലും അധിക നിരക്ക് അനുവദിക്കുകയും ചെയ്തതിലൂടെയുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി നൽകിയിട്ടില്ല. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

33. ബുധനൂർ ഗ്രാമപഞ്ചായത്ത് വ്യവസായ ഷെഡ്ഡിന്റെ 3 മുറികളിൽ രണ്ടെണ്ണത്തിൽ കുടുംബശ്രീ നേതൃത്വത്തിലുള്ള ഉൽപ്പന്ന വിപണന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒരു മുറി അംഗൻവാടി (നമ്പർ 30)-ക്കായി താൽക്കാലികമായി തുറന്നുനൽകിയതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

34. ചെറിയനാട് ഗ്രാമപഞ്ചായത്ത് വ്യവസായ ഷെഡ്ഡുകളിൽ കുടുംബശ്രീ എസ്സ്.എച്ച്.ജി.കളുടെ വിവിധ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നതായും വ്യവസായ ഷെഡ്ഡിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റി ആരംഭിക്കുകയും ചെയ്തതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2012-13 വർഷം 50 ലക്ഷം രൂപയുടെ പ്ലാസ്റ്റിക് റീ-സൈക്ലിംഗ് പ്ലാന്റിന് ബ്ലോക്ക് പഞ്ചായത്ത് അംഗീകാരം ലഭ്യമാക്കുകയും ചെയ്തതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു.

35. മുളക്കുഴ പഞ്ചായത്തിൽ ആരംഭിച്ച മിനി വ്യവസായ യൂണിറ്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും അറിയിക്കുന്നു.

36. അധിക നിരക്ക് അനുവദിച്ചതിലൂടെ ഉണ്ടായ നഷ്ടം ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായിട്ടുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്നും അറിയിച്ചുകൊള്ളുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

37. **യുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 1999-2000-ൽ വിഭാവനം ചെയ്ത പദ്ധതി കെട്ടിടനിർമ്മാണം പൂർത്തിയായ ശേഷം അതത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും അവ വ്യവസായ സംരംഭകർക്ക് നൽകുന്നതിനോ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ സാധിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എസ്റ്റിമേറ്റ് പരിഷ്കരിച്ച് വൈദ്യുതീകരണത്തിന് ഉൾപ്പെടുത്തിയിരുന്ന തുകകൂടി കെട്ടിടനിർമ്മാണത്തിന് മാറ്റിയതിനും മതിയായ അംഗീകാരം നേടിയിട്ടില്ല. പത്ത് ലക്ഷം രൂപ ചെലവഴിച്ച് ആരംഭിച്ച വ്യവസായ എസ്റ്റേറ്റ് പദ്ധതി, ലക്ഷ്യം കൈവരിക്കാത്തത് പദ്ധതി വിഭാവനം ചെയ്ത ബ്ലോക്ക് പഞ്ചായത്തിന്റെയും നടത്തിപ്പ് കൈമാറിക്കിട്ടിയ ഗ്രാമപഞ്ചായത്തിന്റെയും വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽനിന്ന് യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൻ പ്രകാരം ഓഡിറ്റിൽ ഉന്നയിച്ച അപാകത തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. വിഭാവനം ചെയ്ത പദ്ധതിക്ക് കെട്ടിടം ഉപയുക്തമാക്കാൻ**

**കഴിഞ്ഞില്ലെങ്കിലും കുടുംബശ്രീ യൂണിറ്റുകളുടെയും അംഗൻവാടിയുടെയും പ്രവർത്തനത്തിന് അവ ഉപയോഗിക്കുന്നത് മുൻനിർത്തി ബുധന്യരുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ചെറിയനാട് ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുടെ വിവിധ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതായും ജല അതോറിറ്റിയുടെ പദ്ധതി നടപ്പിലാക്കാൻ പോകുന്നതും പരിഗണിച്ച് ടി തടസ്സവും നീക്കുവാനും മുളക്കുഴയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

**കോൺട്രാക്ടർക്ക് ഫൈനൽ പേയ്മെന്റിനു ശേഷവും പണം നൽകി**

**ഓഡിറ്റ് റിപ്പോർട്ട് 2003-04; ഖണ്ഡിക 2.13**

2003-04-ലെ കേരള വികസന പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ തെക്കേക്കര പഞ്ചായത്തിലെ പള്ളിക്കൽ കിഴക്ക് കിണർവിളമുക്ക മുതൽ പറ്റൂർമുക്കുവരെയുള്ള റോഡ് ടാറിങ് എന്ന പ്രവൃത്തിയുടെ ആകെ മൂല്യമായ 1,90,531 രൂപയിൽ നിന്നും നിയമാനുസൃത കിഴിവുകൾക്കുശേഷം 1,80,814 രൂപ 30-3-2014-ൽ 0098536-ാം നമ്പർ ചെക്ക് പ്രകാരം കോൺട്രാക്ടർക്ക് നൽകി. 31-3-2004-ലെ 0098552-ാം നമ്പർ ചെക്ക് പ്രകാരം 56,042 രൂപ കൂടി ടിയാന് നൽകാനായി പിൻവലിച്ചു. ഈ ചെലവിനാധാരമായി യാതൊരു രേഖയും ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല. തൻവർഷം പള്ളിക്കൽ കിഴക്ക് കിണർവിള മുതൽ പറ്റൂർമുക്ക് വരെയുള്ള റോഡ് ഒറ്റ റീച്ച് ആയി ടാർ ചെയ്യുന്നതിനു മാത്രമാണ് പദ്ധതി വിഭാവനം ചെയ്തതും നടപ്പാക്കിയതും. ഒരേ പ്രവൃത്തിയുടെ പേരിൽ കോൺട്രാക്ടർക്ക് ഫൈനൽ പേയ്മെന്റിനുശേഷം വീണ്ടും 56,042 രൂപ നൽകിയത് അപാകതയായി കണക്കാക്കി ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ട് അനധികൃതമായി പിൻവലിച്ചതിന് ഉചിതമായ നടപടിയും ടിയാൾക്കെതിരെ സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.26.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2003-04-ലെ കേരള വികസന പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ തെക്കേക്കര പഞ്ചായത്തിലെ പള്ളിക്കൽ കിഴക്ക് കിണറുവിള മുക്കുമുതൽ പറൂർ മുക്കുവരെയുള്ള റോഡ് ടാറിംഗ് പ്രവൃത്തിക്കായുള്ള 1,90,531 രൂപയിൽ നിന്നും നിയമാനുസൃതമായുള്ള കിഴിവുകൾക്കുശേഷം 1,80,814 രൂപ കോൺട്രാക്ടർക്ക് നൽകിയശേഷം ഇതേ ആവശ്യത്തിനായി അധികമായി 56,042 രൂപയും നൽകിയിട്ടുണ്ടെന്ന് മാവേലിക്കര ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

39. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എത്ര രൂപയുടെതായിരുന്നുവെന്നും അധികമായി 56,042 രൂപ നൽകാനുള്ള കാരണമെന്താണെന്നും മറ്റെന്തെങ്കിലും പ്രവൃത്തി ചെയ്തതായി രേഖയുണ്ടോ എന്നും സമിതി ആരാഞ്ഞതിന് എസ്റ്റിമേറ്റ് തുക 1,90,531 രൂപയാണെന്നും മറ്റെന്തെങ്കിലും ജോലി ചെയ്തതായി രേഖയില്ലെന്നും മാവേലിക്കര ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

40. ഓഡിറ്റ് പരാമർശത്തിന് വിധേയനായ സെക്രട്ടറി സർവ്വീസ് കാലയളവിൽ നാലഞ്ച് പ്രാവശ്യം സസ്പെൻഷനിലായിട്ടുണ്ടെന്നും നിലവിൽ സസ്പെൻഷനിലാണെന്നും എ.ഡി.സി. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. മാനന്തവാടി ബ്ലോക്ക് പ്രോഗ്രാം ഓഫീസറായിരിക്കെ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗിനോട് അപമര്യാദയായി പെരുമാറിയതിന് ടിയാൻ ഇപ്പോൾ സസ്പെൻഷനിലാണെന്ന് മാവേലിക്കര ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

41. ടിയാനിൽ നിന്നും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള തുക ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും പ്രസ്തുത സംഭവം നടന്നതെന്നാണെന്നും സമിതി ആരാഞ്ഞതിന് 2003-04-ൽ നടപ്പാക്കിയ പദ്ധതിയിന്മേൽ 2006-07-ലാണ് ഓഡിറ്റ് പരാമർശം വന്നതെന്നും ടിയാനെതിരെ കർശന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്നും ഇതിനായി നോട്ടീസ് അയച്ചിട്ടുണ്ടെന്നും എ.ഡി.സി. സമിതിയെ ബോധ്യപ്പെടുത്തി. ഉത്തരവാദിയായ മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഓഡിറ്റിൽ പരാമർശിച്ച 56,042 രൂപ ഈടാക്കുന്നതിനുള്ള നടപടിയും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ തലത്തിലുള്ള നടപടിയും സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-3-2015-ന് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനാ കുറിപ്പ് |
|---|---|
| 42. ടി ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. എ. സുരേഷ്കുമാർ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച അവസരത്തിലും ഇപ്പോഴും സസ്പെൻഷനിലാണ്. ടി ഓഡിറ്റ് റിപ്പോർട്ടുകൾ നിരവധി തവണ ടിയാന് രജിസ്റ്റേർഡ് കത്തു മുഖേനയും അല്ലാതെയും നൽകിയിട്ടുണ്ടെങ്കിലും യാതൊരുവിധ മറുപടിയും ലഭിച്ചിട്ടില്ല. ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറോട് അപേക്ഷിച്ചതിന്റെ ഫലമായി മാവേലിക്കര തഹസിൽദാർ ടിയാന് ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും മാവേലിക്കരയിലെ അദ്ദേഹത്തിന്റെ മേൽവിലാസത്തിൽ താമസമില്ലാത്തതിനാലും ടിയാനെക്കുറിച്ച് ബന്ധുക്കൾക്ക് അറിവില്ലാത്തതിനാലും ഡിമാന്റ് നോട്ടീസ് മടങ്ങിയെന്നും ടിയാന്റെ പേരിലുള്ള 2.5 സെന്റ് സ്ഥലം ജപ്തി ചെയ്ത് ലേലം നടത്തി തുക ഈടാക്കുവാൻ നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും മാവേലിക്കര തഹസിൽദാർ അറിയിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. ടി വിഷയത്തിൽ ഉദ്യോഗസ്ഥതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉണ്ടായ കാലതാമസം ബോധപൂർവ്വം അല്ലാത്തതിനാൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. | നഷ്ടോത്തരവാദിയായ സെക്രട്ടറി ശ്രീ. എ. സുരേഷ്കുമാർ സസ്പെൻഷനിലായതിനാൽ, റിപ്പോർട്ടിൽ ഉൾപ്പെട്ട 56,042 രൂപ ടിയാന്റെ ഉപജീവന ബത്തയിൽ നിന്നും ഈടാക്കിയിട്ടില്ല. റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കുവാൻ നടപടി ആരംഭിച്ചുവെങ്കിലും ടിയാൻ കൈപ്പറ്റാത്തതിനാൽ ഡിമാന്റ് നോട്ടീസ് മടങ്ങിവന്നു. തുടർന്ന് ടിയാന്റെ പേരിലുള്ള 2½ സെന്റ് സ്ഥലം ജപ്തി ചെയ്ത് ലേലം നടത്തി തുക ഈടാക്കുവാൻ മാവേലിക്കര തഹസിൽദാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു. |

**നിഗമനങ്ങൾ/ശിപാർശകൾ**

43. **2003-04-ലെ കേരള വികസന പദ്ധതിപ്രകാരം തെക്കേക്കര പഞ്ചായത്തിലെ പള്ളിക്കൽ കിഴക്ക് കിണറുവിള മുക്കുമുതൽ പറുർ മുക്കുവരെയുള്ള റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്ക് കോൺട്രാക്ടർക്ക് ഫൈനൽ പേയ്മെന്റിനുശേഷവും 56,042 രൂപ നല്കിയതായി സമിതി നിരീക്ഷിക്കുന്നു.**

നിയമാനസൃതമല്ലാതെ ചെലവഴിച്ച തുകയ്ക്ക് യാതൊരു രേഖയും ഹാജരാക്കാൻ ബ്ലോക്ക് പഞ്ചായത്തിനായില്ല എന്നത് ഓഡിറ്റ് ഉന്നയിച്ച തടസ്സവാദത്തിന് ശക്തി പകരുന്നു. ഓഡിറ്റ് നിരാകരിച്ച തുക അധികമായി നൽകിയിട്ടുണ്ടെന്നും പരാമർശവിധേയനായ സെക്രട്ടറി സർവ്വീസ് കാലയളവിൽ നിരവധി തവണ സസ്പെൻഷനിലായിരുന്നെന്നും തെളിവെടുപ്പ് വേളയിൽ മാവേലിക്കര ബി.ഡി.ഒ. വ്യക്തമാക്കുകയുണ്ടായി. നിലവിൽ സസ്പെൻഷനിലുള്ള ടി സെക്രട്ടറിയിൽ നിന്നും 56,042 രൂപ ഈടാക്കുവാനുള്ള ആർ.ആർ. നടപടി ആരംഭിച്ചുവെങ്കിലും ഡിമാന്റ് നോട്ടീസ് കൈപ്പറ്റാതെ മടങ്ങിവന്നതിനാൽ ടിയാളുടെ പേരിലുള്ള 2½ സെന്റ് സ്ഥലം ജപ്തി ചെയ്ത് ലേലം നടത്തി തുക ഈടാക്കുവാൻ തഹസിൽദാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ലേലനടപടി എത്രയുംവേഗം പൂർത്തിയാക്കി തുക ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. 2003-04-ൽ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേടിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാനും സമിതി ശിപാർശ ചെയ്യുന്നു.

## പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**പട്ടികവിഭാഗത്തിന് ഭൂമി വാങ്ങൽ പദ്ധതി—രേഖകൾ ഹാജരാക്കിയില്ല [1999-2000 ചെലവ് ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2 (29)]**

1999-2000-ൽ പദ്ധതി തുകയിൽ നിന്നും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിന് 15,000 രൂപ വീതം 11 പേർക്ക് 1,65,000 രൂപ നൽകിയിട്ടുണ്ട്. പണം കൈപ്പറ്റിയവർ ആരും ഭൂമി വാങ്ങിയതിന്റെ പ്രമാണമോ കൈവശാവകാശ സർട്ടിഫിക്കറ്റുകളോ നൽകിയതായി രേഖകളില്ല. വാങ്ങലുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ഓഫീസിൽ ഇല്ലെന്നും ഇവയൊന്നുംതന്നെ മുൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ഏൽപ്പിച്ചിട്ടില്ലായെന്നും ഇപ്പോഴത്തെ നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുകയുടെ വിനിയോഗം/വിതരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.18.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള, പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതിക്കായി ഭൂമി വാങ്ങുകയും ഭൗതിക ലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**45. പട്ടികവിഭാഗം ഗുണഭോക്താക്കൾ എല്ലാവരും വാസയോഗ്യമായ ഭൂമി വാങ്ങുകയും ഭൗതികലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഹരിപ്പാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഇറച്ചിസ്റ്റാൾ ലേലം—ലേലവ്യവസ്ഥകൾ പാലിച്ചില്ല**
**[2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(1)]**

27-3-2002-ൽ നടത്തിയ ലേലത്തിൽ പഞ്ചായത്ത് സ്റ്റാളിൽവെച്ച് അംഗീകൃത കശാപ്പുശാലയിൽ നിന്നും കശാപ്പു ചെയ്തുകൊണ്ടുവരുന്ന ഇറച്ചിവിൽപ്പന 2002-03-ൽ നടത്താനുള്ള അവകാശം 80,100 രൂപയ്ക്ക് ഉറപ്പിച്ചു. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധ കരാർ ബാദ്ധ്യതകളോ നികുതി ബാദ്ധ്യതകളോ ഉണ്ടാകുവാൻ പാടില്ല എന്ന നിബന്ധനയ്ക്ക് വിരുദ്ധമായാണ് കരാറുകാരന്റെ പേരിൽ ലേലം ഉറപ്പിച്ചത്. ഇയാൾ 2001-02-ലെ ലേലം കുടിശ്ശിക വരുത്തിയിരുന്നു. ലേലത്തുകയിൽ 47,948 രൂപ മാത്രമാണ് തൻവർഷം ഒടുക്കിയിട്ടുള്ളത്. ബാക്കി 32,152 രൂപ ഈടാക്കുവാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.19.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. ലേല നിബന്ധനകൾക്ക് വിരുദ്ധമായി 2001-02-ൽ ലേല കുടിശ്ശിക നിലനിൽക്കുന്ന വ്യക്തിക്കുതന്നെ 2002-03-ലും ലേലം ഉറപ്പിച്ചുനൽകിയതിനുള്ള കാരണമെന്തെന്നും ഉത്തരവാദി ആരാണെന്നും സമിതി ആരാഞ്ഞതിന്, അന്നത്തെ സെക്രട്ടറിയാണ് ആയതിന് ഉത്തരവാദിയെന്നും അദ്ദേഹം സർവ്വീസിൽനിന്ന് വിരമിച്ചുവെന്നും ഹരിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

47. ലേല നിബന്ധനകളിൽ ലേലത്തിൽ പങ്കെടുക്കുന്ന ആൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും 10,000 രൂപയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അല്ലാത്തപക്ഷം ലേലത്തുക മുഴുവനായി ഒടുക്കുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരിക്കെ, ആയതിനു വിരുദ്ധമായി തുക പൂർണ്ണമായും ഒടുക്കുവരുത്തുകയോ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യാതെ ലേലം ഉറപ്പിച്ചു നൽകുവാനുണ്ടായ കാരണമെന്താണെന്നും വ്യക്തമായ നിബന്ധനകളും വ്യവസ്ഥകളും നിലവിലിരിക്കെ ആയത് പാലിക്കാതെ ലേലം ഉറപ്പിച്ചുനൽകാൻ അധികാരമുണ്ടോ എന്നും ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി എന്താണെന്നും സമിതി ആരാഞ്ഞു. 2002-03-ലാണ് പ്രസ്തുത ക്രമക്കേട് നടന്നതെന്നും ആയതിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചത് 2005-ലാണെന്നും ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെന്നും അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും ഹരിപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

48. ആർ.ആർ. നടപടികളുടെ വിശദാംശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 31-10-2007-ൽ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചെന്നും പ്രസ്തുത പ്രൊപ്പോസൽ ആർ.ആർ. നടപടിക്കായി 25-3-2009-ൽ കാർത്തികപ്പള്ളി തഹസിൽദാരെ ഏൽപ്പിച്ചുവെന്നും 32,152 രൂപയാണ് ഈടാക്കാനുള്ളതെന്നും ഹരിപ്പാട് സെക്രട്ടറി അറിയിച്ചു. പ്രസ്തുത തുകയിൽ 24,937 രൂപ ഈടാക്കി കഴിഞ്ഞതായും 8,215 രൂപ മാത്രമേ തിരിച്ചുപിടിക്കാനുള്ളുവെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

49. ആരോപണവിധേയനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസ് തീർപ്പാക്കുവാൻ അടിയന്തരമായി നടപടി സ്വീകരിച്ച് ആയതിന്റെ റിപ്പോർട്ട് നൽകുവാൻ നിർദ്ദേശിച്ചു.

50. സമിതി നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ് |
|---|---|
| 1 | 2 |
| ആർ.ആർ. നടപടിക്കെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) 6973/09 നമ്പർ കേസ് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തിരുവനന്തപുരത്തേക്ക് മാറ്റിയതായി | ലേല ബാദ്ധ്യത 32,152 രൂപ ഉൾപ്പെടെ 33,512 രൂപ സെക്രട്ടറിയുടെ ബാദ്ധ്യതയായി ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിശ്ചയിച്ചിരുന്നു. 31-10-2007-ലെ 4(2)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം റവന്യൂ റിക്കവറി |

| 1 | 2 |
|---|---|
| ഹൈക്കോടതിയിലെ ഗ്രാമപഞ്ചായത്ത് അഡ്വക്കേറ്റ് ശ്രീ. വി. സജിത്ത് കുമാർ 9-2-2013-ൽ അറിയിച്ചിട്ടുണ്ട്. കേസ് നമ്പർ 7240/12-ന്റെ തുടർനടത്തിപ്പിനായി 10-2-2014 തീയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ തിരുവനന്തപുരത്ത് അഡ്വക്കേറ്റിനെ ഏർപ്പാടാക്കാൻ തീരുമാനിക്കുകയും 25-4-2014-ന് അഡ്വക്കേറ്റിന് വക്കാലത്ത് നൽകുകയും ചെയ്തിട്ടുണ്ട്. | സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇയാളിൽ നിന്നും 24,937 രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് (രസീത് നമ്പർ 38873/92 തീയതി 31-3-2009). പിന്നീട് ആർ.ആർ. നടപടിക്കെതിരെ ശ്രീ. ജി. സോമൻ, സെക്രട്ടറി, ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും തുടർന്ന് കേസ് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരത്തേക്ക് മാറ്റിയിട്ടുള്ളതായും അഡ്വ. സജിത്കുമാർ വി., ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. 10-2-2014-ലെ കമ്മിറ്റി തീരുമാനം നമ്പർ 270(എ) പ്രകാരം ഈ കേസിനായി അഡ്വക്കേറ്റിനെ നിയോഗിക്കുന്നതിന് 2-5-2014-ൽ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 467109-ാം നമ്പർ ചെക്ക് പ്രകാരം വക്കാലത്ത് ഫീസ് നൽകിയിട്ടുണ്ട്. എന്നാൽ കേസ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കോടതിയിൽ നിന്നോ തിരുവനന്തപുരം എസ്.എ.ടി.യിൽ നിന്നോ ഗ്രാമപഞ്ചായത്തിന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

**നിഗമനങ്ങൾ/ശിപാർശകൾ**

**51. നിയമാനുസൃത വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിരുദ്ധമായി ലേലം ഉറപ്പിച്ചതുവഴി പഞ്ചായത്തിന് 32,152 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ 24,937 രൂപ ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന തുക ഈടാക്കുന്നതിനെതിരെ ടിയാൻ കേസ് ഫയൽ ചെയ്തിട്ടുള്ളതായും പ്രസ്തുത കേസ് സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്നും വ്യക്തമാകുന്നു. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി, ആയത് തീർപ്പാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### ഡി.പി.സി. അംഗീകാരം വാങ്ങാതെ പദ്ധതിപ്പണം ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റുന്നതിന് 2000-01-ൽ 2,25,000 രൂപ വകയിരുത്തിയ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നൽകി. പിന്നീട് മറ്റ് ചില പദ്ധതികൾ ഉപേക്ഷിച്ച് ഈ പദ്ധതിയുടെ വിഹിതം 5,97,000 രൂപയായി ഉയർത്തി. ഇതിൽ 5,78,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം ഒരു പദ്ധതി ഭേദഗതി വരുത്തുമ്പോൾ ഗ്രാന്റ്-ഇൻ-എയ്ഡ് കംപോണന്റിൽ 50% അധികം മാറ്റം വരുത്തുന്നപക്ഷം മുൻകൂട്ടി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയശേഷമേ പദ്ധതി നടപ്പിലാക്കുവാൻ പാടുള്ളൂ. അംഗീകാരം വാങ്ങാതെ അധികം ചെലവഴിച്ച 3,53,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഡി.പി.സി.യുടേയോ സർക്കാരിന്റേയോ സാധൂകരണം വാങ്ങാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.20.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. പദ്ധതി വിഹിതം 2,25,000 രൂപയിൽ നിന്നും 5,97,000 രൂപയായി ഉയർത്തിയ നടപടിക്ക് ജില്ലാ ആസൂത്രണ സമിതിയോഗം സാധൂകരണം നൽകിയ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

53. **അധികമായി ചെലവഴിച്ച 3,53,000 രൂപയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### വൈദ്യുതി വിളക്കുകൾ വാങ്ങിയതിലും വിനിയോഗിച്ചതിലും അപാകതകൾ (2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.21)

പഞ്ചായത്തിലെ 100 വൈദ്യുത പോസ്റ്റുകളിൽ 11 വാട്സ് സി.എഫ്. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2000-01 അംഗീകരിച്ചു.

ഊർജ്ജസമിതി രൂപീകരിച്ച് സി.എഫ്.എൽ. സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിച്ച് ടെൻഡർ ക്ഷണിച്ച് സാംപിൾ ടെസ്റ്റിംഗ് നടത്തി നിർവ്വഹിക്കാമെന്ന് പദ്ധതിരേഖയിൽ നിഷ്കർഷിച്ചിരുന്നുവെങ്കിലും അത് പരിഗണിക്കാതെയായിരുന്നു വാങ്ങൽ. 950 രൂപ നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോ അടക്കം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അഞ്ച് സ്ഥാപനങ്ങളെ ഒഴിവാക്കി ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ടുചെയ്ത (1025) ഇൻഫ്രാസെയിൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 1,02,500 രൂപയ്ക്ക് വൈദ്യുത വിളക്കുകൾ വാങ്ങിക്കുകയും ചെയ്തു. 8-3-2001-ൽ വാങ്ങിയ 50 രൂപ മുദ്രപത്രത്തിൽ 14-2-2001-ൽ കരാർ വച്ചതായി കാണുന്നു. ഇതിന് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത് 15-2-2001-ലാണ്. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ നിരസിക്കുവാനുള്ള കാരണം പറഞ്ഞിട്ടില്ല. വിളക്കുകൾ സ്ഥാപിക്കുന്നതിന് പണമടച്ച് സി.എഫ്. ലാമ്പുകൾ വൈദ്യുതി വകുപ്പിന് കൈമാറിയതായി രേഖകളില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിലെ എല്ലാ അപാകതകളും അന്വേഷണവിധേയമാക്കേണ്ടതാണ്. ചെലവ് 1,02,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.20.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നല്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

54. 1,02,500 രൂപ ചെലവുചെയ്ത് വാങ്ങിയ 100 സി.എഫ്. വിളക്കുകൾ വിനിയോഗിച്ചത് സംബന്ധിച്ച് രേഖകളില്ലെന്നും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ നിരസിക്കുകയും കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തുവെന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണമാരാഞ്ഞതിന് കെ.എസ്.ഇ.ബി.-യിൽ നിന്നും 20-8-2008-ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നും നഷ്ടംവന്ന തുക തിരിച്ചടച്ചിട്ടുണ്ടെന്നും അത്രൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**55. അധികനിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതുമൂലമുണ്ടായ അധിക ചെലവ് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പിലെ അപാകതമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും കെ.എസ്.ഇ.ബി.-യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

# വെളിയനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**രജിസ്റ്ററുകളും രേഖകളും തയ്യാറാക്കാതെ തുക പിൻവലിച്ചു [2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(8)]**

പഞ്ചായത്തിന്റെ ധനവിനിയോഗ രേഖകളായ ക്യാഷ് ബുക്ക്, ചെലവ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതിസൂക്ഷിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചു.

5/2000, 6/2000 എന്നീ മാസങ്ങളിൽ ക്യാഷ് ബുക്കും ചെലവ് രജിസ്റ്ററും എഴുതാതെയും വൗച്ചറുകൾ വ്യക്തമായി എഴുതിസൂക്ഷിക്കാതെയും തുക മാത്രം എഴുതിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ വെളിയനാട് സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ നിന്നും വിവിധ ചെക്കുകളിൽ 1,12,976 രൂപ പിൻവലിച്ചിട്ടുണ്ട്. അതുപോലെ 2000 നവംബർ 8-നുശേഷമുള്ള ചെലവുകൾ ക്യാഷ് ബുക്കിലും ചെലവ് രജിസ്റ്ററിലും ചേർത്തിട്ടില്ല. ഡിസംബറിലും ക്യാഷ് ബുക്ക് എഴുതിയിട്ടില്ല. 2000 നവംബറിലെ 19 വൗച്ചറുകൾ മാത്രമാണ് ഓഡിറ്റിന് നൽകിയിട്ടുള്ളത്. ചെലവ് രജിസ്റ്ററിലും ക്യാഷ് ബുക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ കൂടാതെ നവംബറിലും ഡിസംബറിലും 27,808 രൂപ കൂടി അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രജിസ്റ്ററുകളിൽ മതിയായ രേഖപ്പെടുത്തലുകളില്ലാതെ ചെലവ് നടത്തിയത് ഗുരുതരമായ നിയമലംഘനമാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. 1,40,784 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.21.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. പഞ്ചായത്തിന്റെ ധനവിനിയോഗ രേഖകളായ ക്യാഷ് ബുക്ക്, ചെലവ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതിസൂക്ഷിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ചതിനും 1,40,784 രൂപയുടെ ഓഡിറ്റ് തടസ്സത്തിനും ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞു. ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ കോട്ടയം ജില്ലാ കളക്ടർ ആർ.ആർ. നടപടി സ്വീകരിച്ച് 1,46,306 രൂപ ഈടാക്കിയിട്ടുണ്ടെന്നും പ്രസ്തുത നടപടിക്കെതിരെ ടിയാൻ

ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ മേൽനടപടി സ്റ്റേ ചെയ്തിരിക്കുകയാണെന്നും 13-3-2013-ൽ കേസ് പരിഗണിച്ചിരുന്നെന്നും ടിയാൻ നിലവിൽ സർവ്വീസിൽ നിന്നും വിരമിച്ചു എന്നും വെളിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

57. പ്രാഥമിക രേഖകളായ ക്യാഷ് ബുക്ക്, ചെലവ് രജിസ്റ്റർ എന്നിവ എഴുതാതെയും ചെലവ് വൗച്ചറുകൾ ഹാജരാക്കാതെയും തുക പിൻവലിച്ചത് ഗുരുതരമായ ക്രമക്കേടാണെന്നും ആയതിനുത്തരവാദിയായ സെക്രട്ടറി, ചെലവിന് അനുവാദം നൽകിയ പ്രസിഡന്റ് എന്നിവർക്കെതിരെ നടപടി എടുക്കണമെന്നും സമിതി നിർദ്ദേശിച്ചപ്പോൾ കുറ്റക്കാരനായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിച്ചിരിക്കുകയാണെന്നും പ്രസിഡന്റിനുമേൽ കുറ്റം ചുമത്തേണ്ടതില്ലായെന്ന് ഉത്തരവുണ്ടായിരുന്നെന്നും സെക്രട്ടറിക്കെതിരെയുള്ള കേസ് തുടരുകയാണ് വേണ്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ചെലവ് രേഖകളുടെ അഭാവത്തിൽ പിൻവലിച്ച തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനെതിരെ ടിയാൻ ഫയൽ ചെയ്തിട്ടുള്ള കേസ് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് ആയതിന്റെ പുരോഗതി സംബന്ധിച്ചുള്ള റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

58. സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടിയും ആയതിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ഓഡിറ്റ് ഖണ്ഡിക സൂക്ഷ്മപരിശോധനാ കുറിപ്പ് |
|---|---|
| WP(C) 29526 നമ്പർ കേസിൽ 8-11-2013-ൽ പഞ്ചായത്തിന് അനുകൂലമായ വിധി ഉണ്ടാകുകയും തുടർന്ന് മുഴുവൻ തുകയും പഞ്ചായത്തിലടയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>__ഈടാക്കിയ തുക/രസീത് നമ്പർ/തീയതി__<br>1. Rs. 35,593 Rt. No. 23/43289 dated 24-10-2009<br>2. Rs. 10,711 Rt. No. 23/43289 dated 24-10-2009<br>3. Rs. 16,667 Rt. No. dated 25-11-2011<br>4. Rs. 16,667 Rt. No. dated 25-11-2011<br>5. Rs. 16,667 Rt. No. 11103500002 dated 23-12-2011<br>6. Rs. 16,667 Rt. No. 11103100086 dated 12-1-2012<br>7. Rs. 16,667 Rt. No. 11103100101 dated 16-2-2012<br>8. Rs. 16,667 Rt. No. 11103100319 dated 13-3-2012<br>9. Rs. 42,131 Rt. No. 11403400001 dated 8-4-2014 | രജിസ്റ്ററുകളും രേഖകളും തയ്യാറാക്കാതെ പിൻവലിച്ച 3,57,027 രൂപ WP(C) 29526 നമ്പർ കേസിലെ വിധിയെ തുടർന്ന് തുക ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. |

| 1 | 2 |
|---|---|
| 10. Rs. 42,120 Rt. No. 11403400002 dated 8-4-2014<br>11. Rs. 42,120 Rt. No. 11403400003 dated 8-4-2014<br>12. Rs. 42,120 Rt. No. 11403400004 dated 8-4-2014<br>13. Rs. 42,120 Rt. No. 11403400005 dated 8-4-2014<br>14. Rs. 110 Rt. No. 11403400006 dated 3-5-2014<br>ആകെ .. Rs. 3,57,027 | |

**നിഗമനങ്ങൾ/ശിപാർശകൾ**

59. **പ്രാഥമിക രേഖകളായ ക്യാഷ് ബുക്കും അനുബന്ധ രേഖകളും വൗച്ചറുകളും കൃത്യമായി എഴുതി സൂക്ഷിക്കാതെ തുകമാത്രം എഴുതി വിവിധ ചെക്കുകളിലായി 1,40,784 രൂപ പിൻവലിച്ചത് ഗുരുതരമായ നിയമലംഘനമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ധനാപഹരണത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ആർ.ആർ. നടപടിയിലൂടെ 1,40,306 രൂപയും കോടതിവിധിയെ തുടർന്ന് മുഴുവൻ തുകയും ഈടാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങിയതിൽ ക്രമക്കേടുകൾ [2001-02 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക, 2(12)]**

സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ 2,03,902 രൂപയുള്ള തെരുവ് വിളക്കുകൾ കത്തിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങി.

രണ്ട് ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുവാൻ അംഗീകാരം ലഭിച്ച പദ്ധതിയിൽ പഞ്ചായത്തുതല സമിതി രൂപീകരിച്ച് ക്വട്ടേഷൻ വിളിച്ച് സാധനങ്ങൾ വാങ്ങുവാൻ ലക്ഷ്യമിട്ടിരുന്നു. ഇതിന് വിരുദ്ധമായി 29-9-2001-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 14-ാം നമ്പർ തീരുമാനപ്രകാരം പത്രപരസ്യവും ക്വട്ടേഷനും ഒഴിവാക്കി സഹകരണ സ്ഥാപനങ്ങളായ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷനിൽ നിന്നോ തൃശ്ശൂർ ഹോൾസെയിൽ കൺസ്യൂമർ സ്റ്റോറിൽ നിന്നോ വാങ്ങുന്നതിന് തീരുമാനമെടുത്തു. പഞ്ചായത്ത് കമ്മിറ്റിയുടെ ഈ തീരുമാനം സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിരുദ്ധമാണെന്നുള്ള വിവരം സെക്രട്ടറി കമ്മിറ്റിയുടെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് സ്ഥാപനങ്ങളിൽനിന്ന് ഇൻവോയ്സ് വാങ്ങി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ മാനേജിംഗ് ഡയറക്ടറുമായി നെഗോഷ്യേറ്റ് ചെയ്ത 2,03,902 രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുകയുണ്ടായി. ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് പോലും തയ്യാറാക്കാതെ 2001-02-ൽ ആവശ്യമുള്ളതിന്റെ അഞ്ചിരട്ടിയോളം ഉപകരണങ്ങൾ (അഞ്ചുവർഷം വിതരണം ചെയ്തിട്ടും ഓരോ ഇനവും ഇപ്പോഴും സ്റ്റോക്കിൽ ബാക്കിനിൽക്കുന്നു) ധൃതിപിടിച്ച് വാങ്ങിയത് ദുരൂഹമാണ്. പഞ്ചായത്ത് വിതരണം ചെയ്ത ഉപകരണങ്ങൾ കൈപ്പറ്റിയത് വാർഡ് അംഗങ്ങളാണ്. ഇവ സ്ഥാപിച്ചതിന്റെ രേഖകളോ വൈദ്യുതി ബോർഡിന്റെ ഉപകരണങ്ങൾ കൈമാറിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. 2001 നവംബറിൽ വാങ്ങിയ ഉപകരണങ്ങൾ 12/2004-ലും സ്റ്റോക്കിൽ അവശേഷിക്കുന്നു. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ 2,03,902 (ചെക്ക് 737208/6-11-2001) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു, ക്രമക്കേട് സമഗ്രമായി അന്വേഷിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.22.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

60. സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ 2,03,902 രൂപ ചെലവാക്കി തെരുവ് വിളക്കുകൾ കത്തിക്കുന്നതിന്, ആവശ്യമുള്ളതിനേക്കാൾ അഞ്ചിരട്ടി ഉപകരണങ്ങൾ വാങ്ങിയതും ക്വട്ടേഷൻ നൽകാനുള്ള തീരുമാനം മാറ്റി സഹകരണ സംഘങ്ങളിൽ നിന്നും അവ വാങ്ങിയതും ഉപകരണങ്ങൾ വാർഡ് മെമ്പർമാർക്ക് കൈമാറിയതും ഗുരുതരമായ ക്രമക്കേടുകളായി വിലയിരുത്തിയ സമിതി, ആയതിനുള്ള വിശദീകരണം തേടി. പ്രസ്തുത ക്രമക്കേട് അന്വേഷിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഡി.ഡി.പി. അന്വേഷണം നടത്തി സെക്രട്ടറിയിൽ നിന്നും അന്നത്തെ 17 പഞ്ചായത്ത് അംഗങ്ങളിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആർ.ആർ. നടപടി ആരംഭിച്ചെന്നും, സെക്രട്ടറി തുക തിരികെ അടച്ചെന്നും ബാക്കിയുള്ളവരുടെമേലുള്ള ആർ.ആർ. നടപടി തുടരുകയാണെന്നും ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

61. ഉത്തരവാദികളായ പഞ്ചായത്ത് മെമ്പർമാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള ആർ.ആർ. നോട്ടീസിന്മേൽ നടപടി സ്വീകരിച്ച് ആയതിന്മേലുള്ള പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ മറുപടിയും ആയതിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 62. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2001-02 വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ടിൽ തെരുവ് വിളക്ക് വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച് ബഹു. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തുകയും ഉത്തരവാദികളായ സെക്രട്ടറി, പഞ്ചായത്ത് മെമ്പർമാർ എന്നിവരിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിന് 18-7-2011-ലെ ഇ 6-5936/10 നമ്പരായി ഉത്തരവാകുകയും ചെയ്തിരുന്നു. റവന്യൂ റിക്കവറി നടത്തുന്നതിന് 9-1-2012-ൽ ആലപ്പുഴ ജില്ലാ കളക്ടർക്ക് ഓൺലൈനായി റിക്വിസിഷൻ അയച്ചതിൻ പ്രകാരം ടി കാലയളവിലെ സെക്രട്ടറി ശ്രീ. എ. പരമേശ്വരൻ 3-4-2013-ൽ 1/113025 നമ്പർ രസീതു പ്രകാരം പഞ്ചായത്തിൽ 18,062 രൂപ ഒടുക്കിയിട്ടുണ്ട്. ബാക്കി നിലനിൽക്കുന്ന 17 ആർ.ആർ. സികളിൽ അടിയന്തരമായി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 30-1-2014-ലെ ഡബ്ല്യൂപി(സി) നമ്പർ 2991/2014(വൈ.) കേസിന്മേലുള്ള 30-1-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം ടി റവന്യൂ റിക്കവറി നടപടികൾ നാല് ആഴ്ചത്തേക്ക് സ്റ്റേ ചെയ്തിട്ടുണ്ട്. ഈ കേസിൽ പഞ്ചായത്തിനുവേണ്ടി സെക്രട്ടറി കോടതിയിൽ ഹാജരായിട്ടുള്ളതും സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതുമാണ്. | പരാമർശിത വിഷയം സംബന്ധിച്ച് അന്വേഷിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചതിനെ തുടർന്ന് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി 20-12-2010-ലെ ഡി 9-7171/ 2010(S) നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് 18-7-2011-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ. പരമേശ്വരനിൽ നിന്നും 15,016 രൂപ (11114+3902)-യും 17 ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽ നിന്നും 11,111 രൂപ വീതവും ഈടാക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. ആർ.ആർ. നടപടിയെ തുടർന്ന് ശ്രീ. എ. പരമേശ്വരൻ, സെക്രട്ടറി 30-4-2013-ലെ 1/113025 നമ്പർ രസീത് പ്രകാരം മുൻ റിക്കവറി ഉൾപ്പെടെ 18,062 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള 17 അംഗങ്ങൾക്കെതിരെ ആർ.ആർ. നടപടി സ്വീകരിച്ചെങ്കിലും WP(C) 2991/2014(വൈ.) കേസിന്മേലുള്ള 30-1-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഈ ആർ.ആർ. നടപടി നാല് ആഴ്ചത്തേക്ക് സ്റ്റേ ചെയ്തിട്ടുണ്ട്. എന്നാൽ സ്റ്റേ ചെയ്തത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. കേസിൽ പഞ്ചായത്തിന് വേണ്ടി സെക്രട്ടറി കോടതിയിൽ ഹാജരായി സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയതിന്റെ പകർപ്പ്, കേസ് ഫയൽ എന്നിവ പഞ്ചായത്തിൽ ലഭ്യമല്ല. |

### നിഗമനങ്ങൾ/ശിപാർശകൾ

63. സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള ഉപകരണങ്ങൾ, ആവശ്യമുള്ളതിനെക്കാൾ അഞ്ചിരട്ടിയോളം വാങ്ങിയതിനാൽ 2,03,902 രൂപയുടെ നഷ്ടമുണ്ടായതായി സമിതി നിരീക്ഷിക്കുന്നു. പത്രപരസ്യം നൽകാതെ ക്വട്ടേഷൻ നൽകാനുള്ള തീരുമാനം മാറ്റി സഹകരണ സംഘങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതും അവ വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് അംഗങ്ങളെ ഏല്പിച്ചതും ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. ക്രമക്കേടിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി കാലയളവിലെ 17 പഞ്ചായത്ത് അംഗങ്ങളിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ആരംഭിച്ചതായും ആയതിൽ പഞ്ചായത്ത് സെക്രട്ടറി തുക തിരികെ അടച്ചതായും തെളിവെടുപ്പുവേളയിൽ ഹാജരായ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

64. ക്രമക്കേടിന് ഉത്തരവാദികളായ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ റിപ്പോർട്ടിൽ 17 പഞ്ചായത്ത് അംഗങ്ങൾക്കെതിരെ നിലനിൽക്കുന്ന ആർ.ആർ. നടപടി ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയതായും ബഹു. ഹൈക്കോടതിയുടെ 30-1-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം ആർ.ആർ. നടപടി ഒരു മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുകയാണെന്നും പഞ്ചായത്ത് സെക്രട്ടറി ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കേസ് സ്റ്റേ ചെയ്തത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകളോ പഞ്ചായത്തിനുവേണ്ടി സെക്രട്ടറി സമർപ്പിച്ചതായി പറയുന്ന സത്യവാങ്മൂലത്തിന്റെ പകർപ്പോ കേസ് ഫയലോ പഞ്ചായത്തിൽ ലഭ്യമല്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു.

65. 30-1-2014-ൽ നാല് ആഴ്ചത്തേക്ക് ലഭിച്ച സ്റ്റേ ഉത്തരവിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിന്മേൽ തുടർ നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്തിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കക്ഷികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി, കേസ് തീർപ്പാക്കാൻ സ്വീകരിച്ച നടപടി, കോടതിവിധിയായിട്ടുണ്ടെങ്കിൽ ആയതുപ്രകാരം സ്വീകരിച്ച നടപടി എന്നിവ റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

## കൈനകരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### ബജറ്റ് പാസ്സാക്കാതെ ചെലവ്
### [2000-01 ഓഡിറ്റ് റിപ്പോർട്ട്; ഭാഗം 3 ഖണ്ഡിക 3(1)]

ഗ്രാമപഞ്ചായത്ത് 2000-01-ൽ ബഡ്ജറ്റ് പാസ്സാക്കാതെ ചെലവ് നടത്തിയതായി കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പ് പ്രകാരം എല്ലാ വർഷവും മാർച്ചിന് അടുത്ത വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. അനിവാര്യമായ അടിയന്തര സാഹചര്യത്തിലൊഴികെ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ പഞ്ചായത്തിനു വേണ്ടിയോ ചെലവഴിക്കാൻ പാടില്ല എന്നും വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ ബഡ്ജറ്റ് പാസ്സാക്കാതെ 2000-01-ൽ 1,15,93,340 രൂപ ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.23.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. പഞ്ചായത്ത് രാജ് നിയമത്തിന് വിരുദ്ധമായി ബഡ്ജറ്റ് പാസാക്കാതെ ചെലവ് ചെയ്യുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അധികാരമുണ്ടോയെന്നും ഇപ്രകാരം പ്രവർത്തിച്ച 2000-01-ലെ സെക്രട്ടറി ആരായിരുന്നെന്നും സമിതി ആരാഞ്ഞതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അങ്ങനെയുള്ള അധികാരമില്ലെന്നും ശ്രീ. രവീന്ദ്രൻ എന്ന വ്യക്തിയായിരുന്നു അന്നത്തെ സെക്രട്ടറിയെന്നും അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഇല്ലെന്നും സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്ന ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 28-10-2011-ൽ സാധൂകരണത്തിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും കൈനകരി പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ മറുപടി നൽകി.

67. ഒരു സാമ്പത്തിക വർഷാവസാനത്തിനു മുമ്പായി അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പാസാക്കി ആയത് ജനറൽ കമ്മിറ്റിയിൽ അംഗീകരിക്കാതിരുന്നതിന്റെ കാരണമെന്താണെന്നും നിയമപരമായ ഈ നടപടിക്രമം സെക്രട്ടറി ഭരണസമിതിയെ അറിയിച്ചിരുന്നോ എന്നും സമിതി ആരാഞ്ഞതിന് ബഡ്ജറ്റ് നേരത്തെ പാസാക്കിയിരുന്നുവെന്നും എഴുതാൻ

വിട്ടുപോയതാണെന്നും ആയതിനാൽ ബഡ്ജറ്റ് പാസാക്കാൻ അനുവാദം നൽകണമെന്നും ഗവൺമെന്റിനോട് ആവശ്യപ്പെടാൻ 11-7-2008-ൽ ചേർന്ന പഞ്ചായത്ത് സമിതിയോഗം തീരുമാനമെടുത്തിരുന്നുവെന്നും കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

68. ബഡ്ജറ്റ് പാസാക്കാതെ തുക ചെലവഴിച്ചത് സെക്രട്ടറിയുടേയും ഭരണസമിതിയുടേയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും ആയതിനുത്തരവാദികളായവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്നും 1,15,93,340 രൂപ ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്നും സമിതി നിർദ്ദേശിച്ചു. ഇതുമൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് ആരാഞ്ഞപ്പോൾ സർക്കാരിന് നഷ്ടം ഉണ്ടായിട്ടില്ലെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുത് എന്ന ശക്തമായ താക്കീത് നൽകുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ ശിക്ഷാനടപടി സ്വീകരിക്കുകയോ ചെയ്യാമെന്നും എന്നാൽ ഉത്തരവാദിയായ സെക്രട്ടറി ഇപ്പോൾ സർവ്വീസിൽ ഇല്ലാത്തതിനാൽ ശിക്ഷാനടപടി സ്വീകരിക്കുന്നതിൽ അർത്ഥമില്ലെന്നും ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

69. യഥാസമയം പോരായ്മ കണ്ടെത്താൻ കഴിയാതിരുന്നതാണ് യഥാർത്ഥ പ്രശ്നമെന്നും ആയത് അന്നത്തെ ഭരണസമിതിയെ പിരിച്ചുവിടാൻതക്ക കാരണമായിരുന്നുവെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണം എന്നുമുള്ള താക്കീത് നൽകാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന താക്കീതോടെയും അങ്ങനെയുണ്ടായാൽ സർക്കാർ ഉടൻ നടപടി സ്വീകരിക്കേണ്ടതാണെന്നുമുള്ള ശിപാർശയോടെയും ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടികൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**70. സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് നിയമപ്രകാരം അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് പാസാക്കാതെ തുക ചെലവഴിച്ചത് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെങ്കിലും നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിൽ സെക്രട്ടറിയും ഭരണസമിതിയും പരാജയപ്പെട്ടതായി സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന താക്കീതോടെയും അങ്ങനെയുണ്ടായാൽ വകുപ്പ് ഉടൻ നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെയും ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലനം-മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച**
**[2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(3)]**

എസ്.എസ്.എൽ.സി.യും ഉയർന്ന യോഗ്യതയുമുള്ള 18-നും 30-നും മദ്ധ്യേ പ്രായമുള്ള, ഗ്രാമസഭ തെരഞ്ഞെടുക്കുന്ന 20 പട്ടികജാതിക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് 70,000 രൂപ അടങ്കലിൽ പദ്ധതിക്ക് പഞ്ചായത്ത് അംഗീകാരം നൽകി. എന്നാൽ പദ്ധതിയിൽ പരിശീലനം നൽകപ്പെട്ട 20 വ്യക്തികളും ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെട്ടവരല്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മാർഗ്ഗരേഖ ജി.ഒ. (പി) 181/ എൽ.എ.ഡി/2-9-1998 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് ഗ്രാമസഭയിൽ തെരഞ്ഞെടുക്കപ്പെടാത്ത, പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാത്ത 20 പേർക്കുവേണ്ടി പദ്ധതി പണം 50,000 രൂപ ചെലവഴിച്ചു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.23.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. പട്ടികജാതിക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് 70,000 രൂപ അനുവദിച്ച പദ്ധതിയിൻകീഴിൽ ഗ്രാമസഭ തെരഞ്ഞെടുക്കാത്തവരും ഭരണ സമിതി അംഗീകരിക്കാത്തവരുമായ വ്യക്തികൾക്ക് പരിശീലനം നൽകുന്നതുവഴി 50,000 രൂപ ചെലവഴിച്ചതിനെക്കുറിച്ച് എന്താണ് പറയുവാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് ഖണ്ഡികയിൽ ഈടാക്കുവാൻ നിർദ്ദേശിച്ച തുക പരാമർശവിധേയനായ സെക്രട്ടറിയിൽ നിന്നും ഈടാക്കിയതായി കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

72. **മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് ചെലവഴിച്ച 50,000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മരാമത്തുപണി മുൻകൂർ കൈപ്പറ്റി, പണി പൂർത്തീകരിച്ചില്ല**
**[2000-01 ഓഡിറ്റ് റിപ്പോർട്ട്; ഭാഗം 3 ഖണ്ഡിക 3(1)]**

പദ്ധതി രേഖകൾ പ്രകാരം 2001 ആഗസ്റ്റ് 31-ന് മുൻപ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട തട്ടാന്തറച്ചിറ പാലം നിർമ്മാണത്തിന് 33,700 രൂപ കൺവീനർക്ക് മുൻകൂറായി നൽകി (ചെക്ക് നമ്പർ 052660/14-12-2000 17,700 രൂപ സമാഹരണമുൻകൂർ), എന്നാൽ ഓഡിറ്റ് തീയതിയിൽ (9/04 വരെ) പണി ആരംഭിച്ചതിന്റെയോ പൂർത്തീകരിച്ചതിന്റെയോ രേഖകൾ ലഭ്യമല്ല. പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 5,7 വാർഡുകളിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ 2 പദ്ധതികൾക്ക് 26,750 രൂപ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. നാളിതുവരെ പണി പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല. പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.23.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

73. മൂന്ന് മരാമത്ത് പണികൾക്കായി 60,450 രൂപ മുൻകൂർ നൽകിയെങ്കിലും പണി പൂർത്തിയാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യാത്തതിന്റെ കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് കുറച്ചുതുക തിരിച്ച് പിടിച്ചെന്നും അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള ആർ. ആർ. നടപടി തുടരുന്നുവെന്നും കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

74. തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| 75. തട്ടാന്തറച്ചിറ പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറായ ശ്രീ. സുരേഷ്, ടി. പി., തട്ടാന്തറച്ചിറ, കുട്ടമംഗലം എന്നയാൾക്ക് 8-10-2013 തീയതിയിലെ ആർ.ആർ. 2013/6155/4 നമ്പർ പ്രകാരം 1,01,437 രൂപ ലഭിക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് അപേക്ഷ ബഹു. ആലപ്പുഴ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആർ.ആർ. നടപടിക്കെതിരായി ടി ആൾ ആലപ്പുഴ ജില്ലാ കോടതിയിൽ ഒ.പി. 4/13 നമ്പർ ആയി കാലതാമസം മാപ്പാക്കി പെറ്റീഷൻ ഫയലിൽ സ്വീകരിക്കുന്നതിന് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. പഞ്ചായത്ത് സെക്രട്ടറി 4-ാം പ്രതിയായ ഈ കേസിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കൗണ്ടർ ഫയൽ ചെയ്യുന്നതിനുള്ള വക്കാലത്ത് നൽകിയിട്ടുണ്ട്. മുണ്ടക്കൽ വടക്ക് വശം മുതൽ കിഴക്കോട്ട് വഴി നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറായ ശ്രീ. എം. എ. വിജയൻ, അരീപ്പുറം മുണ്ടക്കൽ, കൈനകരി എന്നയാൾക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് 23-4-2012-ൽ ജില്ലാ കളക്ടർക്ക് അർത്ഥന നൽകുകയും ജില്ലാ കളക്ടർ ടിയാനെതിരായി ആർ.ആർ. നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ശ്രീ. വിജയൻ ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ 15-2-2013-ന് മുമ്പ് 2,000 രൂപ അടക്കുന്നതിനും ബാക്കി | തട്ടാന്തറച്ചിറ നടപ്പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറായ ശ്രീ. സുരേഷ്, ടി. പി., തട്ടാന്തറച്ചിറ എന്നയാൾക്ക് 12-12-2011-ൽ ആർ. ആർ. നോട്ടീസ് നൽകി. 33,700 രൂപ, 29,488 രൂപ പലിശയും 27 രൂപ നോട്ടീസ് ചാർജ്ജും ഉൾപ്പെടെ 63,215 രൂപ ഈടാക്കാനാണ് നിർദ്ദേശിച്ചിരുന്നത്. പലിശ കണക്കാക്കിയതിൽ പിശകു വന്നതിനാൽ 21-2-2013-ൽ ആർ.ആർ. പിൻവലിക്കുകയും ചെയ്തു. പിന്നീട് 8-10-2013-ൽ 1,01,437 രൂപ ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിക്കുകയും ആയതിനെതിരെ ഇയാൾ ആലപ്പുഴ ജില്ലാ കോടതിയിൽ ഒ.പി. 4/13 ആയി കേസ് ഫയൽ ചെയ്തിട്ടുണ്ട്.<br><br>പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് കൗണ്ടർ ഫയൽ ചെയ്യുന്നതിനുള്ള വക്കാലത്ത് നൽകിയതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും വക്കാലത്ത് ഫീസ് ഒടുക്കിയതിന്റെയോ കമ്മിറ്റി തീരുമാനത്തിന്റെയോ രേഖകൾ ലഭ്യമാക്കിയില്ല.<br><br>മുണ്ടക്കൽ വടക്കുവശം മുതൽ കിഴക്കോട്ട് വഴി നിർമ്മാണ പ്രവൃത്തിയുടെ കൺവീനറായ ശ്രീ. എം. എ. വിജയൻ, അരീപ്പുറം, മുണ്ടക്കൽ എന്നയാൾക്ക് 9,713 രൂപ മുതലും 11,100 രൂപ പലിശയും 25 രൂപ നോട്ടീസ് ഫീസും ഉൾപ്പെടെ 20,840 രൂപയ്ക്ക് 12-12-2011-ൽ ആർ.ആർ. നോട്ടീസ് നൽകി. പലിശ കണക്കാക്കിയതിലെ പിഴവ് കാരണം 21-2-2013-ൽ ആർ.ആർ. അർത്ഥന പിൻവലിച്ചിട്ടുണ്ട്. തുടർന്ന് 12-6-2013-ൽ പുതുക്കിയ ആർ.ആർ. നോട്ടീസ് നൽകുകയും |

| 1 | 2 |
|---|---|
| തുക 15 തുല്യ ഗഡുക്കളായി തുടർന്നുള്ള മാസങ്ങളിൽ അടയ്ക്കുന്നതിന് 4-2-2013-ലെ ബി7/104/2013(6) നമ്പർ കത്ത് പ്രകാരം അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിജയൻ അടച്ച 2,000 രൂപ 4-5-2013-ൽ പഞ്ചായത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പലിശ കണക്കാക്കിയതിൽ തെറ്റ് സംഭവിച്ചതിനാൽ 23-4-2012-ന് നൽകിയ അർത്ഥന പിൻവലിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 21-2-2013-ൽ ജില്ലാ കളക്ടർ അർത്ഥന പിൻവലിക്കുകയും ചെയ്തിരുന്നു. തുടർന്ന് 8-10-2013-ൽ ആർ.ആർ. നടപടി സ്വീകരിക്കുന്നതിലേക്കായി പുതുക്കിയ അർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിച്ച് ആർ.ആർ. നടപടി തുടർന്നു വരികയുമാണ്. | ചെയ്തിട്ടുണ്ട്. 8-10-2013-ന് ആർ. ആർ/2013/6156/4 പ്രകാരം ഫോറം 24 ഫയൽ ചെയ്തിട്ടുണ്ട്. മുൻ ആർ.ആർ. പ്രകാരം ടിയാനിൽ നിന്നും 2,000 രൂപ 4-5-2013-ൽ ഈടാക്കിയിട്ടുണ്ട്. പുതിയ ആർ.ആർ. പ്രകാരം തുകയൊന്നും പഞ്ചായത്തിന് ലഭ്യമായിട്ടില്ല. |

**നിഗമനങ്ങൾ/ശിപാർശകൾ**

76. **പഞ്ചായത്ത് നടപ്പിലാക്കിയ 3 മരാമത്ത് പദ്ധതികൾക്കായി 60,450 രൂപ മുൻകൂർ നൽകിയെങ്കിലും പണി ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻകൂറുകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ നിന്നും തട്ടാന്തറച്ചിറ പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 1,01,437 രൂപ ഈടാക്കുന്നതിന് സ്വീകരിച്ച ആർ.ആർ. നടപടിക്കെതിരെ ടിയാൻ ആലപ്പുഴ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും പഞ്ചായത്ത് സെക്രട്ടറി നാലാം പ്രതിയായിട്ടുള്ള പ്രസ്തുത കേസിൽ പഞ്ചായത്ത് കൗണ്ടർ ഫയൽ ചെയ്തിരിക്കുകയാണെന്നും സമിതിക്ക് ബോധ്യമാകുന്നു. ആയതിനാൽ പരാമർശവിധേയനായ കൺവീനർ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേസ് വിധിയായില്ലെങ്കിൽ ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.**

77. **മുണ്ടയ്ക്കൽ വടക്കുവശം മുതൽ കിഴക്കോട്ട് വഴി നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 2,000 രൂപ തിരികെ ഈടാക്കിയതായും ജില്ലാ കളക്ടർക്ക് ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ ബാക്കി തുക 15 തുല്യ ഗഡുക്കളായി തിരിച്ചടക്കുന്നതിന് അനുമതി നൽകിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പരാമർശവിധേയനായ കൺവീനർക്കെതിരെയുള്ള ആർ. ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ചുനക്കര ഗ്രാമപഞ്ചായത്ത്

**കുടിവെള്ളത്തിന് പൈപ്പ്ലൈൻ സ്ഥാപിക്കാൻ പദ്ധതിധനം പാഴാക്കി**
**(2000-01 ചെലവ് ഓഡിറ്റ് റിപ്പോർട്ട്; ഭാഗം 2 ഖണ്ഡിക 12)**

1999-2000-ലെ ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ 10 വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് 5,83,900 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. 10 വാർഡുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്ന് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് 4700 മീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിന്, സാധന വില ഒഴികെ 3,19,880 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു:

ആകെ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന 4700 മീറ്റർ പൈപ്പിനുപകരം 5400 മീറ്റർ പൈപ്പുവാങ്ങി. ഇതിൽ 4700 മീറ്റർ പൈപ്പും അനുബന്ധസാധനങ്ങളും ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് നൽകി. ബാക്കി 700 മീറ്റർ പൈപ്പ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന് ഉപയോഗിച്ചതായി രേഖയില്ലാതെ അഞ്ച് പഞ്ചായത്ത് അംഗങ്ങൾക്ക് നൽകുകയാണുണ്ടായത്. 49.85 മീറ്റർ നിരക്കിൽ 700 മീറ്റർ പൈപ്പിന്റെ വില 34,895 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

7, 8 വാർഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഗുണഭോക്തൃ സമിതി കൺവീനർക്ക് 1-8-2000-ൽ സമാഹരണ മുൻകൂർ 8,150 രൂപയും 11-8-2000-ൽ 900 മീറ്റർ പൈപ്പും അനുബന്ധസാധനങ്ങളും നൽകി. നാളിതുവരെ ഒരു പ്രവൃത്തിയും നടത്തിയതായി കാണുന്നില്ല. അതിനാൽ സാധനസാമഗ്രികളുടെ വില 53,227 രൂപയും മുൻകൂറും ഉൾപ്പെടെ 61,377 രൂപ കൺവീനറിൽ നിന്നും പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

1, 2, 3, 4 വാർഡുകളിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം 1,15,090 രൂപ എന്ന് അളവുപുസ്തകം 1/1999-2000 ലും 5, 6, 9, 10 വാർഡുകളിൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം 1,01,808 രൂപ എന്ന് അളവുപുസ്തകം 1/1999-2000-ലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കണക്കാക്കപ്പെട്ട പ്രവൃത്തിയുടെ മൂല്യം പൂർണ്ണമായും അവഗണിച്ച് അശാസ്ത്രീയമായി മൂല്യം കണക്കാക്കി 1,21,597 രൂപ കൺവീനർമാർക്ക് നൽകി. ചട്ടങ്ങൾ ലംഘിച്ച് പ്രവൃത്തിയുടെ സംശുദ്ധി ഉറപ്പാക്കാതെ തുക നൽകിയത് സംബന്ധിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ച് പൊതുവായും അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.24.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. 10 വാർഡുകളിൽ കുടിവെള്ളത്തിന് പൈപ്പ്ലൈൻ സ്ഥാപിക്കാൻ 5,83,900 രൂപ അടങ്കലായി അംഗീകരിച്ച പദ്ധതിയിൻകീഴിൽ 4700 മീറ്റർ പൈപ്പിനുപകരം 5400 മീറ്റർ പൈപ്പ് വാങ്ങിയതായും 4700 മീറ്റർ പൈപ്പ് കൺവീനർമാർക്കും 700 മീറ്റർ പൈപ്പ് ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കും വീതിച്ചുനൽകിയതായും രണ്ട് വാർഡുകളിൽ പദ്ധതി നടപ്പിലായില്ല എന്നും മനസ്സിലാക്കിയ സമിതി ആയതിനെക്കുറിച്ച് സെക്രട്ടറിക്ക് എന്താണ് പറയാനുള്ളതെന്ന് ആരാഞ്ഞു. 4700 മീറ്റർ പൈപ്പിനുള്ള പ്രോജക്ട് ഉണ്ടായിരുന്നുള്ളുവെന്നും 700 മീ. പൈപ്പ് അഞ്ച് വാർഡുകളിലായി പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനത്തിലൂടെ സ്ഥാപിച്ചിട്ടുള്ളതാണെന്നും ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

79. ആവശ്യത്തിൽ കൂടുതൽ പൈപ്പ് വാങ്ങിയത് എന്തിനായിരുന്നുവെന്നും ആയതിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സം എന്നാണ് വന്നതെന്നും അന്നത്തെ സെക്രട്ടറി ആരായിരുന്നുവെന്നും അവരുടെ പേരിൽ സ്വീകരിച്ച നടപടി എന്താണെന്നും സമിതി ആരാഞ്ഞപ്പോൾ 31-12-2005-ലാണ് ഓഡിറ്റ് പരാമർശം വന്നതെന്നും മുൻ സെക്രട്ടറിമാരായ ശ്രീ. എം. വി. തോമസും ശ്രീമതി സാവിത്രിയമ്മയുമാണ് ആയത് വിതരണം ചെയ്തതെന്നും രണ്ട് പേർക്കുമെതിരെ ആർ.ആർ. നോട്ടീസ് നൽകിയതിൽ സാവിത്രിയമ്മ നൽകിയ മറുപടിയിൽ അഞ്ച് വാർഡുകളിൽ നിലവിലുള്ള ടാപ്പുകളുമായി ബന്ധപ്പെടുത്തിയാണ് പൈപ്പ്ലൈൻ സ്ഥാപിച്ചതെന്നും ആയത് ജനോപകാര പ്രദമായിരുന്നതിനാൽ ടിയാളുടെ പേരിലുള്ള ഓഡിറ്റ് തടസ്സം നീക്കിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

80. പൈപ്പുകൾ സ്ഥാപിച്ചതായി പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതായി പറയുന്നുണ്ടെങ്കിലും അവ ഏതൊക്കെ പ്രദേശത്ത് സ്ഥാപിച്ചുവെന്നും കുടിവെള്ളം ലഭിക്കുന്നുണ്ടോ എന്നും വ്യക്തതയില്ലെന്ന് സമിതി ചൂണ്ടികാട്ടിയപ്പോൾ കുടിവെള്ളം ലഭ്യമാണെന്ന് ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

81. കൺവീനറിൽ നിന്നും തുക ഈടാക്കുന്നതിന് കാലതാമസം വരുന്നതെന്തു കൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് 12-3-2012-ൽ ആർ.ആർ. നോട്ടീസ് സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

82. അളവ് പുസ്തകത്തിലെ മൂല്യത്തുകയിൽ നിന്നും സന്നദ്ധ സേവനത്തുക കുറച്ചത് സംബന്ധിച്ച് അധികാരപ്പെട്ട അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഉണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നല്കിയതിന്റെ വെളിച്ചത്തിൽ പ്രസ്തുത രേഖകൾ ഓഡിറ്റിന് കൈമാറണമെന്നും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ നൽകിയ മറുപടിയും ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പും ചുവടെ ചേർക്കുന്നു:

| സർക്കാർ നൽകിയ മറുപടി | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| 83. പരാമർശം സംബന്ധിച്ച് അന്വേഷണം നടത്തി വിശദ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചുള്ള പഞ്ചായത്ത് ഡയറക്ടറുടെ 21-5-2010-ലെ ഡി9-7071/10(5) കത്തിലെ നിർദ്ദേശാനുസരണം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്കും ബഹു. തദ്ദേശസ്വയംഭരണ സെക്രട്ടറിക്കും സമർപ്പിച്ചിട്ടുള്ളതാണ്.<br>84. പ്രസ്തുത റിപ്പോർട്ടിൽ അധികരിച്ച് വാങ്ങിയ 700 മീറ്റർ പൈപ്പ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിച്ചതായി രേഖയില്ലാത്തതിനാൽ നഷ്ട തുകയായ 34,895 രൂപ ബന്ധപ്പെട്ട സെക്രട്ടറിമാരായ ശ്രീ. എം. പി. ക്ലമന്റ്, ശ്രീമതി സാവിത്രിയമ്മ എന്നിവരിൽ നിന്നും യഥാക്രമം 14,955, 19,940 രൂപ പ്രകാരം ഈടാക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം | പരാമർശിത വിഷയം സംബന്ധിച്ച് അന്വേഷിച്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ അധികമായി വാങ്ങിയ 700 മീറ്റർ പൈപ്പ് ഗ്രാമപഞ്ചായത്താവശ്യത്തിനായി ഉപയോഗിച്ചതിന് രേഖയില്ലാത്തതിനാൽ, 300 മീറ്റർ പൈപ്പ് വിതരണം ചെയ്ത സെക്രട്ടറി ശ്രീ. എം. പി. ക്ലമന്റ്, 400 മീറ്റർ പൈപ്പ് വിതരണം ചെയ്ത സെക്രട്ടറി ശ്രീമതി സാവിത്രിയമ്മ എന്നിവരിൽ നിന്നും യഥാക്രമം 14,955, 19,940 രൂപ എന്നിങ്ങനെ ഈടാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം തുക ഈടാക്കുന്നതിന് ഈ വ്യക്തികൾക്ക് നോട്ടീസ് |

| 1 | 2 |
|---|---|
| നൽകിയിരുന്നു. ഇതിന്മേൽ ശ്രീമതി സാവിത്രിയമ്മ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റി 20-11-2012-ലെ 5(2) തീരുമാനപ്രകാരം 700 മീറ്റർ പൈപ്പ് ബന്ധപ്പെട്ട വാർഡുകളിൽ മെമ്പർമാരുടെയും പൊതുജനങ്ങളുടെയും സന്നദ്ധ സഹായത്താൽ സ്ഥാപിച്ചിട്ടുള്ളതുകൊണ്ട് പഞ്ചായത്തിന്റെ എഞ്ചിനീയർ മെഷർമെന്റ് എടുക്കുകയോ, ലേബർ ചാർജ് പഞ്ചായത്തിൽ നിന്നും നൽകുകയോ ചെയ്തിട്ടില്ലായെന്നും പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം പൂർണ്ണമായി നിറവേറ്റി 700 മീറ്റർ പൈപ്പ് ചുവടെ പറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ച് ഉപയോഗിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്ന് കമ്മിറ്റിക്ക് ഉത്തമബോധ്യമുള്ളതായും പരാമർശം ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. | നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി സാവിത്രിയമ്മ തദ്ദേശസ്വയംഭരണ സെക്രട്ടറി മുമ്പാകെ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് 24-2-2012-ൽ പഞ്ചായത്ത് കമ്മിറ്റി താഴെപ്പറയുന്ന വിധം തീരുമാനമെടുത്തിട്ടുണ്ട്. 700 മീറ്റർ പൈപ്പ് ബന്ധപ്പെട്ട വാർഡുകളിൽ മെമ്പർമാരുടെ സഹായത്താൽ സ്ഥാപിച്ചിട്ടുള്ളതുകൊണ്ട് പഞ്ചായത്ത് എഞ്ചിനീയർ അളവെടുക്കുകയോ/ലേബർ ചാർജ് പഞ്ചായത്തിൽ നിന്നും നൽകുകയോ ചെയ്തിട്ടില്ലെന്നും പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടുണ്ടെന്നും കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| 85. 7, 8 വാർഡുകളിൽ പൈപ്പലൈൻ സ്ഥാപിക്കുവാനുള്ള പദ്ധതിയുടെ ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ശ്രീ. പ്രസാദ്, മാറനാട്, കോമല്ലൂർ എന്നയാളിൽ നിന്നും അഡ്വാൻസ് തുകയും പിഴപലിശയും ആർ.ആർ. നടപടികളിലൂടെ ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12-3-2012-ൽ ജില്ലാ കളക്ടർക്ക് ആർ.ആർ. 2012/2387/4 നമ്പർ പ്രകാരം ആർ.ആർ. നടപടിക്കായി റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ടെങ്കിലും തുകകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. | പരാമർശിത വിഷയം സംബന്ധിച്ച നഷ്ടം ഈടാക്കുന്നതിന് 61,377 രൂപ പലിശയടക്കം ആകെ 1,87,507 രൂപയുടെ ആർ.ആർ. നടപടിക്കായി 5-1-2012-ൽ റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമായിട്ടില്ല. |
| 86. 1, 2, 3, 4 വാർഡുകളിലെ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം നിർണ്ണയിച്ചത് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ന്യൂനത പരിശോധിച്ചതിൽ, എസ്റ്റിമേറ്റിൽ ടി 2 പ്രവൃത്തികൾക്ക് ജോലി കൂലിയിനത്തിൽ വകയിരുത്തിയ തുകയും, ചെയ്ത പ്രവൃത്തിക്ക് എഞ്ചിനീയർ നടത്തിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയും കൺവീനർ മാർക്ക് യഥാർത്ഥത്തിൽ നൽകിയ തുകയും ചുവടെ ചേർക്കുന്നു: | പരാമർശിത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ, ഈ വേലകൾക്ക് എഞ്ചിനീയർ അംഗീകരിച്ച തുകയിൽ നിന്നും സന്നദ്ധ സേവനം കുറവ് ചെയ്ത് നൽകാവുന്ന തുക മാത്രമേ നൽകിയിട്ടുള്ളുവെന്നും പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം പ്രസ്തുത ഫയൽ ഈ ഓഫീസിൽ നിന്നും 18-7-2013-ൽ |

| 1 | 2 |
|---|---|
| 87. 1, 2, 3, 4 വാർഡുകളിൽ പൈപ്പലൈൻ നീട്ടൽ എസ്റ്റിമേറ്റുപ്രകാരം അർഹമായ തുക 1,16,390 മൂല്യനിർണ്ണയപ്രകാരം അർഹമായ തുക 1,15,090, നൽകിയ തുക 67,112.<br><br>5, 6, 9, 10 വാർഡുകളിൽ പൈപ്പലൈൻ നീട്ടൽ എസ്റ്റിമേറ്റുപ്രകാരം അർഹമായ തുക 1,01,575, മൂല്യനിർണ്ണയപ്രകാരം അർഹമായ തുക 1,01,808, നൽകിയ തുക 54,485.<br><br>88. മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയിൽ നിന്നും സന്നദ്ധ സേവനമായി ഉൾക്കൊള്ളിച്ച തുക കുറവു ചെയ്ത ശേഷം നൽകാവുന്ന തുകയും നൽകിയ തുകയും ചുവടെ ചേർക്കുന്നു:<br><br>1, 2, 3, 4 വാർഡുകളിലെ പ്രവൃത്തി മൂല്യനിർണ്ണയ പ്രകാരം 1,15,090, സന്നദ്ധ സേവനം 44,162, ബാക്കി നൽകാവുന്നത് 70,928.<br><br>5, 6, 9, 10 വാർഡുകളിലെ പ്രവൃത്തി മൂല്യനിർണ്ണയ പ്രകാരം 1,01,808, സന്നദ്ധ സേവനം 35,853, ബാക്കി നൽകാവുന്നത് 65,955.<br><br>89. മേൽ വിവരിച്ച വസ്തുതകൾ പരിശോധിച്ചാൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയ രീതിയിൽ ചില ന്യൂനതകളുണ്ടെങ്കിലും എഞ്ചിനീയർ അംഗീകരിച്ച അനുവദനീയമായ തുകയേക്കാൾ അധികരിച്ച് കൺവീനർമാർക്ക് പണം നൽകിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലാത്തതാണ്.<br><br>ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട ഫയലും എം.ബുക്കും എൽ.എഫ്.എ. സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ 18-7-2013-ൽ പരിശോധനയ്ക്ക് ഹാജരാക്കി. സമിതി മുമ്പാകെ ഹാജരായ സെക്രട്ടറി ശ്രീ. പ്രേംകുമാറും, ഇപ്പോഴത്തെ സെക്രട്ടറി സെക്ഷൻ ക്ലാർക്ക് എന്നിവർ അന്ന് | പരിശോധിച്ചിട്ടുള്ളതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയില്ലായെന്നുള്ള വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് രേഖകളൊന്നും ഫയലിൽ ഇല്ല. |

| 1 | 2 |
|---|---|
| ഹാജരാവുകയും ആവശ്യമായ വിശദീകരണങ്ങൾ എൽ.എഫ്.എ.-യ്ക്ക് നൽകുകയും ചെയ്തിരുന്നു. പരിശോധനയുടെ റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കണമെന്ന് 4-2-2014-ൽ എൽ.എഫ്.എ. ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ലോക്കൽ ഫണ്ട് ഓഫീസിൽ നിന്നും അയച്ച റിപ്പോർട്ട് 24-3-2014-ൽ ഈ ഓഫീസിൽ ലഭിക്കുകയുണ്ടായി. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയില്ല എന്ന് എൽ.എഫ്.എ. സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ള തായി റിപ്പോർട്ട് ചെയ്യുന്നു. | |

**നിഗമനങ്ങൾ/ശിപാർശകൾ**

**90. 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ 10 വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കാൻ 5,83,900 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ 4700 മീ. പൈപ്പിന് പകരം 5400 മീ. പൈപ്പ് വാങ്ങിയതായും 4700 മീ. പൈപ്പ് കൺവീനർമാർക്കും 700 മീ. പൈപ്പ് ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കും വീതിച്ച് നൽകിയതായും സമിതി മനസ്സിലാക്കുന്നു. അധികമായി വാങ്ങിയ 700 മീ. പൈപ്പ് 5 വാർഡുകളിലായി പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനത്തിലൂടെ നിലവിലുള്ള ടാപ്പുമായി ബന്ധപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചതിനാൽ പഞ്ചായത്തിന് നഷ്ടമൊന്നും വന്നിട്ടില്ലെന്നും തെളിവെടുപ്പുയോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതി നിരീക്ഷിച്ചു. അളവ് പുസ്തകത്തിലെ മൂല്യത്തുകയിൽ നിന്നും സന്നദ്ധസേവനത്തുക കുറച്ചത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഡിറ്റിന് കൈമാറണമെന്ന സമിതി നിർദ്ദേശത്തിൻപ്രകാരം നൽകിയ മറുപടിയിൽ അധികമായി വാങ്ങിയ 700 മീ. പൈപ്പ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിച്ചതായി രേഖയില്ലാത്തതിനാൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. ക്ലമന്റ്, ശ്രീമതി സാവിത്രിയമ്മ എന്നിവരിൽ നിന്നും യഥാക്രമം 14,955, 19,940 രൂപ വീതം ഈടാക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ആയതിന്മേൽ ശ്രീമതി സാവിത്രിയമ്മ സമർപ്പിച്ച**

അപ്പീൽ അപേക്ഷ പരിഗണിച്ച പഞ്ചായത്ത് സമിതി, പദ്ധതി പ്രഖ്യാപിത ലക്ഷ്യം പൂർണ്ണമായും നിറവേറ്റുകയും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും തീരുമാനമെടുത്തതായി സമിതി നിരീക്ഷിച്ചു. പദ്ധതി ലക്ഷ്യം കൈവരിച്ചതായും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

91. 7, 8 വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള പദ്ധതിയുടെ കൺവീനറിൽ നിന്നും മുൻകൂർ നൽകിയ തുക പലിശ സഹിതം ഈടാക്കുന്നതിന് ആരംഭിച്ച ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

92. 1, 2, 3, 4 വാർഡുകളിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് എഞ്ചിനീയർ അംഗീകരിച്ച തുകയിൽ നിന്നും സന്നദ്ധ സേവന തുക കുറവ് ചെയ്ത് നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഫ്ളൂറസെന്റ് ട്യൂബ് സ്ഥാപിച്ചതിൽ പാഴ്ച്ചെലവ്**
**(2000-01 ചെലവ് ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 2.15)**

ഗ്രാമപഞ്ചായത്തിലെ വിവിധ പോസ്റ്റുകളിൽ സ്ഥാപിച്ചിരുന്ന ബൾബുകൾ മാറ്റി പകരം ഫ്ലൂറസെന്റ് ട്യൂബുകൾ സ്ഥാപിക്കുന്നതിന് ട്യൂബൊന്നിന് 1,215 രൂപ നിരക്കിൽ 60 ഫ്ലൂറസെന്റ് ട്യൂബുകൾ 72,900 രൂപയ്ക്ക് വാങ്ങി. വാങ്ങിയ ട്യൂബുകൾ നിർദ്ദിഷ്ട സ്ഥാനങ്ങളിൽ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡിനെ ഏൽപ്പിക്കണമെന്ന സർക്കാർ ഉത്തരവ് ലംഘിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തു. ട്യൂബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന പോസ്റ്റുകളിൽ ഉണ്ടായിരുന്ന ബൾബുകൾ നീക്കം ചെയ്ത് പഞ്ചായത്തിൽ സ്വീകരിക്കുകയോ ബൾബില്ലാത്ത പോസ്റ്റുകളിൽ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ബൾബുകൾ സ്ഥാപിക്കുന്നതിനുവേണ്ടി വൈദ്യുതി ബോർഡിൽ ഇൻസ്റ്റലേഷൻ ചാർജ് അടച്ചതായും കാണുന്നില്ല. പദ്ധതി പണത്തിൽ വാങ്ങിയ സാധനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുകയോ ഉപയോഗശൂന്യമായിപ്പോവുകയോ ചെയ്തതായി കാണുന്നതിനാൽ 72,900 രൂപയുടെ ചെലവ് പാഴായതായി ഓഡിറ്റിൽ കാണുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.24.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. ഗ്രാമപഞ്ചായത്തിലെ വിവിധ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിരുന്ന ബൾബുകൾ മാറ്റി പകരം ഫ്ലൂറസെന്റ് ട്യൂബുകൾ സ്ഥാപിക്കുന്നതിന് ഫ്ലൂറസെന്റ് ട്യൂബുകൾ വാങ്ങി വൈദ്യുതി ബോർഡിനെ ഏല്പിക്കുന്നതിന് പകരം പഞ്ചായത്ത് വിതരണം ചെയ്തു എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിശോധിച്ച സമിതി, ട്യൂബുകൾ സ്ഥാപിക്കുന്നതിന് ഇൻസ്റ്റലേഷൻ ചാർജ് കെ.എസ്.ഇ.ബി.-യിൽ അടച്ചിട്ടുണ്ടെന്നും ട്യൂബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ ശിപാർശ ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**94. ഇലക്ട്രിക് പോസ്റ്റുകളിൽ ഫ്ലൂറസെന്റ് ട്യൂബുകൾ സ്ഥാപിക്കുന്നതിനുള്ള ഇൻസ്റ്റലേഷൻ ചാർജ് കെ. എസ്. ഇ. ബി.-യിൽ അടച്ചിട്ടുണ്ടെന്നും മുഴുവൻ ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**റോഡ് ഡ്രെയിനേജ് നിർമ്മാണവും പുനരുദ്ധാരണവും—സിമന്റ് വിനിയോഗത്തിൽ കുറവ്**

**(2000-01 ചെലവ് ഓഡിറ്റ് റിപ്പോർട്ട് ; ഭാഗം 2 ഖണ്ഡിക 2.14)**

2000-01-ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കിയ തെരുവുമുക്ക് മുതൽ പടിഞ്ഞാറോട്ട് റോഡിന്റെ ഡ്രെയിനേജ് നിർമ്മാണത്തിൽ നിർദ്ദിഷ്ട അളവിൽ സിമന്റ് വിനിയോഗിക്കാതെ, ടി അളവിൽ സിമന്റ് ഉപയോഗിക്കുമ്പോൾ അനുവദിക്കാവുന്ന നിരക്കിൽ പ്രവൃത്തിയുടെ മൂല്യം തിട്ടപ്പെടുത്തി തുക നൽകിയതിനാൽ പ്രവൃത്തിയുടെ ഗുണമേന്മ കുറയുകയും അധിക ചെലവ് ഉണ്ടാവുകയും ചെയ്തു. 3269 കിലോഗ്രാം സിമന്റ് ആവശ്യമായ പ്രവൃത്തിക്ക് ഗുണഭോക്തൃ സമിതി അംഗീകരിച്ച രേഖകൾ പ്രകാരം 1000 കിലോഗ്രാം സിമന്റ് മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. എന്നാൽ 3269 കിലോഗ്രാം സിമന്റ് വിനിയോഗിക്കുമ്പോൾ അനുവദിക്കാവുന്ന നിരക്ക് അനുവദിച്ചതിനാൽ 7,171 രൂപ അധിക ചെലവായിട്ടുണ്ട്. കൂടാതെ മണ്ണിട്ട് റോഡിന്റെ പ്രതലം ഉയർത്തി ഉറപ്പിച്ചതിന് അധിക നിരക്ക് നൽകിയും കെ.എസ്.എസ്. സെക്ഷൻ 4(5)-ലെ നിബന്ധന പാലിക്കാതെയും 1,995 രൂപയുടെ അധികച്ചെലവുണ്ടായതായി കാണുന്നു.

പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധിക്കുകയും അധിക ചെലവ് ഉത്തരവാദി യായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 2.24.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

95. ഡ്രെയിനേജ് നിർമ്മാണത്തിന് 3269 കി.ഗ്രാം സിമന്റ് ഉപയോഗിക്കേണ്ട സ്ഥാനത്ത് 1000 കി.ഗ്രാം സിമന്റ് മാത്രമേ ഉപയോഗിച്ചുള്ളുവെന്നും എന്നാൽ 3269 കി.ഗ്രാം സിമന്റിനുള്ള തുക നൽകിയെന്നും ഇതിന്റെ ഫലമായി പ്രവൃത്തിയുടെ ഗുണമേന്മ കുറയുകയും അധികച്ചെലവ് ഉണ്ടാവുകയും ചെയ്തെന്നും റോഡിന്റെ പ്രതലം ഉയർത്തിയതിന് അധികം തുക നൽകിയെന്നും നിരീക്ഷിച്ച സമിതി ഇതിനെക്കുറിച്ച് വിശദമാക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. 1000 കി.ഗ്രാം സിമന്റ് വാങ്ങിയതിന്റെ ബിൽ മാത്രമാണ് ഉണ്ടായിരുന്നതെന്നും അളവ് പുസ്തകത്തിൽ ആയത് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി ഇപ്പോഴും ഗുണമേന്മയോടെ നിലനിൽക്കുന്നു ണ്ടെന്നും ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

96. ചെലവ് സംബന്ധമായ രേഖകൾ ഹാജരാക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് 2639 കിലോഗ്രാം സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ നിന്നും നഷ്ടപ്പെട്ടതുകൊണ്ടാണ് രേഖകൾ ഹാജരാക്കാതിരുന്നതെന്നും സിമന്റ് ഉപയോഗിച്ചതായി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

97. എം. ബുക്ക് പ്രകാരം മൂല്യം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ സമിതിയുടെ രേഖകൾ പരിശോധിച്ച് ഏതാണോ കുറവ് ആ തുകയാണ് ചെലവ് ചെയ്യേണ്ടിയിരുന്നതെന്ന് സമിതി നിരീക്ഷിച്ചു. ഫയലിൽ പൂർണ്ണമായ രേഖകൾ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനാണെന്ന് അഭിപ്രായപ്പെട്ട സമിതി കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടുകയും തുക ഈടാക്കുകയും ചെയ്ത് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശാനുസരണം സർക്കാർ ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ് |
|---|---|
| 98. പ്രസ്തുത പ്രവൃത്തി നടത്തിപ്പിൽ എസ്റ്റിമേറ്റ് അനുസരിച്ചുള്ള സിമന്റ് ഉപയോഗിച്ചിട്ടുള്ളതായി അളവു പുസ്തകം പരിശോധിച്ചതിൽ പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അളവുപുസ്തക പ്രകാരം 3269 കിലോഗ്രാം സിമന്റ് ഉപയോഗിച്ചതായി ബോധ്യപ്പെട്ടു. എന്നാൽ 1000 കി.ഗ്രാം സിമന്റ് വാങ്ങിയതിന്റെ ബിൽ മാത്രമേ ബന്ധപ്പെട്ട ഫയലിലുള്ളു. ബാക്കി സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ നിന്നും നഷ്ടപ്പെട്ടിരിക്കുന്നു. സിമന്റ് സംബന്ധിച്ച റിപ്പോർട്ട് അളവ് പുസ്തകത്തിൽ അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ റെസീപ്റ്റ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തുകയും ചെയ്ത റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ആർ. ഗോപിനാഥൻ നായരിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാനാണ് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടിയാൻ 13-5-2012 തീയതി മരണപ്പെട്ടു പോയിട്ടുള്ളതിനാൽ നിയമസഭാ സമിതി തീരുമാനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പ്രസ്തുത പ്രവൃത്തി നടത്തിപ്പിൽ എസ്റ്റിമേറ്റ് അനുസരിച്ചുള്ള സിമന്റ് ഉപയോഗിച്ചിട്ടുള്ളതായി അളവ് പുസ്തകം പരിശോധിച്ചതിൽ പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. 2000-01-ൽ നടപ്പിലാക്കിയ ഈ പ്രവൃത്തി 10 വർഷത്തിന് ശേഷവും ഗുണമേന്മയോടെ നിൽക്കുന്നു എന്ന് സൈറ്റ് സന്ദർശിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ യഥാവിധി നടപ്പാക്കപ്പെട്ട പ്രസ്തുത പ്രവൃത്തി അതിന്റെ ഭൗതിക ലക്ഷ്യം കൈവരിക്കുകയും നിലനിൽക്കുകയും ചെയ്യുന്നതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് 13-3-2014-ൽ കൂടിയ ചുനക്കര ഗ്രാമപഞ്ചായത്ത് യോഗം ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. | പരാമർശിത പ്രവൃത്തിയുടെ എസ്റ്റിമേറ്റെടുത്ത് മൂല്യനിർണ്ണയം നടത്തിയ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആർ. ഗോപിനാഥൻ നായർ 13-5-2012-ൽ മരണപ്പെട്ടിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത പ്രവൃത്തി യഥാവിധി നടപ്പിലാക്കിയതാണെന്നും ഗുണ മേന്മയോടെ നിൽക്കുന്നു എന്നതിനാലും സിമന്റിന്റെ റെസീപ്റ്റ് അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാലും പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സഭാസമിതിയോട് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി 13-3-2014-ൽ തീരുമാനമെടുത്തിട്ടുണ്ട്. |

**നിഗമനങ്ങൾ/ശിപാർശകൾ**

**99. നിർമ്മാണ പ്രവൃത്തിക്ക് സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ നിന്നും നഷ്ടമായെങ്കിലും സിമന്റിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തി യിട്ടുണ്ടെന്നും ആയത് ടി പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി യഥാവിധി നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്നും ഗുണമേന്മയോടെ നിലനിൽക്കുന്നു ണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മൈത്രി ഭവന നിർമ്മാണ പദ്ധതി—വിനിയോഗ വിവരമില്ല**
**ഓഡിറ്റ് റിപ്പോർട്ട് 2001-02 ഖണ്ഡിക 3.6**

മൈത്രി ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 305 ഭവന രഹിതർക്ക് വീട് ലഭ്യമാക്കുന്നതിന് 5,88,900 രൂപ 3/03-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ അടച്ചു. എന്നാൽ ഏതെല്ലാം ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക അടച്ചതെന്നും ഏതെങ്കിലും ഗുണഭോക്താക്കൾക്ക് വീട് ലഭ്യമായോ എന്നുമുള്ള ഒരു വിവരവും ലഭ്യമല്ല. പദ്ധതി ധനത്തിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കുന്നതിന് ആവശ്യമായ അന്വേഷണം നടത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.27.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് പുന്നപ്ര വടക്ക് പഞ്ചായത്തിലെ 156 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പണമടച്ചതെന്നും അവർക്കെല്ലാം വീട് ലഭിച്ചെന്നും പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും രജിസ്റ്റർ ഇപ്പോൾ കൈവശമില്ലെന്നും ആയതിന്റെ ലിസ്റ്റ് കൊണ്ടുവന്നിട്ടുണ്ടെന്നും പ്രസ്തുത ലിസ്റ്റ് ഭവന നിർമ്മാണ ബോർഡ് അംഗീകരിച്ചതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നിയമസഭാ സമിതി മുമ്പാകെ ഹാജരായപ്പോൾ പ്രസ്തുത രജിസ്റ്റർ കൊണ്ടുവരാത്തതിന്റെ

കാരണമാരാഞ്ഞപ്പോൾ ലിസ്റ്റുള്ളതുകൊണ്ടാണ് രജിസ്റ്റർ കൊണ്ടുവരാത്തതെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ്, രജിസ്റ്റർ, വീടിന്റെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ, ഭവന നിർമ്മാണ ബോർഡിൽ അടയ്ക്കേണ്ട തുക/അടച്ച തുക സംബന്ധിച്ച രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതിയോട് നിർദ്ദേശിക്കുകയും ഒരാഴ്ചയ്ക്കകം അവ ഓഡിറ്റിന് സമർപ്പിക്കാമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ നൽകിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ് |
|---|---|
| 101. പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിലെ മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഭവന നിർമ്മാണ ബോർഡിൽ അടച്ച തുക, അടയ്ക്കേണ്ട തുക തുടങ്ങിയ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ഭവന നിർമ്മാണ ബോർഡിൽ ഹാജരാക്കി ബോദ്ധ്യപ്പെടുത്തി ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ വീടിന്റെ പൂർത്തീകരണം സംബന്ധിച്ച രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. രേഖകൾ 17-1-2013-ൽ ആദ്യമായി ഹാജരാക്കി. പിന്നീട് മുഴുവൻ രേഖകളും സഹിതം 18-7-2013-ൽ ഓഡിറ്റ് വകുപ്പിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തി. | 1997-98-ൽ മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം 316 ഗുണഭോക്താക്കളേയും 1999-2000 വർഷം 375 ഗുണഭോക്താക്കളേയും പുന്നപ്ര പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. (വിഭജനത്തിന് മുമ്പ്). ഇതിൽ 158 പേർ പുന്നപ്ര വടക്ക് പഞ്ചായത്തിൽ ഉൾപ്പെട്ടവരാണെന്ന് ഭവന നിർമ്മാണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റിൽ ഉൾപ്പെട്ട രണ്ടുപേർ കൈനകരി, പുന്നപ്ര തെക്ക് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ടവരാണെന്ന് രേഖകൾ സഹിതം ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 156 പേരിൽ 152 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഭവന നിർമ്മാണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാല് ഗുണഭോക്താക്കൾ പിന്നീട് നിർമ്മാണം പൂർത്തീകരിച്ചതായും കാണുന്നു. ബോർഡിൽ നിന്നും ലഭിച്ച വിനിയോഗരേഖ പ്രകാരം പഞ്ചായത്തിൽ നിന്നും ആകെ അടച്ചിട്ടുള്ള 33,29,832 രൂപ (12,40,932+20,88,900) പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റേതായി ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം രജിസ്റ്റർ സഹിതം 18-7-2013-ൽ ഈ ഓഫീസിൽ നിന്നും പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതാണ്. |

**നിഗമനങ്ങൾ/ശിപാർശകൾ**

102. **മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, ഭവന നിർമ്മാണ ബോർഡിൽ അടച്ചതും അടയ്ക്കേണ്ടതുമായ തുക സംബന്ധിച്ച രജിസ്റ്റർ, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്ന സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഭവനനിർമ്മാണ ബോർഡിൽ അടച്ച തുക, അടയ്ക്കേണ്ട തുക എന്നിവ ഉൾപ്പെട്ട രജിസ്റ്റർ, ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയതായും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുമുള്ള ഓഡിറ്റ് വകുപ്പിന്റെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## നൂറനാട് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജലസേചന പദ്ധതി പൂർത്തീകരിച്ചിട്ടില്ല—പദ്ധതി വിഹിതം പാഴാക്കി**

**(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.22)**

ജലസേചന സൗകര്യം മെച്ചപ്പെടുത്തി നെൽക്കൃഷി വികസിപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. തൻമൂലം പദ്ധതിക്ക് ചെലവഴിച്ച പദ്ധതിവിഹിതം 47,999 രൂപ പാഴായി.

പെരുവേലിൽ ചാൽ പുഞ്ചയിലെ പള്ളിമുക്കം ഏലായിലാണ് സമഗ്ര നെൽക്കൃഷി വികസന പദ്ധതിയിൽപ്പെടുത്തി 1999-2000-ൽ 3,04,757 രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചത്. 30 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും ചാലിന്റെ ആഴം കൂട്ടുക, മോട്ടോർ തറനിർമ്മാണം, ജലനിർഗമനത്തിന് കോൺക്രീറ്റ് പണികൾ, 10 കുതിരശക്തിയുള്ള മോട്ടോർ സ്ഥാപിക്കുക എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നു. ഇതിൽ ചാലിന്റെ ആഴംകൂട്ടൽ മാത്രമാണ് ഭാഗികമായി നടത്തിയത്. ആഴം കൂട്ടിയപ്പോൾ 998.68 എം$^3$ മണ്ണും 48.11 എം$^3$ ചെളിയും ലഭിച്ചിരുന്നു. ഇത് എന്ത് ചെയ്തുവെന്ന് വ്യക്തമല്ല.

മൂല്യനിർണ്ണയപ്രകാരം ചാൽ ആഴം കൂട്ടിയതിന് കൺവീനർക്ക് അർഹമായത് 47,999 രൂപയാണ്. പണിക്ക് 80,699 രൂപ മുൻകൂർ നൽകിയിരുന്നു. അധികം നൽകിയ 32,700 രൂപ ക്രമീകരിച്ചതിന് തെളിവില്ല. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കണം. നെൽക്കൃഷി വികസനത്തിന് ഉതകുമായിരുന്ന പദ്ധതി കുറച്ച് മൺപണിയിൽ അവസാനിപ്പിച്ചത് പദ്ധതിപ്പണം പാഴാക്കാനേ ഉപകരിച്ചിട്ടുള്ളൂ. പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതുമൂലം ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവും ലഭിച്ചില്ല. കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പദ്ധതി പൂർത്തീകരണത്തിന് സാധ്യത തേടേണ്ടതാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.28.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. സമഗ്ര നെൽക്കൃഷി പദ്ധതി നിർവ്വഹണം പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചെന്നും മുൻകൂർ തുകയിൽ നിന്നും പ്രവൃത്തിമൂല്യം ഒഴിച്ചുള്ള 32,700 രൂപ തിരികെ ഈടാക്കിയിട്ടില്ലെന്നുമുള്ള പരാമർശത്തിന്മേൽ ഈടാക്കുവാനുള്ള 32,700 രൂപയിൽ 28,910 രൂപ ഈടാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള 3,790 രൂപ ഈടാക്കുന്നതിന് കൺവീനറുടെ പേരിലുള്ള സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി നടത്തി റിപ്പോർട്ട് നൽകുവാൻ തഹസിൽദാർ 27-5-2013-ന് വില്ലേജ് ഓഫീസർക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് ഒരാഴ്ചയ്ക്കകം ഓഡിറ്റിന് ഹാജരാക്കാമെന്നും നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

104. കൺവീനറിൽനിന്ന് ഈടാക്കുവാനുള്ള ബാക്കി തുക കൂടി ഈടാക്കിയതിന്റെയും നെൽക്കൃഷി വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിച്ച് ബോധ്യപ്പെടുത്തിയതിന്റെയും റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെടുകയും രൂപ ഈടാക്കുന്നമുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

സമിതി നിർദ്ദേശാനുസരണം സർക്കാർ നൽകിയ മറുപടിയും ആയതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ് |
|---|---|
| 105. നൂറനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26-4-2010-ലെ 12-ാം നമ്പർ തീരുമാനപ്രകാരം ഉത്തരവാദികളായ ശ്രീ. നേശമണി, കൃഷി ഓഫീസർ, ശ്രീ. കെ. ആർ. അജിത്ത്, കുറ്റിവിള വീട്, പഴഞ്ഞികോണം (കൺവീനർ) എന്നിവർക്ക് റവന്യൂ റിക്കവറി സംബന്ധിച്ചുള്ള അറിയിപ്പ് കാണിച്ച് 5-5-2010-ൽ കത്ത് നൽകുകയും സമയപരിധിക്കുള്ളിൽ തുക അടയ്ക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് ഓൺലൈനായി രജി. നമ്പർ 2010/1629/4 തീയതി 8-6-2010 പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത നടപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. ആർ. അജിത്ത് ചുവടെ ചേർത്തിരിക്കുന്നതിൻ പ്രകാരം അടയ്ക്കേണ്ടിയിരുന്ന 32,700 രൂപ മാവേലിക്കര തഹസിൽദാർ ഓഫീസിൽ അടച്ചിട്ടുള്ളതും ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതുമാണ്. | പരാമർശിത നഷ്ടം 32,700 രൂപ ഉത്തരവാദികളായ ശ്രീ. നേശമണി, കൃഷി ഓഫീസർ, ശ്രീ. കെ. ആർ. അജിത്ത്, കൺവീനർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ചതിനെ തുടർന്ന് ശ്രീ. കെ. ആർ. അജിത്തിൽ നിന്നും 32,700 രൂപ ഈടാക്കി മാവേലിക്കര തഹസിൽദാർ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഈ തുകയിൽ അവസാന ഗഡുവായ 3,700 രൂപ പ്രൊഫഷണൽ ടാക്സ് (എംപ്ലോയീസ്) എന്ന ഹെഡിലാണ് വരവ് വച്ചിട്ടുള്ളത്. |

| ഡി.ഡി. നമ്പർ/ രസീത് നമ്പർ | തീയതി | തുക |
|---|---|---|
| 527910 | 27-9-2010 | 9,970 |
| 528596 | 15-12-2010 | 9,970 |
| 242617 | 7-9-2011 | 4,970 |
| 847610 | 31-10-2012 | 4,000 |
| 050543 | 19-7-2013 | 3,700 |
| 11302102211 | 6-11-2013 | 90 |
| | ആകെ | 32,700 |

പ്രസ്തുത ചാലിന്റെ ആഴം കൂട്ടിയതിനുശേഷം പണി തുടർന്ന് നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല എന്ന വിവരം കൂടി ബോധിപ്പിച്ചുകൊള്ളുന്നു.

106. ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ. കെ. ആർ. അജിത്ത് മാവേലിക്കര താലൂക്ക് ഓഫീസിൽ 19-7-2013-ൽ 050543 നമ്പർ ഡി.ഡി. പ്രകാരം 3,700 രൂപയും 6-11-2013-ൽ 11302102211 നമ്പർ ഡി.ഡി. പ്രകാരം 90 രൂപയും ചേർത്ത് ആകെ അവശേഷിച്ചിരുന്ന 3,790 രൂപ ഒടുക്കിയിട്ടുള്ളതും ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളതുമാണ്. ഈടാക്കേണ്ടിയിരുന്ന തുക 32,700 രൂപ ടി പരാമർശത്തിൽ പറയുന്ന ചാലിന്റെ പ്രാരംഭഘട്ടത്തിലുള്ള ആഴം കൂട്ടിയതിനുശേഷം പണി തുടർന്ന് നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ ടി പണി തുടർന്ന് നിർവ്വഹണം നടത്തിയിട്ടില്ല. ടി പണി തുടർന്ന് ചെയ്യാതിരുന്നതുമൂലം പൂർത്തീകരണ റിപ്പോർട്ടും ലഭ്യമായില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

**107. ജലസേചന സൗകര്യം മെച്ചപ്പെടുത്തി നെൽകൃഷി വികസിപ്പിക്കുന്ന പദ്ധതിക്ക് മുൻകൂർ നൽകിയ തുകയിൽ പ്രവൃത്തിമൂല്യം കഴിച്ചുള്ള മുഴുവൻ തുകയും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയിട്ടുണ്ടെന്ന സർക്കാരിന്റെയും ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അതിനായി ചെലവായ തുക പാഴായിപ്പോയെന്ന ഓഡിറ്റിന്റെ നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കുവാനും ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

### പദ്ധതികൾ ഒന്നും നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കി [ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 3 (19)]

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ V.E.O.യുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് 14-1-2002 മുതൽ 30-6-2003 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ ആകെ 10,58,050 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ 31-7-2003-ൽ പി. ഡി. അക്കൗണ്ടുകൾ മരവിക്കപ്പെട്ട കാലംവരെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നിൽ ഏല്പിക്കപ്പെട്ട യാതൊരു പദ്ധതികളും നടപ്പിലാക്കാത്തതുമൂലം ഇത്രയും തുക ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം

നഷ്ടപ്പെട്ടു. 2002-03-ൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന് പദ്ധതി വിഹിതമായി ആകെ ലഭിച്ച 38.75 ലക്ഷം രൂപയുടെ 27% വരുന്ന ഈ തുക പാഴായത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥമൂലമാണ്. ഈ വിഷയത്തിന്മേൽ ഓഡിറ്റ് വേളയിൽ രേഖാമൂലം നൽകിയ എൻക്വയറിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ ടി നിർവ്വഹണ ഉദ്യോഗസ്ഥനോ യാതൊരു മറുപടിയും നൽകുകയുണ്ടായില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.29.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

108. 2002-03 വർഷത്തിൽ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കുവാനായി വി.ഇ.ഒ.യുടെ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ചെലവഴിക്കാതിരിക്കാനുള്ള കാരണവും ഉത്തരവാദിയായ വി.ഇ.ഒ.-യ്ക്ക് താക്കീതിൽ മാത്രം ഒതുങ്ങുന്ന ശിക്ഷാനടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് അധികാരം നൽകിയതാരാണെന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത ക്രമക്കേടിനെതിരെ ഗ്രാമവികസന കമ്മീഷണർ നൽകിയ താക്കീത് സർക്കാർ റദ്ദ് ചെയ്യുകയും ടിയാനെതിരെ പുതുതായി അച്ചടക്ക നടപടി ആരംഭിച്ചിരിക്കുകയുമാണെന്ന് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈയിനത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്നും പി.ഡി. അക്കൗണ്ട് ക്ലോസ് ചെയ്ത് പഞ്ചായത്തിന്റെ അക്കൗണ്ടിലുണ്ടായിരുന്ന തുക സർക്കാരിലേക്ക് തിരിച്ചുപിടിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

109. 2007-ൽ വി.ഇ.ഒ.മാരുടെ പി.ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത സാഹചര്യത്തിൽ വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച തുക വിനിയോഗിക്കാത്തതിനാൽ പ്രസ്തുത തുക മുഴുവൻ സർക്കാർ തിരിച്ചുപിടിച്ചതിലൂടെ പഞ്ചായത്തുകൾക്ക് വൻതോതിലുള്ള നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചതിൻ പ്രകാരം എത്ര രൂപയുടെ നഷ്ടമാണ് പഞ്ചായത്തിനുണ്ടായിട്ടുള്ളത് എന്ന സമിതിയുടെ ചോദ്യത്തിന് 10,58,050 രൂപ നഷ്ടമായെന്ന് കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

110. ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി വി.ഇ.ഒ.യുടെ പി.ഡി. അക്കൗണ്ടിലേക്ക് അനുവദിച്ച തുക സർക്കാരിലേക്ക് തിരികെ അടച്ചതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും എന്നാൽ അനുവദിച്ച തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാത്തതിനാൽ പഞ്ചായത്തിനും അവിടുത്തെ ജനങ്ങൾക്കുമാണ് നഷ്ടം സംഭവിച്ചിരിക്കുന്നതെന്നും ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു.

111. വി.ഇ.ഒ.-യ്ക്ക് എതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി ത്വരിതപ്പെടുത്തുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം സർക്കാർ നൽകിയ മറുപടിയും ആയതിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

| സർക്കാർ മറുപടി | ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് |
|---|---|
| 1 | 2 |
| 112. 2002-03 വർഷത്തെ പദ്ധതികളൊന്നും നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കിയതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ.യെ സംബന്ധിച്ച അക്കൗണ്ട്സ് കമ്മിറ്റിയുടെ 2006-07 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.29.1 പ്രകാരം കാർത്തികപ്പള്ളി പഞ്ചായത്തിനെ സംബന്ധിച്ച വിവരങ്ങൾ 29-5-2013 തീയതിയിൽ കൂടിയ അക്കൗണ്ട്സ് കമ്മിറ്റിയുടെ തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ 7-6-2013 തീയതിയിൽ ടി പഞ്ചായത്തിൽവന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറിയുടെയും | നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ സർക്കാരിൽ നിന്നും നടപടി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുകയും ടിയാന് കുറ്റാരോപണ പത്രിക നൽകുകയും ആയതിന് ടിയാൻ വിശദീകരണവും നൽകിയിട്ടുണ്ട്. ഇയാൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ശക്തമായ താക്കീത് നൽകി ഗ്രാമവികസന കമ്മീഷണർ തീർപ്പാക്കിയിരുന്നു. ശിക്ഷാ നടപടികൾ തൃപ്തികരമല്ലാത്തതിനാൽ പഞ്ചായത്തിൽ നിന്നും യഥാസമയം ഗുണഭോക്തൃ ലിസ്റ്റ് കൈമാറിയിട്ടില്ലായെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിശോധിച്ച് മറുപടി നൽകുന്നതിന് ശ്രീ. ആർ. രാധാകുമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറെ വീണ്ടും നിയോഗിക്കുകയും |

| 1 | 2 |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. വിരാജ് തമ്പുരാന്റെയും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും ഇത് സംബന്ധിച്ച വിവരം തേടിയിട്ടുണ്ട്. 21-7-2013-ന് സി2/303/14 നമ്പർ ഓർമ്മക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. | ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. |

**നിഗമനങ്ങൾ/ശിപാർശകൾ**

113. **2002-03 വർഷത്തെ പദ്ധതികൾ നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കിയതിന് ഉത്തരവാദിയായ, നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യ്ക്കെതിരെയുള്ള അച്ചടക്ക നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ നിന്നും അസി. ഗ്രാമവികസന കമ്മീഷണർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തുകയും പരാമർശവിധേയനായ വി.ഇ.ഒ.യ്ക്കെതിരെ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെന്ന ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെയും സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പാലമേൽ ഗ്രാമപഞ്ചായത്ത്

**ഉല്പാദന പദ്ധതികൾ പാഴായതുമൂലം നഷ്ടം**
**(ചെലവ് ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 27)**

**ജലസേചന കിണർ**

2000-01 വർഷത്തിൽ 58 ഗുണഭോക്താക്കൾക്കുവേണ്ടി 2,32,000 രൂപ പദ്ധതി വിഹിതവും 2,32,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടെ 4,64,000 രൂപ അടങ്കലിൽ കൃഷി ഓഫീസർ നിർവ്വഹിച്ച ടി പദ്ധതിയിൽ തൻവർഷം 43 ഗുണഭോക്താക്കൾ ആനുകൂല്യം നേടിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു:

(1) സ്വന്തമായി 20 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്കാണ് ആനുകൂല്യം നൽകുന്നതിന് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ആനുകൂല്യം നേടിയിട്ടുള്ള ബഹുഭൂരിപക്ഷം

ഗുണഭോക്താക്കൾക്കും സ്വന്തമായി ഭൂമിയുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. (20 സെന്റിൽ താഴെ ഭൂമിയുള്ളവർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്). ഉദാ:-രാജൻപിള്ള, താഴത്തെ തെക്കേപ്പുര, 03.30 + 03.80 ആർ.

(2) ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല കിണർ നിർമ്മിച്ചിട്ടുള്ളത്.

(3) ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ല ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ വിവരങ്ങൾ അളവ് പുസ്തകത്തിൽ ചേർത്തിട്ടുള്ളതായും കാണുന്നില്ല.

മേല്പറഞ്ഞ കാരണങ്ങളാൽ 43 ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതമായി നൽകിയ 1,72,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (43 X 4,000).

എ. ലക്ഷ്മിക്കുട്ടിയമ്മ, നല്ലവീട്ടിൽ കിഴക്കതിൽ, എരുമക്കുഴി, നൂറനാട് എന്ന ഗുണഭോക്താവിന് ടി ഇനത്തിൽ 4,000 രൂപ ആനുകൂല്യം നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 670762 തീയതി 5-2-2001). ടിയാൾക്ക് സ്വന്തം പേരിൽ 05/15 ആർ. വസ്തുവും മകളുടെ പേരിൽ 00/44 ആർ. വസ്തുവും മാത്രമേ ഉള്ളൂ എന്ന് 7-4-2000-ൽ പാലമേൽ വില്ലേജ് ഓഫീസിൽ കരമടച്ച രശീതിയിൽനിന്ന് വ്യക്തമാണ്. നിശ്ചിത അളവിൽ താഴെ മാത്രം ഭൂമിയുള്ള ടിയാൾക്ക് ആനുകൂല്യം നൽകിയത് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഈടാക്കി പദ്ധതി വിഹിതത്തിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.30.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

114. ഓഡിറ്റ് ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള അപാകതകളെ സംബന്ധിച്ച് വിശദീകരണമാരാഞ്ഞതിന്, 43 ഗുണഭോക്താക്കൾക്ക് പദ്ധതി വിഹിതമായി നൽകിയ 1,72,000 രൂപ ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയിട്ടുണ്ടെന്ന് പാലമേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

115. **കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന നിർധനരായ കർഷകർക്കാണ് ആനുകൂല്യം നൽകിയതെന്നും ചട്ടവിരുദ്ധമായി നൽകിയ 1,72,000 രൂപ ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഡെയറി യൂണിറ്റ് ഉല്പാദന വർദ്ധനവിന് തെളിവില്ല**

പാലുല്പാദനം വർദ്ധിപ്പിക്കാൻ 7 പശുക്കൾ വീതമുള്ള 12 യൂണിറ്റുകൾ സ്ഥാപിക്കാൻ 2000-01-ലും 2001-02-ലും പദ്ധതി വിഹിതത്തിൽ നിന്നും 7,70,000 രൂപ നൽകിയതായി കാണുന്നു. പദ്ധതിരേഖ പ്രകാരം ആവശ്യമായിരുന്ന മുൻ പ്രവർത്തന പരിചയമില്ലാത്ത ഡെയറി യൂണിറ്റുകൾക്കായിരുന്നു ധനസഹായം. സ്വന്തം പശുക്കളെ വീട്ടിൽ സംരക്ഷിക്കുന്നതിന്, സഹായം കൈപ്പറ്റുന്നുവെന്ന് യൂണിറ്റ് അംഗങ്ങൾ ചമച്ച സമ്മതപത്രത്തിൽ കാണാം. പുതുതായി പശുക്കളെ വാങ്ങാതെ എങ്ങനെ പാലുല്പാദനം വർദ്ധിപ്പിക്കും. ഉല്പാദന വർദ്ധനവിന് തെളിവില്ലാത്തതിനാൽ 7,70,000 രൂപ പാഴായി. കൂടാതെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് രണ്ട് വർഷങ്ങളിലുമായി 3,66,005 രൂപ വെറ്ററിനറി സർജൻ പിൻവലിച്ചതായും കാണുന്നു. യാതൊരു സാധൂകരണരേഖകളുമില്ല. ചെക്കുകുറ്റിയിൽ നിന്നാണ് ചെലവുതന്നെ നിർണ്ണയിച്ചത്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2006-07-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.30.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ പരാമർശം ഡെയറി യൂണിറ്റിനായി ചെലവഴിച്ച തുകയുടെ സാധൂകരണ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് മുമ്പാകെ ഹാജരാക്കി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും അപാകതകൾ പരിഹരിക്കപ്പെട്ടതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

117. ഡെയറി യൂണിറ്റിനായി ചെലവഴിച്ച തുകയുടെ സാധൂകരണ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും അപാകതകൾ പരിഹരിക്കപ്പെട്ടതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങളും ശിപാർശകളും |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 7 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | പദ്ധതിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ജില്ലാതല വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതി ആവശ്യമായിരുന്നിട്ടും ആയത് വാങ്ങാതെ ബ്ലോക്കുതല വിദഗ്ദ്ധ സമിതിയുടെ സാങ്കേതികാനുമതി മാത്രം നേടിയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് സമിതി മനസ്സിലാക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 75,000 രൂപ അനുവദിച്ചത് ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണെന്ന് സർക്കാർ കുറിപ്പിൽ പറയുന്നുണ്ടെങ്കിലും ആയത് മിനിട്സിൽ കാണാത്തത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി അത്തരമൊരു തീരുമാനം എടുത്തിരുന്നുവെന്ന വാദത്തെ ഖണ്ഡിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തേണ്ടതും ഓഡിറ്റിന് കൃത്യമായി ഹാജരാക്കേണ്ടതുമാണെന്ന് സമിതി നിഷ്കർഷിക്കുന്നു. |
| 2 | 8 | ,, | കമ്പ്യൂട്ടർ വാങ്ങിയതിന്റെ ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചുവെങ്കിലും അതു സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിൽ കമ്പ്യൂട്ടർ വാങ്ങിയത് സംബന്ധിച്ച് 95,750 രൂപയുടെ ബില്ലിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. നൂറനാട് എസ്.സി.ബി.യുടെ സ്റ്റോക്ക് വെരിഫിക്കേഷൻ സ്റ്റേറ്റ്മെന്റിൽ ആയത് സ്റ്റോക്കിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ ബിൽ പ്രകാരം വാങ്ങിയവയാണെന്ന് ഉറപ്പാക്കാനാവശ്യമായ രേഖപ്പെടുത്തലില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സർവ്വീസ് സഹകരണ ബാങ്കിന്റെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പദ്ധതി പ്രകാരം വാങ്ങിയതു തന്നെയാണോയെന്ന് വ്യക്തമാക്കി റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 14 | ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 2005-06-ലെ സമാഹൃത റിപ്പോർട്ടിലെ ടി പരാമർശം അടിമാലി ബ്ലോക്ക് പഞ്ചായത്ത് എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരുന്നതെന്നും 25-5-2013-ൽ ലഭിച്ച കത്തിൽ നിന്നുമാണ് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന വിവരം അറിഞ്ഞതെന്നും അതിനാലാണ് രേഖകൾ ഹാജരാക്കാൻ കഴിയാതെ പോയതെന്നും തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു. ഒരു മാസത്തിനകം രേഖകൾ ഓഡിറ്റിന് ഹാജരാക്കാമെന്ന് ബി.ഡി.ഒ. സമിതിക്ക് ഉറപ്പുനൽകിയെങ്കിലും 24.51 ലക്ഷം രൂപയുടെ രേഖകൾ സമർപ്പിക്കേണ്ട സ്ഥാനത്ത് കേവലം 3,71,280 രൂപയുടെ രേഖകൾ മാത്രമേ സമർപ്പിച്ചിട്ടുള്ളുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് സർക്കാർ യാതൊരു മറുപടിയും നാളിതുവരെ സമർപ്പിച്ചിട്ടുമില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി വിലയിരുത്തുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. സമിതിക്ക് മുമ്പാകെ ഉറപ്പ് നൽകിയതിനുശേഷം ആയത് പാലിക്കാത്ത ഉദ്യോഗസ്ഥനെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 20,80,441 രൂപയുടെ ചെലവ് രേഖകൾകൂടി ഓഡിറ്റിന് ഹാജരാക്കുവാനും അവ ഹാജരാക്കാത്തപക്ഷം നഷ്ടത്തുകയും ഉത്തരവാദിത്വവും നിർണ്ണയിച്ച് ഉത്തരവാദികളിൽ നിന്ന് ഈടാക്കി റിപ്പോർട്ട് സമർപ്പിക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 25 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | പദ്ധതി ആസൂത്രണം ചെയ്യപ്പോഴോ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പദ്ധതിക്ക് അംഗീകാരം നൽകിയപ്പോഴോ ഭരണ സമിതി അംഗീകരിച്ച പദ്ധതി അടങ്കലിൽ വർദ്ധന വരുത്തി നടപ്പിലാക്കിയപ്പോഴോ ഡി.പി.സി.യുടെ അംഗീകാരം നേടിയിരുന്നില്ല എന്ന് മാത്രമല്ല നടപ്പിലാക്കിയതിനുശേഷവും പദ്ധതിക്ക് ഡി.പി.സി.യുടെയോ സർക്കാരിന്റെയോ സാധൂകരണവും ലഭ്യമാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഏജൻസിയായ അനെർട്ടിൽ നിന്നും സി.എഫ്. വിളക്കുകൾ വാങ്ങുവാൻ തീരുമാനമെടുത്തതിനുശേഷം സ്വകാര്യ ഏജൻസിയിൽ നിന്നും ക്വട്ടേഷൻ മുഖേന വാങ്ങുന്നതിനുമുമ്പ് അനെർട്ടിന് സി.എഫ്. വിളക്കുകൾ വിതരണം ചെയ്യാൻ കഴിയില്ല എന്ന വിവരം രേഖാമൂലം നേടുവാൻ ബ്ലോക്ക് പഞ്ചായത്തിനായിട്ടില്ല. സ്വകാര്യ ഏജൻസിക്ക് ക്വട്ടേഷൻ നൽകുക എന്ന ഗുരുതരമായ വീഴ്ചയിലേക്ക് ഈ പദ്ധതി വിരൽചൂണ്ടുന്നതായി സമിതി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് സമിതിയോഗം ആവശ്യപ്പെട്ട വിവരങ്ങൾക്ക് സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല എന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കിയതായി പറയപ്പെടുന്ന 9 ഗ്രാമപഞ്ചായത്തുകളിൽ 5 ഗ്രാമപഞ്ചായത്തുകൾ ചില അപാകതകളോടെ യാണെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതായും മറ്റ് നാല് ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല എന്നും ബോധ്യമാകുന്നു. കൂടാതെ, അംഗീകാരം നൽകിയ കമ്മിറ്റി തീരുമാനം, സർക്കാർ സാധൂകരണം എന്നിവ സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ, പദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയതിന്റെയും ഡി.പി.സി. അംഗീകാരം കൂടാതെ പദ്ധതി നടപ്പിലാക്കിയതിനും സ്വകാര്യ ഏജൻസിയിൽ നിന്നും സി.എഫ്. വിളക്കുകൾ വാങ്ങാനുള്ള കമ്മിറ്റി തീരുമാനത്തിനും സർക്കാർ സാധൂകരണം നൽകിയതിന്റെയും രേഖകളുടെ പകർപ്പുകൾ അടിയന്തരമായി സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 37 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | യുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനായി 1999-2000-ൽ വിഭാവനം ചെയ്ത പദ്ധതി കെട്ടിടനിർമ്മാണം പൂർത്തിയായശേഷം അതത് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും അവ വ്യവസായ സംരംഭകർക്കു നൽകുന്നതിനോ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ സാധിച്ചില്ല എന്ന് സമിതി മനസ്സിലാക്കുന്നു. എസ്റ്റിമേറ്റ് പരിഷ്കരിച്ച് വൈദ്യുതീകരണത്തിന് ഉൾപ്പെടുത്തിയിരുന്ന തുക കൂടി കെട്ടിടനിർമ്മാണത്തിന് മാറ്റിയതിനും മതിയായ അംഗീകാരം നേടിയിട്ടില്ല. പത്ത് ലക്ഷം രൂപ ചെലവഴിച്ച് ആരംഭിച്ച വ്യവസായ എസ്റ്റേറ്റ് പദ്ധതി, ലക്ഷ്യം കൈവരിക്കാത്തത് പദ്ധതി വിഭാവനം ചെയ്ത ബ്ലോക്ക് പഞ്ചായത്തിന്റെയും നടത്തിപ്പ് കൈമാറിക്കിട്ടിയ ഗ്രാമപഞ്ചായത്തിന്റെയും വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽനിന്ന് യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൻ പ്രകാരം ഓഡിറ്റിൽ ഉന്നയിച്ച അപാകത തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. വിഭാവനം ചെയ്ത പദ്ധതിക്ക് കെട്ടിടം ഉപയുക്തമാക്കാൻ കഴിഞ്ഞില്ലെങ്കിലും കുടുംബശ്രീ യൂണിറ്റുകളുടെയും അംഗൻവാടിയുടെയും പ്രവർത്തനത്തിന് അവ ഉപയോഗിക്കുന്നത് മുൻനിർത്തി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ചെറിയനാട് ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീയുടെ വിവിധ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളതായും ജല അതോറിറ്റിയുടെ പദ്ധതി നടപ്പിലാക്കാൻ പോകുന്നതും പരിഗണിച്ച് ടി തടസ്സവും നീക്കുവാനും മുളക്കുഴയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 43 | മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് | 2003-04-ലെ കേരള വികസന പദ്ധതിപ്രകാരം തെക്കേക്കര പഞ്ചായത്തിലെ പള്ളിക്കൽ കിഴക്ക് കിണറുവിള മുക്കുമുതൽ പറൂർ മുക്കുവരെയുള്ള റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്ക് കോൺട്രാക്ടർക്ക് ഫൈനൽ പേയ്മെന്റിനുശേഷവും 56,042 രൂപ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നല്കിയതായി സമിതി നിരീക്ഷിക്കുന്നു. നിയമാനുസൃതമല്ലാതെ ചെലവഴിച്ച തുകയ്ക്ക് യാതൊരു രേഖയും ഹാജരാക്കാൻ ബ്ലോക്ക് പഞ്ചായത്തിനായില്ല എന്നത് ഓഡിറ്റ് ഉന്നയിച്ച തടസ്സവാദത്തിന് ശക്തി പകരുന്നു. ഓഡിറ്റ് നിരാകരിച്ച തുക അധികമായി നൽകിയിട്ടുണ്ടെന്നും പരാമർശവിധേയനായ സെക്രട്ടറി സർവ്വീസ് കാലയളവിൽ നിരവധി തവണ സസ്പെൻഷനിലായിരുന്നെന്നും തെളിവെടുപ്പ് വേളയിൽ മാവേലിക്കര ബി.ഡി.ഒ. വ്യക്തമാക്കുകയുണ്ടായി. നിലവിൽ സസ്പെൻഷനിലുള്ള ടി സെക്രട്ടറിയിൽ നിന്നും 56,042 രൂപ ഈടാക്കുവാനുള്ള ആർ.ആർ. നടപടി ആരംഭിച്ചുവെങ്കിലും ഡിമാന്റ് നോട്ടീസ് കൈപ്പറ്റാതെ മടങ്ങിവന്നതിനാൽ ടിയാളുടെ പേരിലുള്ള 2½ സെന്റ് സ്ഥലം ജപ്തി ചെയ്ത് ലേലം നടത്തി തുക ഈടാക്കുവാൻ തഹസിൽദാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ലേലനടപടി എത്രയുംവേഗം പൂർത്തിയാക്കി തുക ഈടാക്കിയത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. 2003-04-ൽ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേടിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാനും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 45 | പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത് | പട്ടികവിഭാഗം ഗുണഭോക്താക്കൾ എല്ലാവരും വാസയോഗ്യമായ ഭൂമി വാങ്ങുകയും ഭൗതിക ലക്ഷ്യം കൈവരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 51 | ഹരിപ്പാട് ഗ്രാമ പഞ്ചായത്ത് | നിയമാനുസൃത വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിരുദ്ധമായി ലേലം ഉറപ്പിച്ചതുവഴി പഞ്ചായത്തിന് 32,152 രൂപയുടെ നഷ്ടമുണ്ടായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ 24,937 രൂപ ഈടാക്കി പഞ്ചായത്തിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഒട്ടക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അവശേഷിക്കുന്ന തുക ഈടാക്കുന്നതിനെതിരെ ടിയാൻ കേസ് ഫയൽ ചെയ്തിട്ടുള്ളതായും പ്രസ്തുത കേസ് സംസ്ഥാന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലാണെന്നും വ്യക്തമാകുന്നു. സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി, ആയത് തീർപ്പാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 53 | അത്തൂർ ഗ്രാമ പഞ്ചായത്ത് | അധിക്കമായി ചെലവഴിച്ച 3,53,000 രൂപയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 55 | ,, | അധികനിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച തുമൂലമുണ്ടായ അധിക ചെലവ് ഉത്തരവാദികളാ യവരിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നും പദ്ധതി നടത്തിപ്പിലെ അപാകതമൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്നും കെ.എസ്.ഇ.ബി.-യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 59 | വെളിയനാട് ഗ്രാമ പഞ്ചായത്ത് | പ്രാഥമിക രേഖകളായ ക്യാഷ് ബുക്കും അനുബന്ധ രേഖകളും വൗച്ചറുകളും കൃത്യമായി എഴുതി സൂക്ഷിക്കാതെ തുക മാത്രം എഴുതി വിവിധ ചെക്കുകളിലായി 1,40,784 രൂപ പിൻവലിച്ചത് ഗുരുതരമായ നിയമലംഘനമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ധനാപഹരണത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ആർ.ആർ. നടപടിയിലൂടെ 1,46,306 രൂപയും കോടതിവിധിയെ തുടർന്ന് മുഴുവൻ തുകയും ഈടാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 12 | 63 | ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള ഉപകരണങ്ങൾ, ആവശ്യമുള്ളതിനെക്കാൾ അഞ്ചിരട്ടിയോളം വാങ്ങിയതിനാൽ 2,03,902 രൂപയുടെ നഷ്ടമുണ്ടായതായി സമിതി നിരീക്ഷിക്കുന്നു. പത്രപരസ്യം നൽകാതെ ക്വട്ടേഷൻ നൽകാനുള്ള തീരുമാനം മാറ്റി സഹകരണ സംഘങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതും അവ വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് അംഗങ്ങളെ ഏല്പിച്ചതും ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുന്നു. ക്രമക്കേടിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി കാലയളവിലെ 17 പഞ്ചായത്ത് അംഗങ്ങളിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ആരംഭിച്ചതായും ആയതിൽ പഞ്ചായത്ത് സെക്രട്ടറി തുക തിരികെ അടച്ചതായും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. |
| 13 | 64 | ,, | ക്രമക്കേടിന് ഉത്തരവാദികളായ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ റിപ്പോർട്ടിൽ 17 പഞ്ചായത്ത് അംഗങ്ങൾക്കെതിരെ നിലനിൽക്കുന്ന ആർ.ആർ. നടപടി ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയതായും ബഹു. ഹൈക്കോടതിയുടെ 30-1-2014-ലെ ഇടക്കാല ഉത്തരവ് പ്രകാരം ആർ.ആർ. നടപടി ഒരു മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുകയാണെന്നും പഞ്ചായത്ത് സെക്രട്ടറി ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കേസ് സ്റ്റേ ചെയ്തത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകളോ പഞ്ചായത്തിനുവേണ്ടി സെക്രട്ടറി സമർപ്പിച്ചതായി പറയുന്ന സത്യവാങ്മൂലത്തിന്റെ പകർപ്പോ കേസ് ഫയലോ പഞ്ചായത്തിൽ ലഭ്യമല്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോധ്യമാകുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 14 | 65 | ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് | 30-1-2014-ൽ നാല് ആഴ്ചത്തേക്ക് ലഭിച്ച സ്റ്റേ ഉത്തരവിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിന്മേൽ തുടർ നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്തിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കക്ഷികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി, കേസ് തീർപ്പാക്കാൻ സ്വീകരിച്ച നടപടി, കോടതിവിധിയായിട്ടുണ്ടെങ്കിൽ ആയതുപ്രകാരം സ്വീകരിച്ച നടപടി എന്നിവ റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 70 | കൈനകരി ഗ്രാമ പഞ്ചായത്ത് | സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് നിയമപ്രകാരം അടുത്ത വർഷത്തേക്കുള്ള ബഡ്ജറ്റ് പാസാക്കാതെ തുക ചെലവഴിച്ചത് സെക്രട്ടറിയുടെയും ഭരണസമിതിയുടെയും ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതുമൂലം സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ലെങ്കിലും നിയമപരമായ ബാധ്യത നിറവേറ്റുന്നതിൽ സെക്രട്ടറിയും ഭരണസമിതിയും പരാജയപ്പെട്ടതായി സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന താക്കീതോടെയും അങ്ങനെയുണ്ടായാൽ വകുപ്പ് ഉടൻ നടപടി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെയും ഓഡിറ്റ് പരാമർശത്തിന്മേൽ തുടർ നടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 72 | ,, | മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് ചെലവഴിച്ച 50,000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 76 | ,, | പഞ്ചായത്ത് നടപ്പിലാക്കിയ 3 മരാമത്തു പദ്ധതികൾക്കായി 60,450 രൂപ മുൻകൂർ നൽകിയെങ്കിലും പണി ആരംഭിക്കുകയോ പൂർത്തിയാക്കുകയോ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. മുൻകൂറുകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ നിന്നും തട്ടാന്തറച്ചിറ പാലം നിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 1,01,437 രൂപ ഈടാക്കുന്നതിന് സ്വീകരിച്ച ആർ.ആർ. നടപടിക്കെതിരെ ടിയാൻ ആലപ്പുഴ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും പഞ്ചായത്ത് സെക്രട്ടറി നാലാം പ്രതിയായിട്ടുള്ള പ്രസ്തുത കേസിൽ പഞ്ചായത്ത് കൗണ്ടർ ഫയൽ ചെയ്തിരിക്കുകയാണെന്നും സമിതിക്ക് ബോധ്യമാകുന്നു. ആയതിനാൽ പരാമർശവിധേയനായ കൺവീനർ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേസ് വിധിയായില്ലെങ്കിൽ ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 77 | കൈനകരി ഗ്രാമ പഞ്ചായത്ത് | മുണ്ടയ്ക്കൽ വടക്കുവശം മുതൽ കിഴക്കോട്ട് വഴിനിർമ്മാണം എന്ന പ്രവൃത്തിയുടെ കൺവീനറിൽ നിന്നും 2,000 രൂപ തിരികെ ഈടാക്കിയതായും ജില്ലാ കളക്ടർക്ക് ടിയാൻ സമർപ്പിച്ച അപേക്ഷയിന്മേൽ ബാക്കി തുക 15 തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പരാമർശവിധേയനായ കൺവീനർക്കെതിരെയുള്ള ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 90 | ചുനക്കര ഗ്രാമ പഞ്ചായത്ത് | 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ 10 വാർഡുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കാൻ 5,83,900 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ 4700 മീ. പൈപ്പിനുപകരം 5400 മീ. പൈപ്പ് വാങ്ങിയതായും |

| 1 | 2 | 3 | 4 |
| --- | --- | --- | --- |
| | | | 4700 മീ. പൈപ്പ് കൺവീനർമാർക്കും 700 മീ. പൈപ്പ് ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കും വീതിച്ച് നൽകിയതായും സമിതി മനസ്സിലാക്കുന്നു. അധികമായി വാങ്ങിയ 700 മീ. പൈപ്പ് 5 വാർഡുകളിലായി പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനത്തിലൂടെ നിലവിലുള്ള ടാപ്പുമായി ബന്ധപ്പെടുത്തി പൈപ്പ്ലൈൻ സ്ഥാപിച്ചതിനാൽ പഞ്ചായത്തിന് നഷ്ടമൊന്നും വന്നിട്ടില്ലെന്നും തെളിവെടുപ്പുയോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിൽ നിന്നും സമിതി നിരീക്ഷിച്ചു. അളവ് പുസ്തകത്തിലെ മൂല്യത്തുകയിൽ നിന്നും സന്നദ്ധസേവനത്തുക കുറച്ചത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ഓഡിറ്റിന് കൈമാറണമെന്ന സമിതി നിർദ്ദേശത്തിൻ പ്രകാരം നൽകിയ മറുപടിയിൽ അധികമായി വാങ്ങിയ 700 മീ. പൈപ്പ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിച്ചതായി രേഖയില്ലാത്തതിനാൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. ക്ലമന്റ്, ശ്രീമതി സാവിത്രിയമ്മ എന്നിവരിൽ നിന്നും യഥാക്രമം 14,955, 19,940 രൂപ വീതം ഈടാക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ആയതിന്മേൽ ശ്രീമതി സാവിത്രിയമ്മ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിച്ച പഞ്ചായത്ത് സമിതി, പദ്ധതി പ്രഖ്യാപിത ലക്ഷ്യം പൂർണ്ണമായും നിറവേറ്റുകയും പഞ്ചായത്തിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ലെന്നും തീരുമാനമെടുത്തതായി സമിതി നിരീക്ഷിച്ചു. പദ്ധതി ലക്ഷ്യം കൈവരിച്ചതായും പഞ്ചായത്തിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ലെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 91 | ചുനക്കര ഗ്രാമ പഞ്ചായത്ത് | 7, 8 വാർഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള പദ്ധതിയുടെ കൺവീനറിൽ നിന്നും മുൻകൂർ നൽകിയ തുക പലിശസഹിതം ഈടാക്കുന്നതിന് ആരംഭിച്ച ആർ.ആർ. നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 21 | 92 | ചുനക്കര ഗ്രാമ പഞ്ചായത്ത് | 1, 2, 3, 4 വാർഡുകളിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് എഞ്ചിനീയർ അംഗീകരിച്ച തുകയിൽ നിന്നും സന്നദ്ധസേവന തുക കുറവ് ചെയ്ത് നൽകിയതിനാൽ ഗ്രാമപഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 94 | ,, | ഇലക്ട്രിക് പോസ്റ്റുകളിൽ ഫ്ലൂറസെന്റ് ട്യൂബുകൾ സ്ഥാപിക്കുന്നതിനുള്ള ഇൻസ്റ്റലേഷൻ ചാർജ്ജ് കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ടെന്നും മുഴുവൻ ട്യൂബുകളും സ്ഥാപിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 99 | ,, | നിർമ്മാണ പ്രവൃത്തിക്ക് സിമന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ നിന്നും നഷ്ടമായെങ്കിലും സിമന്റിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ടി പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി യഥാവിധി നടപ്പിലാക്കപ്പെട്ടിട്ടുണ്ടെന്നും ഗുണമേന്മയോടെ നിലനിൽക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 102 | പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | മൈത്രി ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവനരഹിതർക്ക് വീട് ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, ഭവനനിർമ്മാണ ബോർഡിൽ അടച്ചതും അടയ്ക്കേണ്ടതുമായ തുക സംബന്ധിച്ച രജിസ്റ്റർ, പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്ന സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, ഭവനനിർമ്മാണ ബോർഡിൽ അടച്ച തുക, അടയ്ക്കേണ്ട തുക എന്നിവ ഉൾപ്പെട്ട രജിസ്റ്റർ, ആനുകൂല്യം ലഭ്യമായ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ ലിസ്റ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയതായും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുമുള്ള ഓഡിറ്റ് വകുപ്പിന്റെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 107 | നൂറനാട് ഗ്രാമ പഞ്ചായത്ത് | ജലസേചന സൗകര്യം മെച്ചപ്പെടുത്തി നെൽക്കൃഷി വികസിപ്പിക്കുന്ന പദ്ധതിക്ക് മുൻകൂർ നൽകിയ തുകയിൽ പ്രവൃത്തിമൂല്യം കഴിച്ചുള്ള മുഴുവൻ തുകയും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയിട്ടുണ്ടെന്ന സർക്കാരിന്റെയും ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ അതിനായി ചെലവായ തുക പാഴായിപ്പോയെന്ന ഓഡിറ്റിന്റെ നിരീക്ഷണത്തോട് സമിതി യോജിക്കുന്നു. ഇത്തരം പ്രവണത ആവർത്തിക്കാതിരിക്കുവാനും ഏറ്റെടുത്ത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുവാനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | 113 | കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് | 2002-03 വർഷത്തെ പദ്ധതികൾ നടപ്പിലാക്കാതെ പദ്ധതിപ്പണം പാഴാക്കിയതിന് ഉത്തരവാദിയായ, നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ.യ്ക്കെതിരെയുള്ള അച്ചടക്ക നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചതിൻ പ്രകാരം സർക്കാർ നൽകിയ മറുപടിയിൽ നിന്നും അസി. ഗ്രാമവികസന കമ്മീഷണർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തുകയും പരാമർശവിധേയനായ വി.ഇ.ഒ.യ്ക്കെതിരെ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ടെന്ന ഓഡിറ്റ് റിപ്പോർട്ട് ചെയ്തതിന്റെയും സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 27 | 115 | പാലമേൽ ഗ്രാമ പഞ്ചായത്ത് | കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന നിർധനരായ കർഷകർക്കാണ് ആനുകൂല്യം നൽകിയതെന്നും ചട്ടവിരുദ്ധമായി നൽകിയ 1,72,000 രൂപ ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 117 | ,, | ഡെയറി യൂണിറ്റിനായി ചെലവഴിച്ച തുകയുടെ സാധൂകരണ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും അപാകതകൾ പരിഹരിക്കപ്പെട്ടതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

### ലോക്കൽ ഫണ്ട് ആക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 വർഷത്തെ സമാഹൃത റിപ്പോർട്ടിൻമേൽ (ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (......) -ാം റിപ്പോർട്ടിൻമേൽ

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.16.1 | | നൂറനാട് വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 1781 -ൽ പ്രവർത്തിച്ചു കൊണ്ടിരുന്ന നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റിനോട് അനുബന്ധിച്ച് ഒരു ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് 2000 -01 വർഷം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതാണ് ടി പ്രോജക്ട്. ഇതിന്റെ അടങ്കൽ തുക പത്ത് ലക്ഷം രൂപയാണ്. വിശദമായ എസ്റ്റിമേറ്റ് ആവശ്യമായതിനാൽ DLEC യുടെ താൽക്കാലിക അനുമതി മാത്രമാണ് ടി പ്രോജക്ട് -ന് ലഭിച്ചിട്ടുള്ളത്. അടങ്കൽ തുകയായ പത്ത് ലക്ഷം രൂപയിൽ 75000/- രൂപ ബ്ലോക്ക് പഞ്ചായത്തും 2 ലക്ഷം രൂപ ഗ്രാമപഞ്ചായത്തും 1.5 ലക്ഷം രൂപ ജില്ലാ പഞ്ചായത്തും ബാക്കി 5.75 ലക്ഷം രൂപ SCB 1781 മാണ് നൽകിയിട്ടുള്ളത്.പ്രോജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരം യഥാസമയം പ്രസ്സ് ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. SCB 1781 ന്റെ മേൽനോട്ടത്തിൽ ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവർക്ക് പ്രിന്റിംഗ് രേഖകൾ കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ടി സ്ഥാപനം ആരംഭിച്ചത്. SCB 1781 ന്റെ സാമ്പത്തിക സഹായം കൊണ്ടു മാത്രമാണ് ടി സ്ഥാപനം ഇത്രയും കാലം പ്രവർത്തിച്ചു പോരുന്നത്. ടി സ്ഥാപനത്തിന്റെ നടത്തിപ്പിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒന്നും തന്നെ സാമ്പത്തിക സഹായം നൽകുന്നില്ല. ഓഫ് സെറ്റ് പ്രസ്സ് പ്രവർത്തിക്കുന്ന കെട്ടിടം, ഉപയോഗിക്കുന്ന DTP Unit, മറ്റ് യന്ത്ര സാമഗ്രികൾ എന്നിവ ഇപ്പോഴും പ്രവർത്തന സജ്ജമായി തന്നെ തുടരുന്നു. ടി യൂണിറ്റിന്റെ പ്രവർത്തനം മൂലം 10 വനിതകൾക്ക് സ്ഥിരമായ തൊഴിലും വരുമാനവും ലഭിക്കുകയും പ്രദേശവാസികളായ അനേകം യുവതി യുവാക്കൾക്ക് തൊഴിൽ പരിശീലനവും (ബുക്ക് ബൈന്റിങ്ങ്, DTP, പ്രിന്റിംഗ്) നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തു വിഹിതമായ 75,000 രൂപ അനുവദിച്ചു നൽകുന്നതിന് 29/03/2001 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നെങ്കിലും ആയത് മിനിട്ട്സിൽ രേഖപ്പെടുത്തുന്നതിന് വിട്ടു പോയിട്ടുള്ളതാണ്. ഈ പദ്ധതി നടത്തിപ്പിൽ യാതൊരു വിധ ക്രമക്കേടുകളും നടന്നിട്ടില്ല. 21/04/2001 -ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 23/04/2001-ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയും 75,000/- രൂപയ്ക്ക് ചെലവനുമതി നൽകി തീരുമാനിച്ചിട്ടുള്ളതുമാണ്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2005-06)സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നം. | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.17.1 | | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2001-02-ലെ പ്രോജക്റ്റ് നമ്പർ 97 പ്രകാരം ജനറൽ വിഭാഗത്തിൽ 70,000/- രൂപയുടേയും പ്രോജക്റ്റ് നമ്പർ 60 പ്രകാരം എസ്.സി.പി (N) വിഭാഗത്തിൽ 1,00,000/- രൂപയുടെയും പ്രോജക്റ്റുകൾ ബ്ലോക്ക് അതിർത്തിയിലുള്ള 9 ഗ്രാമ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിലും പട്ടികജാതി കോളനികളിലും സിഎഫ് വിളക്ക് സ്ഥാപിക്കുന്നതിനു വേണ്ടി ഏറ്റെടുക്കുകയും ഡി.പി.സി അംഗീകാരത്തോടെ നടപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തു കമ്മിറ്റിയുടെ 22.03.02-ലെ 1 (2)ന്റെ തീരുമാന പ്രകാരം 1,70,000/- രൂപയുടെ 20% തുകയായ 34,000/- രൂപ കൂടി അടങ്കൽ തുകയിൽ വർദ്ധനവ് വരുത്താൻ തീരുമാനിക്കുകയും അതിൻ പ്രകാരം 285 സി.എഫ്.വിളക്കുകൾ വാങ്ങി 9 ഗ്രാമ പഞ്ചായത്തുകൾക്ക് വിതരണം നടത്തിയതിന്റെ രസീതുകൾ ആ കാലയളവിൽ തന്നെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇത് സംബന്ധിച്ചുള്ള പരാമർശം ഓഡി |

| | | | | |
|---|---|---|---|---|
| | | | | റ്റിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 2 | 2005-06 | 2.17.2 | | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 99-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെറിയനാട് , ബുധനൂർ, മുളക്കുഴ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മിച്ചിട്ടുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വൈദ്യുതീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയിൽ വിഭാവന ചെയ്ത രീതിയിൽ വ്യവസായ എസ്റ്റേറ്റുകൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതാണ്.<br><br>M. UNNIKRISHNAN<br>Additional Secretary to Govt.<br>Local Self Govt. Department<br>Govt. Secretariat |

(2006-07)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ മാവേലിക്കര ബ്ളോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | | 5 |
| 3.26.1 | 2006/07 | 2003/04/2(13) | | മാവേലിക്കര ബ്ളോക്ക് പഞ്ചായത്തിലെ മുൻ സെക്രട്ടറിയായ ശ്രീ. എ. സുരേഷ് കുമാറിൽ നിന്നും 2003-04 സാമ്പത്തിക വർഷത്തിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2 (13) പ്രകാരമുള്ള തുകയായ 56042/-രൂപ ഈടാക്കുന്നതിന് 20/11/2012 ൽ എ/697/06-ാം നമ്പർ പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പൂർണ്ണമായും ശ്രീ. എ. സുരേഷ്കുമാർ. ബ്ളോക്ക് പ്രോഗ്രാം ആഫീസർ, സുൽത്താൻബത്തേരി എന്ന വിലാസത്തിൽ രജിസ്ട്രേർഡ് തപാലിൽ അയച്ചുകൊടുത്തിട്ടുള്ളതും പോസ്റ്റ് രസീത് ഈ ആഫിസിൽ സൂക്ഷിച്ചിട്ടുള്ളതുമാകുന്നു. ആയതിന് മറുപടി ലഭിക്കാത്തതിനാൽ ടിയാന് 24/12/2012 ന് എ/1592/12-ാം നമ്പർ കത്ത് പ്രകാരം വീണ്ടും അയച്ചുവെങ്കിലും ആയത് കൈപ്പറ്റാതെ മടങ്ങുകയുണ്ടായി. ടി വിവരം 22/01/2013 ൽ എ/697/2006 നമ്പർ കത്ത് പ്രകാരം രജിസ്ട്രേർഡ് തപാലിൽ ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ,(ജനറൽ) വയനാട് എന്നിവരെ അറിയിച്ചിട്ടുള്ളതുമാകുന്നു. ടി തുക ഈടാക്കി നൽകുന്നതിന് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) വയനാട് 25/02/2013 ൽ ആർ.ഡി-1/247/2013-ാം നമ്പർ കത്തു പ്രകാരം ബ്ളോക്ക് പ്രോഗ്രാം ആഫീസർ സുൽത്താൻബത്തേരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ ഇതുവരെയും തുകയൊന്നും ഈടാക്കിയിട്ടില്ല. തുക ഈടാക്കി വിവരം അറിയിക്കുവാൻ 13/03/2013 ൽ എ/1592/12-ാം നമ്പർ കത്ത് പ്രകാരം ബ്ളോക്ക് പ്രോഗ്രാം ആഫീസർ സുൽത്താൻബത്തേരിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീ. എ. സുരേഷ്കുമാർ ഇപ്പോൾ സസ്പെൻഷനിലാണെന്ന് 25/02/2013 ലെ ആർ.ഡി1/247/2013-ാം നമ്പർ കത്ത് പ്രകാരം വയനാട് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |



C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

## പള്ളിപ്പാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.18.1 | | ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള 11 ഗുണഭോക്താക്കളിൽ 7 പേർ ഭൂമി വാങ്ങിയ പ്രമാണത്തിന്റെ പകർപ്പ് പഞ്ചായത്തിൽ എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.<br>ശ്രീ.ഗോപി, മഠത്തിൽ എന്നയാൾ 2000 ൽ ടി പദ്ധതി പ്രകാരം ഭൂമി വാങ്ങുകയും 2004 ൽ ആയത് ടിയാന്റെ ഭാര്യയുടെ പേരിൽ പ്രമാണം ചെയ്തു കൊടുത്തിട്ടുള്ളതുമാണ്. ആദ്യ പ്രമാണം ടിയാന്റെ കൈവശം ഇപ്പോൾ ഇല്ലാത്തതിനാൽ ഭാര്യയുടെ പേരിലുള്ള പ്രമാണത്തിന്റെ പകർപ്പ് വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ടിയാൻ 2000 മാർച്ചിൽ വാങ്ങിയ സ്ഥലത്ത് തന്നെ ഇപ്പോൾ താമസിച്ചു വരുന്നു.<br>ആഡിറ്റ് പരാമർശത്തിൽ ക്രന നമ്പർ 1-ാമതായി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീമതി.ബിന്ദു, കോച്ചേരിൽ കോളനി എന്നത് സിന്ധു, കോതേരികോളനി എന്നാണെന്നും ടിയാൻ 1999-00 ലെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് ഭൂമി വാങ്ങിയിട്ടുള്ളതെന്നും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ ടിയാളുടെ കൈവശം വസ്തുവിന്റെ പ്രമാണം ഇല്ലാത്തതിനാൽ ആയത് പഞ്ചായത്തിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ക്രമ നമ്പർ 3-ാമത് ആയിട്ടുള്ള ശ്രീ.കെ.പുരുഷൻ, മുളമൂട്ടിൽ എന്നയാളും ടി പദ്ധതി പ്രകാരം ഭൂമി വാങ്ങിയിട്ടുണ്ട്. ടിയാനോടും വസ്തുവിന്റെ പ്രമാണം പഞ്ചായത്തിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ക്രമ നമ്പർ 5-ാമതായി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ലീല, കൊട്ടയ്ക്കാട്ടുതറപടീറ്റതിൽ എന്നയാൾ മരണപ്പെട്ടു |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | പോയിട്ടുള്ളതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും ടിയാന്റെ അനന്തരവകാശികൾ ആരും തന്നെ ഈ പഞ്ചായത്തിൽ താമസിക്കുന്നില്ലാത്തതിനാലും ടിയാൻ വാങ്ങിയ ഭൂമിയുടെ പ്രമാണത്തിന്റെ പകർപ്പ് ലഭിച്ചിട്ടില്ല.<br>1999-2000 ലെ എസ്.സി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വാസഭൂമി വാങ്ങുന്നതിന് വേണ്ടി തുക അനുവദിച്ചിട്ടുള്ള 11 ഗുണഭോക്താക്കളും പട്ടികജാതിക്കാരും ഭൂരഹിതരുമാണെന്നും ടി ഗുണഭോക്താക്കൾ എല്ലാം തന്നെ ഭൂമി വാങ്ങിയിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതിനാൽ 28/07/08 ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

## ഹരിപ്പാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.19.1 | | ടി കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.ജി.സോമനിൽ നിന്നും ഇറച്ചി ലേലത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടമായ 32152/- രൂപ ഉൾപ്പെടെ ടിയാന്റെ ബാദ്ധ്യതയായ 335512/- രൂപ റവന്യൂ റിക്കവറി നടപടി വഴി ഈടാക്കുന്നതിന് പഞ്ചായത്തിന്റെ 31/10/07 ലെ 4(2)-ാം നമ്പർ തീരുമാന പ്രകാരം ആലപ്പുഴ ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുകയും ആയതിനുള്ള പ്രൊപ്പോസൽ 16/11/07 ലെ സി1-284/04 നമ്പർ കത്ത് പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12/06/08 ലെ ഇ7-3738/02 നമ്പർ കത്ത് പ്രകാരം ആയത് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാർത്തികപ്പള്ളി തഹസിൽദാർ ടിയാന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ആർ.ആർ. നടപടിക്കെതിരെ ടിയാൻ ബഹു: കേരള ഹൈക്കോടതിയിൽ W.P.(C) No:6973/09 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

## അരൂർ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.20.1 | | അധികമായി ചെലവഴിച്ച 3,53,000/- രൂപയ്ക്ക് 11/06/2001 ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി 11-50 നമ്പരായി അംഗീകാരം നൽകിയിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2. | 2005-06 | 2.20.2 | <u>വൈദ്യുതിവിളക്കുകൾ വാങ്ങിയതിലും വിനിയോഗിച്ചതിലും അപാകതകൾ (2000-2001 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക.3-21)</u><br>പഞ്ചായത്തിലെ 100 വൈദ്യുത പോസ്റ്റുകളിൽ 11 വാട്സ്12 സി.എഫ്.തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി 2000-2001 അംഗീകരിച്ചു. ഊർജ്ജസമിതി രൂപീകരിച്ച് സി.എഫ്.എൽ. സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിച്ച് ടെൻഡർ ക്ഷണിച്ച് സാംപിൾ ടെസ്റ്റിംഗ് നടത്തി നിർവഹിക്കാമെന്ന് പദ്ധതി രേഖയിൽ നിഷ്കർശിച്ചിരുന്നുവെങ്കിലും അതു പരിഗണിക്കാതെയായിരുന്നു വാങ്ങൽ. 960 രൂപ നിരക്കു കോട്ടുചെയ്ത സിഡ്കോ അടക്കം കുറഞ്ഞ നിരക്കു കോട്ടു ചെയ്ത അഞ്ച് സ്ഥാപനങ്ങളെ ഒഴിവാക്കി ഏറ്റവും ഉയർന്ന നിരക്കു കോട്ടു ചെയ്ത (1025) ഇൻഫ്രാ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും 102500 രൂപയ്ക്ക് വൈദ്യുതിവിളക്കുകൾ വാങ്ങിക്കുകയും ചെയ്തു. 8.2.2001 ൽ വാങ്ങിയ 50 രൂപ മുദ്രപത്രത്തിൽ 14.2.2001 ൽ കരാർ വച്ചതായി കാണുന്നു. ഇതിന് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത് 15.2.2001 ലാണ്. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനുകൾ നിരസിക്കുവാനുള്ള കാരണം പറഞ്ഞിട്ടില്ല. വിളക്കുകൾ സ്ഥാപിക്കുന്നതിന് പണമടച്ച് സി.എഫ്.ലാമ്പുകൾ വൈദ്യുതി വകുപ്പിന് കൈമാറിയതായി രേഖകളില്ല. ആയതിനാൽ പദ്ധതി നടത്തിപ്പിലെ എല്ലാ അപാകതകളും അന്വേഷണവിധേയമാക്കേണ്ടതാണ്. ചെലവ് 102500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | സ്ട്രീറ്റ് ലൈറ്റുകൾക്കാവശ്യമായ സി.എഫ്.എൽ ലാമ്പുകൾക്ക് വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത നിരക്കിൽ ക്വട്ടേഷനുകൾ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഏക സ്ഥാപനമായ ഇൻഫ്രാ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉൽപന്നം ഗുണമേന്മയുള്ളതാണെന്നും, പ്രാദേശികമായിട്ടുള്ള സ്ഥാപനമായതിനാൽ തുടർസേവനം വേഗത്തിൽ ലഭ്യമാകുമെന്നതിനാലുമാണ് പഞ്ചായത്ത് കമ്മിറ്റി ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ 12/02/2001 ലെ 3-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചത്. കൂടാതെ സിഡ്കോ പോലുള്ള സ്ഥാപനങ്ങൾ നൽകുന്ന ഉപകരണങ്ങൾ ചെറുകിട ഉൽപാദകരിൽ നിന്നും സംഭരിക്കുന്നവയാണെന്നും, നെഗോസിയേഷൻ വേളയിൽ ഗുണമേന്മ സംബന്ധിച്ച് യാതൊരുറപ്പും നൽകുന്നതിന് സിഡ്കോയ്ക്ക് കഴിഞ്ഞില്ലായെന്നും നടപടി ക്രമങ്ങൾ പാലിച്ചാണ് സാധനങ്ങൾ വാങ്ങിയതെന്നും പഞ്ചായത്ത് തീരുമാനത്തിന് വിധേയമായും, പത്രപരസ്യം, നെഗോസിയേഷൻ തുടങ്ങിയ നടപടി പൂർത്തിയാക്കിയും പൊതുതാൽപര്യം മുൻനിർത്തി ഉത്തരവാദിത്തത്തോടെ നിർവ്വഹണം നടത്തിയിട്ടുള്ളതാണെന്നും വാങ്ങിയ സാധനങ്ങൾ 23/04/2001 ലെ 10-ാം നമ്പർ തീരുമാന പ്രകാരം കെ.എസ്.ഇ.ബി അതിന് കൈമാറിയിട്ടുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി മറുപടി സമർപ്പിച്ചിട്ടുണ്ട്.<br>ആയത് പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായും പൊതുതാൽപര്യം മുൻനിർത്തി ചെയ്ത പ്രവൃത്തിയായതിനാലും വാങ്ങിയ സാധനസാമഗ്രികൾ അതാത് കെ.എസ്.ഇ.ബി. എഞ്ചിനീയർക്ക് കൈമാറിയിരുന്നു എന്ന് ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനത്തിലും ടി |
| | | | | ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് 28/04/2008 ലെ 5(10)-ാം നമ്പർ തീരുമാന പ്രകാരം ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 22/07/08 ലെ സി2-178/08 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ ടി ലാമ്പുകൾ സ്ഥാപിച്ചത് സംബന്ധിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന് 1/3/08 ലും 17/07/08 ലും അതാത് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

## വെളിയനാട് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005-06 | 2.21.1 | | പഞ്ചായത്തിന്റെ ധനവിനിയോഗ രേഖകളായ ക്യാഷ്ബുക്ക്, ചെലവ് രജിസ്റ്റർ എന്നിവ ഇപ്പോൾ എഴുതി സൂക്ഷിച്ചിട്ടുണ്ട്.<br>ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന 5/2000, 6/2000 എന്നീ മാസങ്ങളിലെ ക്യാഷ്ബുക്കും ചെലവ് രജിസ്റ്ററും നവംബർ 8-ന് ശേഷമുള്ള ക്യാഷ്ബുക്കും ചെലവ് രജിസ്റ്ററും 2000 ഡിസംബർ മാസത്തെ ക്യാഷ്ബുക്കും എഴുതി പൂർത്തിയാക്കിയിട്ടുണ്ട്.<br>ടി കാലയളവിൽ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ.സി.ജോസ് 31/05/2008 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. വൗച്ചറുകൾ നാളിതുവരെ ടിയാൻ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1,40,784/- രൂപ തിരികെ ഈടാക്കുന്നതിനായി 6/08/2008 ലും 29/08/2008ലും ടിയാന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ടിയാൻ തുക അടയ്ക്കുകയോ ആഡിറ്റ് തടസ്സം പരിഹരിക്കുകയോ ചെയ്തിട്ടില്ലാതാകുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി തുക ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് 17/12/2008 ലെ സി1-434/08 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ല കളക്ടറോട് ശുപാർശ ചെയ്യുന്നതിലേയ്ക്കായി ആലപ്പുഴ ജില്ല കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.22.1 | | 2001-02 സാമ്പത്തികവർഷത്തിൽ തെരുവുവിളക്കുകൾ കത്തിക്കുന്ന പദ്ധതി പഞ്ചായത്തുതല വികസനസമിതി രൂപീകരിച്ച് ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതു പ്രകാരം പഞ്ചായത്ത് വികസനസമിതി യോഗം വിളിക്കുകയും, ഏഴുപേരടങ്ങുന്ന ഒരു വികസനസമിതിയും, വികസന സമിതിയിൽ നിന്നും വിദഗ്ദ്ധരായ മൂന്നുപേർ അടങ്ങുന്ന ഒരു പർച്ചേസിംഗ് കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടക്കുന്ന പഞ്ചായത്തു പ്രദേശത്തെ ദേശീയോത്സവങ്ങളായ അർത്തുങ്കൽ പള്ളി പെരുന്നാളിനും, കണിച്ചുകുളങ്ങര ക്ഷേത്രോത്സവത്തിനും മുന്നോടിയായി എല്ലാ തെരുവുവിളക്കുകളും കത്തിക്കേണ്ടതായിട്ടുണ്ട്. ജനുവരി 20-നു നടക്കുന്ന അർത്തുങ്കൽ പള്ളി പെരുന്നാളിനോടനുബന്ധിച്ച് ഡിസംബർ അവസാന വാരം മുതൽ കോസ്റ്റൽ മേഖലയിലുള്ള എല്ലാ പ്രദേശങ്ങളിലും വഴിവിളക്കുകൾ പുന:സ്ഥാപിക്കേണ്ട ജോലികൾ ആരംഭിക്കേണ്ടതുണ്ട്. പത്രപരസ്യം നൽകി ക്വട്ടേഷൻ ക്ഷണിച്ച് മെറ്റിരിയൽസ് വാങ്ങുമ്പോൾ നിശ്ചിത സമയത്തിനുള്ളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലാണ് പത്രപരസ്യം ഒഴിവാക്കി പർച്ചേസിംഗ് കമ്മിറ്റി വഴി വാങ്ങുന്നതിന് പഞ്ചായത്ത് തീരുമാനിച്ചത്. പത്രപരസ്യം ചെയ്യുന്ന കാര്യം സെക്രട്ടറി വികസന സമിതിയിലും പഞ്ചായത്ത് കമ്മിറ്റിയിലും ബോധിപ്പിച്ചിരുന്നുവെങ്കിലും പഞ്ചായത്തിന്റെ താൽപ്പര്യം കണക്കിലെടുത്ത് വികസന സമിതി തീരുമാനം നടപ്പിലാക്കുകയാണ് പർച്ചേസിംഗ് കമ്മിറ്റി ചെയ്തിട്ടുള്ളത്. |

315/2016.

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | പഞ്ചായത്തിന് ആവശ്യമായ സാധനങ്ങൾ മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നും ആയത് സ്റ്റോക്കിൽ ചേർത്ത് യഥാസമയം ഉപയോഗിച്ച് തീർന്നിട്ടുള്ളതാണെന്നും പഞ്ചായത്തിന് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതാണ്. പഞ്ചായത്തിന്റെ ഉത്തമതാൽപ്പര്യത്തിന് വിധേയമായി വികസനസമിതി തീരുമാനങ്ങൾ പഞ്ചായത്ത് അംഗീകരിച്ച് നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്തിന് ബോദ്ധ്യം വന്നിട്ടുള്ളതിനാൽ ടി ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 27/06/08 ലെ 11-ാം നമ്പർ തീരുമാന പ്രകാരം ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ടി തീരുമാന സഹിതം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

## കൈനകരി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.23.1 ~~2.2.3.1~~ | | 2000-01 ൽ ബജറ്റ് പാസ്സാക്കാതെ നടത്തിയ ചെലവ് തുകയായ 1,15,93,340/- രൂപയ്ക്ക് അംഗീകാരവും സാധൂകരണവും നൽകണമെന്ന ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 11/07/08 ലെ 9(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30/09/08 ലെ എ1-590/08 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. ടി അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| 2. | 2005-06 | 2.23.2 | | അന്വേഷണത്തിൽ അർഹരായ 20 പട്ടികജാതിക്കാർക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചതെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റിയുടെ 2/12/2008 ലെ 12(1) നമ്പർ തീരുമാന പ്രകാരം 15/12/2008 മുതൽ 22/12/2008 വരെ നടന്ന ഗ്രാമസഭകളിൽ വെച്ച് അംഗീകാരവും സാധൂകരണവും ലഭിച്ചതിന്റെ |

82

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | അടിസ്ഥാനത്തിൽ ടി ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 16/02/2009 ലെ എ1-590/08 നമ്പർ കത്ത് പ്രകാരം ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| 3. | 2005-06 | 2.23.3 | | പരാമർശത്തിലെ തട്ടാൻചിറ പാലത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിൽ ആയിരിക്കെ അവിചാരിതമായി ഉണ്ടായ അട വീഴ്ചയിൽ തകർന്ന് പോയതാണെന്നും പ്രസ്തുത പ്രവൃത്തിയുടെ കൺവീനർ മുൻകൂറായി കൈപ്പറ്റിയ 33,700/- രൂപ പൂർണ്ണമായും വിനിയോഗിച്ച് ടി പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെന്നും മനുഷ്യാധീത കാരണങ്ങളാലാണ് ടി പാലത്തിന്റെ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ പോയതെന്നും . പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതാണ്. നിലവിൽ ടി പാലത്തിന്റെ കൺവീനർക്കോ ദരിദ്രരായ ഗുണഭോക്തൃസമിതി അംഗങ്ങൾക്കോ മുൻകൂറായി കൈപ്പറ്റിയ തുക അടയ്ക്കുവാൻ യാതൊരു ഗതിയും ഇല്ലാത്തവരാണ് എന്ന വസ്തുത പരിഗണിച്ചും ടി തുക തിരികെ അടയ്ക്കുന്നതിൽ നിന്നും ടിയാളുകളെ ഒഴിവാക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 9/02/2009 ലെ 10(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് 16/02/2009 ലെ എ1-590/08 നമ്പർ കത്ത് പ്രകാരം ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.<br>ഗ്രാമ പഞ്ചായത്തിലെ 5,7 വാർഡുകളിൽ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | "വേലിക്കാത്ര മുതൽ പടിയത്ര വരെ വഴി" എന്ന പ്രവൃത്തിക്കായി കൺവീനർ ശ്രീമതി.സി.ആർ.ലത എന്നയാളിന് നൽകിയ 15,650/- രൂപയും "മുണ്ടയ്ക്കൽ വടക്കുവശം മുതൽ കിഴക്കോട്ട് വഴി" എന്ന പ്രവൃത്തിക്കായി കൺവീനർ ശ്രീ.എം.എ.വിജയൻ എന്നയാളിന് നൽകിയ 11,100/- രൂപയും വിനിയോഗിച്ച് പ്രവർത്തികൾ നിർവ്വഹിച്ചിട്ടുണ്ട് എന്നുള്ള വിവരം ഫിസിക്കൽ വെരിഫിക്കേഷന്റേയും ഗ്രാമ പഞ്ചായത്ത് എൻജിനീയറുടെ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിക്ക് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതാണ്. രേഖകൾ ലഭ്യമല്ല എന്ന കാരണത്താൽ, നിരന്തരം വെള്ളം കയറിയിറങ്ങുന്ന പ്രദേശമായതിനാൽ നിലവിലുള്ള അവസ്ഥ വെച്ചുമാത്രം തയ്യാറാക്കിയ വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം തുക തിരികെ അടയ്ക്കുന്നതിന് ആവശ്യപ്പെടുന്നത് അനീതിയായതിനാലും ടി ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 9/02/2009 ലെ 10(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16/02/2009 ലെ എ1-690/08 നമ്പർ കത്ത് പ്രാകരം ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ

## ചുനക്കര ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2005-06 | 2.24.1 | | ചുനക്കര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 4/02/2000 ലെ 13(ഇ) നമ്പർ തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും 21/03/2000 ലെ 1(കെ) നമ്പർ തീരുമാന പ്രകാരവുമാണ് പഞ്ചായത്ത് 5400 മീറ്റർ പൈപ്പ് വാങ്ങിയത്. അതിൽ 4700 മീറ്റർ പൈപ്പ് തെരഞ്ഞെടുത്ത കൺവീനർമാർക്ക് നൽകുകയും ബാക്കി 700 മീറ്റർ പൈപ്പ് 6,8,11,12,9 എന്നീ വാർഡുകളിലെ മെമ്പർമാർക്ക് യഥാക്രമം 200 മീറ്റർ,100 മീറ്റർ,180 മീറ്റർ,120 മീറ്റർ,100 മീറ്റർ എന്ന അളവിൽ നൽകുകയും അവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും ബന്ധപ്പെട്ട വാർഡുകളിൽ കുടിവെള്ളം ലഭിക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്തിട്ടുള്ളതായി പഞ്ചായത്തിന് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതാണ്. 700 മീറ്റർ പൈപ്പ് ബന്ധപ്പെട്ട വാർഡുകളിൽ മെമ്പർമാരുടേയും പൊതുജനങ്ങളുടേയും സന്നദ്ധ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ളതുകൊണ്ട് പഞ്ചായത്തിന്റെ എൻജിനീയർ ഇതിന്റെ മെഷർമെന്റ് എടുക്കുകയോ, ലേബർ ചാർജ്ജ് പഞ്ചായത്തിൽ നിന്നും നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം പൂർണ്ണമായും നിറവേറ്റി 700 മീറ്റർ പൈപ്പ് യഥാവിധി ഉപയോഗിച്ചതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ലായെന്ന് പഞ്ചായത്തിന് ഉത്തമബോദ്ധ്യം വന്നിട്ടുള്ളതാണ്. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | | 7,8 വാർഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ഗുണഭോക്തൃസമിതി കൺവീനർ ശ്രീ.പ്രസാദ്, മാറനാട്, കോമല്ലൂർ പി.ഒ. എന്നയാൾ പൈപ്പ്ലൈൻ വാർഡുകളിൽ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ 61,377/- രൂപ പിഴപലിശ സഹിതം ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ടി തുക ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് ആലപ്പുഴ ജില്ല കളക്ടർക്ക് 26/12/2008 ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br>സന്നദ്ധസേവനവിഹിതമായി 1,13,900/- രൂപ പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളതാണ്. ആയതിൽ 1,2,3,4,5,6,9,10 എന്നീ വാർഡുകളിൽ പൈപ്പുകൾ സ്ഥാപിച്ചതിന്റെ പ്രവർത്തനമൂല്യം 1,21,597/- രൂപ കൺവീനർമാർക്ക് നൽകിയിരിക്കുന്നത് സന്നദ്ധസേവനമൂല്യം കഴിച്ചുള്ള തുകയാണെന്നു ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടു. ഇതുമൂലം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലായെന്നു മാത്രമല്ല ഗുണഭോക്തൃസമിതി സേവനം പഞ്ചായത്തിന് ലഭ്യമായതിലൂടെ അതിന് അനുബന്ധമായ സാമ്പത്തികലാഭം പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. പ്രൊജക്ടും എസ്റ്റിമേറ്റും പ്രകാരമുള്ള നിശ്ചിത അളവ് പൈപ്പ് വാർഡുകളിൽ യഥാവിധി സ്ഥാപിച്ചിട്ടുള്ളതും ആയത് ഇന്നും കുടിവെള്ളം പൊതുജനങ്ങൾക്ക് എത്തിക്കുന്നതിന് സഹായകരവുമാണ്. ആയതിനാൽ ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2. | 2005-06 | 2.24.2 | | 2000–01 വർഷം 60 ഫ്ളൂറസന്റ് ട്യൂബുകൾ വാങ്ങി പഞ്ചായത്തിലെ അന്നത്തെ 12 വാർഡുകളിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ളതാണ്. 60 ഫ്ളൂറസന്റ് ട്യൂബുകൾ സ്ഥാപിക്കുന്നതിന് ഇൻസ്റ്റലേഷൻ ചാർജ്ജ് ആയി കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് അനുസരിച്ച് 16,800/– രൂപ 046127 നമ്പർ ചെക്ക് പ്രകാരം 28/06/01 ൽ ചാരുംമൂട് കെ.എസ്.ഇ.ബിയിൽ നൽകിയിട്ടുണ്ട്. ഒരു വാർഡിൽ 5 എന്ന നിരക്കിൽ 12 വാർഡുകളിലും 60 ട്യൂബ് സെറ്റ് സ്ഥാപിച്ചിട്ടുണ്ട്. ടി സെറ്റുകൾ ഇപ്പോഴും അതാത് പോസ്റ്റുകളിൽ പ്രവർത്തിക്കുന്നുണ്ട്. പുതിയത് സ്ഥാപിച്ചപ്പോൾ അന്നുണ്ടായിരുന്ന പഴയ തെരുവുവിളക്ക് സാധനങ്ങൾ പോസ്റ്റിൽ നിന്നും നീക്കം ചെയ്തിരുന്നില്ല. വിശദമായ പരിശോധനയിൽ പുതിയ 60 ട്യൂബ് സെറ്റുകളും പഴയ ഉപയോഗയോഗ്യമല്ലാത്ത സാധനസാമഗ്രികളും അതാത് ഇലക്ട്രിക് പോസ്റ്റുകളിൽ നിലനിൽക്കുന്നുവെന്ന് പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ടി പ്രവൃത്തിയിന്മേൽ യാതൊരു ധനദുർവിനിയോഗമോ, അഴിമതിയോ, സാമ്പത്തിക നഷ്ടമോ ഉണ്ടായിട്ടില്ലായെന്ന് പഞ്ചായത്തിന് ഉത്തമബോദ്ധ്യമുള്ളതിനാൽ ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3. | 2005-06 | 2.24.3 | | പ്രസ്തുത പ്രവൃത്തി. നടത്തിപ്പിൽ എസ്റ്റിമേറ്റ് അനുസരിച്ചുള്ള സിമെന്റ് ഉപയോഗിച്ചിട്ടുള്ളതായി അളവു പുസ്തകം പരിശോധിച്ചതിൽ പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അളവു പുസ്തക പ്രകാരം 3269 കിലോഗ്രാം സിമെന്റ് ഉപയോഗിച്ചതായി ബോദ്ധ്യപ്പെട്ടു. എന്നാൽ 1000 കിലോഗ്രാം സിമെന്റ് വാങ്ങിയതിന്റെ ബിൽ മാത്രമേ ബന്ധപ്പെട്ട ഫയലിലുള്ളു. ബാക്കി സിമെന്റ് വാങ്ങിയതിന്റെ ബിൽ ഫയലിൽ നിന്നും നഷ്ടപ്പെട്ടിരിക്കുന്നു. സിമെന്റ് സംബന്ധിച്ച റിപ്പോർട്ട് അളവുപുസ്തകത്തിൽ അന്നത്തെ അസിസ്റ്റന്റ് എൻജിനീയർ റെസിപ്റ്റ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 2000-01 ൽ നടപ്പിലാക്കിയ ഈ പ്രവൃത്തി 8 വർഷത്തിനു ശേഷവും ഗുണമേന്മയോടെ നിലനിൽക്കുന്നുവെന്ന് സൈറ്റ് സന്ദർശിച്ചാൽ ബോദ്ധ്യമാകും. ആയതിനാൽ യഥാവിധി നടപ്പാക്കപ്പെട്ട പ്രസ്തുത പ്രവൃത്തി അതിന്റെ ഭൗതിക ലക്ഷ്യം കൈവരിക്കുകയും നിലനിൽക്കുകയും ചെയ്യുന്നതിനാൽ ആഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

M. U[illegible]ISHNAN
Additio[illegible]ary to Govt
Local S[illegible] Department
Govt. Secretariat

315/2016.



**പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്.** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2006–07 | 3.27.1 | | 1997–98 ലെ ജനകീയാസൂത്രണ പദ്ധതിയിൻ കീഴിൽ മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം 316 ഗുണഭോക്താക്കളെയും 1999–2000 വർഷത്തെ പദ്ധതിപ്രകാരം 375 ഗുണഭോക്താക്കളെയും മാതൃ ഗ്രാമപഞ്ചായത്തായ പുന്നപ്ര ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിരുന്നു. പുന്നപ്ര ഗ്രാമ പഞ്ചായത്തും സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംയുക്തമായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണചുമതല ഭവന നിർമ്മാണ ബോർഡിനായിരുന്നു. ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത് നൽകുന്ന ഗുണഭോക്താക്കൾക്ക് എഗ്രിമെന്റ് വെച്ച്, ബോർഡിലെ ഉദ്യോഗസ്ഥർ നേരിട്ട് പരിശോധന നടത്തി നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പാതുക ഘട്ടം ഘട്ടമായി നൽകണമെന്നും ടി വായ്പാതുക ഗ്രാമപഞ്ചായത്ത് 14 വർഷം കൊണ്ട് ഗുണഭോക്താവിന് പ്രതിമാസം 158/– രൂപ നിരക്കിൽ പ്രതിവർഷം 1896/– രൂപ പ്രകാരം ഭവന നിർമ്മാണ ബോർഡിൽ അടയ്ക്കണമെന്നുമാണ് വ്യവസ്ഥ. അവിഭക്ത പഞ്ചായത്തായ പുന്നപ്ര ഗ്രാമപഞ്ചായത്താണ് പദ്ധതി നടപ്പിലാക്കിയെന്നതിനാൽ ഇതുസംബന്ധിച്ച രേഖകൾ എല്ലാം മാതൃ പഞ്ചായത്തായ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലാണുള്ളത്.<br><br>158 ഗുണഭോക്താക്കളാണ് പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നതെന്ന് ഭവന നിർമ്മാണ ബോർഡ് റിപ്പോർട്ട് |

69

ചെയ്തിരുന്നതെങ്കിലും തുടരന്വേഷണത്തിൽ ഒരു ഗുണഭോക്താവ് കൈനകരി ഗ്രാമപഞ്ചായത്തിലും ഒരു ഗുണഭോക്താവ് പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിലുമാണെന്നും ബാക്കി 156 ഗുണഭോക്താക്കൾ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിലുമാണെന്നും ബോധ്യപ്പെട്ടു. ഇതിൽ 152 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഭവന നിർമ്മാണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 4 ഗുണഭോക്താക്കളുടെ വീട്പണി പൂർത്തീകരിച്ചതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഡിറ്റ് തടസ്സത്തിൽ പരാമർശിച്ച 5,88,900/- രൂപ ഉൾപ്പെടെ ടി ഗുണഭോക്താക്കൾക്ക് വേണ്ടി ആകെ 28,29,832/- രൂപ താഴെ പറയും പ്രകാരം അടച്ചിട്ടുണ്ടെന്നും ഇനി 12,64,148/- രൂപ കൂടി ഭവനനിർമ്മാണ ബോർഡിന് നൽകുവാനുണ്ടെന്നും ഭവന നിർമ്മാണ ബോർഡ് രേഖാമൂലം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. വിഭജനത്തിന് മുൻപ് അടച്ചതുകയിൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക (24,81,864/2). =12,40,932/-രൂപ
2. പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് നിലവിൽ വന്നശേഷം അടച്ച തുക (1-10-2000 ന് ശേഷം നാളിതുവരെ) =15.88.9000/രൂപ

ആകെ = 28,29,832/- രൂപ

1-10-2000 ന് ശേഷം അടച്ച 15,88,900/- രൂപയിൽ ആഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട 5,88,900/- രൂപ പൂർണ്ണമായും ഉൾപ്പെട്ടിട്ടുണ്ട്. പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താക്കൾക്കായി 15/3/2003 ലും 17/03/2003 ലുമായി അടച്ച 5,88,900/- രൂപയും ഭവന നിർമ്മാണ ബോർഡിന് പഞ്ചായത്ത് അടയ്ക്കുവാനുള്ള വാർഷിക ഗഡുവിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും അതിനാൽ ഗ്രാമപഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലായെന്നും ബോധ്യപ്പെട്ടു.

## ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് -സമാഹൃത റിപ്പോർട്ട്. 2006-2007. ആലപ്പുഴ ജില്ല

**നൂറനാട് ഗ്രാമ പഞ്ചായത്ത്.** സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| 2 | 2006-07 | 3.28.1 | ജലസേചന പദ്ധതി പൂർത്തീകരിച്ചിട്ടില്ല - പദ്ധതിവിഹിതം പാഴാക്കി.<br>ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-22.<br><br>ജലസേചന സൗകര്യം മെച്ചപ്പെടുത്തി നെൽകൃഷി വികസിപ്പിക്കുവാൻ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.തൻമൂലം പദ്ധതിയ്ക്ക് ചെലവഴിച്ച പദ്ധതിവിഹിതം 47,999/- രൂപ പാഴായി.<br><br>പെരുവലിൽ ചാൽ പുഞ്ചയിലെ പള്ളിമുക്കം ഏലായിലാണ് സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ പെടുത്തി 1999-2000 ൽ 3,04,757 /-രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിച്ചത്. 30 മീറ്റർ നീളത്തിലും 15 മീറ്റർ വീതിയിലും ചാലിന്റെ ആഴം കൂട്ടുക, മോട്ടോർ തറ നിർമ്മാണം, ജലനിർഗമനത്തിന് കോൺക്രീറ്റ് പണികൾ, 10 കുതിര ശക്തിയുള്ള മോട്ടോർ സ്ഥാപിക്കുക എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നു. ഇതിൽ ചാലിന്റെ ആഴംകൂട്ടൽ മാത്രമാണ് ഭാഗികമായി നടത്തിയത്. ആഴം കൂട്ടിയപ്പോൾ 998.68 എം3 ചെളിയും ലഭിച്ചിരുന്നു. ഇത് എന്തു ചെയ്തു വെന്ന് വ്യക്തമല്ല. മൂല്യ നിർണ്ണയപ്രകാരം ചാൽ ആഴം കൂട്ടിയതിന് കൺവീനർക്ക് അർഹമായത് 47,999/- രൂപയാണ്. പണിക്ക് 80,699/- രൂപ മുൻകൂർ നൽകിയിരുന്നു. അധികം നൽകിയ 32,700/- രൂപ | നൂറനാട് ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 26/4/2010 ലെ 12-ാം നമ്പർ തീരുമാന പ്രകാരം ഉത്തരവാദികളായ ശ്രീ. നേശമണി, കൃഷി ആഫീസർ, ശ്രീ. കെ. ആർ. അജിത്ത്, കുറ്റിവിള വീട്, പഴഞ്ഞി കോണം(കൺവീനർ) എന്നിവർക്ക് റവന്യൂ റിക്കവറി സംബന്ധിച്ചുള്ള അറിയിപ്പ് കാണിച്ച് 5/5/2010 ൽ കത്ത് നൽകുകയും സമയപരിധിയ്ക്കുള്ളിൽ തുക. അടയ്ക്കാത്ത സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് ഓൺ ലൈനായി രജി. നം. 2010/1629/4 തീയതി 8/6/2010 പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശചെയ്തിട്ടുള്ളതാണ്. പ്രസ്തുത നടപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ. ആർ. അജിത്ത് ചുവടെ ചേർത്തിരിക്കുന്നതിൻ പ്രകാരം തുക മാവേലിക്കര തഹസീൽദാർ ആഫീസിൽ അടച്ചിട്ടുണ്ട്.<br><br>1. ഡിഡിനം. 527910 തീയതി 27/9/2010 പ്രകാരം 9970/- രൂപ |

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | | | ക്രമീകരിച്ചതിന് തെളിവില്ല. അധികം നൽകിയ തുക ഉത്തരവാദിയായ വരിൽ നിന്നും ഈടാക്കണം. നെൽകൃഷി വികസനത്തിന് ഉതകുമായിരുന്ന പദ്ധതി കുറച്ച് മൺ പണിയിൽ അവസാനിപ്പിച്ചത് പദ്ധതിപ്പണം പാഴാക്കാനേ ഉപകരിച്ചിട്ടുള്ളൂ.പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതുമൂലം ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവും ലഭിച്ചില്ല. കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പദ്ധതി പൂർത്തീകരണത്തിന് സാധ്യത തേടേണ്ടതാണ്. ഏറ്റെടുക്കുന്ന പദ്ധതികൾ പൂർണ്ണമായും നടപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. | 2. ഡിഡി.നം.528596 തീയതി 16/12/2010, പ്രകാരം 9970/- രൂപ<br><br>3. ഡിഡി നം. 242617 തീയതി 7/9/2011 പ്രകാരം 4970/- രൂപ<br><br>നാളിതുവരെ ആകെ 24910/- രൂപ പഞ്ചായത്ത് ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>ഇനി 7790/- രൂപ ബാക്കി നിൽക്കുന്നുണ്ട്. |

## ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - സമാഹൃത റിപ്പോർട്ട് വർഷം- 2006-07

### കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|
| 1 | 2006-07 | 3-29-1 | | | 2002-03 ലെ പദ്ധതികൾ ഒന്നും നടപ്പിലാക്കാതെ പദ്ധതി പണം പാഴാക്കിയതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ യിൽ നിന്നും പണം ചെലവഴിക്കാതിരുന്നതിന് വിശദീകരണം വാങ്ങി ആഡിറ്റിനെ അറിയിക്കുകയും മേൽ നടപടിക്കായി ഒരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണെന്ന് 2002-03 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ പുനരഭിപ്രായക്കുറിപ്പിൽ നിർദ്ദേശിച്ചിരുന്നു. പുനരഭിപ്രായക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ വിഷയം ആവശ്യമായ നടപടികൾക്കായി ഗ്രാമവികസന വകുപ്പ് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറുടെ ശ്രദ്ധയിൽ പെടുത്തുകയും ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 27/04/2011-ലെ ഉത്തരവ് നമ്പർ 28963/എസ്റ്റാ.എ 2/10/സി.ആർ.ഡി പ്രകാരം വി.ഇ.ഒ ശ്രീ. വിരാജ്തമ്പുരാനെതിരായ അച്ചടക്ക നടപടികൾ "ശക്തമായ താക്കീത്" നൽകി അന്തിമ തീർപ്പ് കൽപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. 14/01/2002-മുതൽ 30/06/2003 വരെ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയ 10,58,050/- രൂപയിൽ യാതൊരു ചെലവും വരുത്താതെ മുഴുവൻ തുകയും പഞ്ചായത്തിന് നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥന് താക്കീതു |

| | | | | |
|---|---|---|---|---|
| | | | | മാത്രം നൽകി അച്ചടക്ക നടപടി തീർപ്പാക്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടി തൃപ്തികരമായി തോന്നാത്തതിനാൽ ശിക്ഷണ നടപടി പുന:പരിശോധിക്കുന്നതിലേക്കായി ബന്ധപ്പെട്ട ഫയൽ സർക്കാരിൽ ലഭ്യമാക്കാൻ 28/03/2012-ലെ കത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം , നൽകിയിരുന്നു. തുടർന്ന് 23/08/2012-ൽ ഓർമ്മക്കുറിപ്പും അയച്ചു. തുടർ ന്ന് ഗ്രാമവികസന കമ്മീഷണർ നൽകിയ കത്തിൽ ഫയൽ 30/04/2012-ൽ സർക്കാരിന് നൽകിയതായും ഫയൽ കൈപ്പറ്റിയതായി ടി ഫയലിന്റെ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തി തന്നിട്ടുണ്ടെന്നും അറിയിച്ചു. ഹാജരാക്കിയ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തപ്പെട്ട ഒപ്പ് ആരുടേതെന്നോ, ഏത്തു സെക്ഷനിലേതെന്നോ വ്യക്തമല്ല. ആയതിനാൽ ഫയൽ എത്തിച്ച വ്യക്തിയോട് ഏതു സെക്ഷനിൽ ഫയൽ എത്തിച്ച എന്ന കാര്യം അന്വേഷിച്ച് ഉറപ്പു വരുത്തി ബന്ധപ്പെട്ട ഫയൽ ഈ വകുപ്പിൽ ലഭ്യമാക്കുവാൻ 09/10/2012-ലെ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെ യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല. തുടർന്ന് ടിയാനെതിരെ സർക്കാർ തലത്തിൽ നടപടിയെടുക്കാൻ തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പിനോട് 31/01/2013-ലെ അനൗദ്യോഗിക കുറിപ്പ് മുഖേന ആവശ്യപ്പെട്ടിരുന്നു. തുടർന്ന് തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പിന്റെ 13/03/2013-ലെ കത്തു പ്രകാരം ശ്രീ. വിരാജ്തമ്പുരാനെതിരെ ഗ്രാമവികസന കമ്മീഷണർ സ്വീകരിച്ച നടപടി റദ്ദ് ചെയ്യുവാനും ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി എടുക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണത്തിന് ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. സർക്കാർ നിർദ്ദേശാനുസരണം |

| | | | | |
|---|---|---|---|---|
| | | | | ഗ്രാമവികസന കമ്മീഷണർ 25/04/2013-ലെ 3440/EsttA2/CRD നമ്പർ ഉത്തരവ് പ്രകാരം ശ്രീ. വിരാജ്തമ്പുരാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ ഗ്രാമവികസന കമ്മീഷണറുടെ 27/04/2011-ലെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

C. VALSALA
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat, Tvpm.

**പാലമേൽ ഗ്രാമപഞ്ചായത്ത്. സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2006-07 | 3.30.1 | | ആഡിറ്റ് പരാമർശം 23/4/2010 ലെ പഞ്ചായത്ത് കമ്മറ്റി പരിഗണിക്കുകയും കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന കർഷകർക്കാണ് ആനുകൂല്യം നൽകിയതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. സജീവ് ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിലും നിർവഹണ നടപടിക്ക് സാധൂകരണം നൽകണമെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എന്നാൽ നളിതുവരെയും നിർവഹണ നടപടികൾ സാധൂകരിക്കുന്നതിനുള്ള രേഖകളൊന്നും ടിയാൻ സമർപ്പിക്കാത്തതിനാൽ 1/12/2011 ലെ പഞ്ചായത്ത് യോഗം 23/4/2011 ലെ തീരുമാനം പുനഃപരിശോധിക്കുകയും അതു നിയമാനുസൃതമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ റദ്ദ് ചെയ്യുകയും തടസ്സപ്പെടുത്തിയ 1,72,000/- രൂപ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിനെ തുടർന്ന് നിർവഹണ ഉദ്യോഗസ്ഥനായ ശ്രീ. സജീവിന് ഗ്രാമപഞ്ചായത്തിൽ നിന്നും തുക അടയ്ക്കുന്നതിനായി രജിസ്ട്രേഡ് നോട്ടീസ് അയക്കുകയും. നോട്ടീസ് കാലാവധി കഴിഞ്ഞതിനാൽ റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നതിനായി ജില്ലാ കളക്ടർക്ക് 12/01/2012 ൽ നിശ്ചിത ഫോമിൽ ആർ.ആർ. റിക്വിസിഷൻ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | |
| | | | | 8/ 6/2010 ലെ പഞ്ചായത്ത് കമ്മറ്റി ആഡിറ്റ് പരാമർശം പരിഗണിച്ചു .നിർവഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. എസ്. ബാബു 2000–01, 2001–02 വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ചെലവാക്കിയ 366005 രൂപ സംബന്ധിച്ച എല്ലാ രേഖകളും കമ്മറ്റിയിൽ ഹാജരാക്കുകയും ആയത് കമ്മറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രൊജക്ടിൻ മേലുള്ള ആഡിറ്റ് നടപടികൾ അവസാനിപ്പിച്ച് പരാമർശം ഒഴിവാക്കണമെന്നുള്ള പഞ്ചായത്ത് കമ്മറ്റിയുടെ ശുപാർശ പ്രകാരം ആലപ്പുഴ എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിൽ നിന്നും നടത്തിയ പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 12/8/2011 ലെ എൽ.എഫ്.പി9 –735/11 നമ്പർ പുനരഭിപ്രായ റിപ്പോർട്ട് പ്രകാരം സമാഹൃത റിപ്പോർട്ടിനിടയാക്കിയ ഖണ്ഡിക 2.15 പരാമർശം ഒഴിവാക്കുകയുണ്ടായി. തുടർന്ന് ലോക്കൽ ഫണ്ട് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 6–01–2012 ൽ പുറപ്പെടുവിച്ച എൽ.എഫ്.പി9 –735/11 നമ്പർ ശുദ്ധിപത്രത്തിൽ " സമാഹൃത റിപ്പോർട്ടിൽ പരാമർശമുള്ള ഖണ്ഡികയായതിനാൽ നിയമസഭാ സമിതിയുടെ അംഗീകാരത്തിന് വിധേയമായി തടസ്സം ഒഴിവാക്കുന്നതാണ് " എന്ന് തിരുത്തൽ വരുത്തിയിട്ടുണ്ട്. എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടറുടെ പ്രാദേശിക പരിശോധനയിൽ അപാകതകൾ കണ്ടെത്താത്ത സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കണമെന്ന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയോട് അഭ്യർത്ഥിച്ചുള്ള ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനവും ഉള്ളടക്കം ചെയ്യുന്നു. (Res.No. VI/75/2012. 11/05/2012) |

KRUPANANDAN K.R.
Joint Secretary to Govt.
Local Self Govt. Dept.
Govt. Secretariat
Thiruvananthapuram

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.